15 –ാം കേരള നിയമസഭ

5 –ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390 **28-06-2022 - ൽ മറുപടിയ്ക്ക്**

ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട്

ചോദ്യം		ഉത്തരം	
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ		**ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)**	
(എ)	തോട്ടണ്ടി വാങ്ങിയതിൽ കാപെക്സ് അഴിമതി നടത്തിയതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?	(എ)	തോട്ടണ്ടി വാങ്ങിയതിൽ കാപെക്സ് അഴിമതി നടത്തിയതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (CAPEX) യിൽ ധനകാര്യ പരിശോധനാ (എൻ.റ്റി-എ) വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട്

കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (CAPEX) യിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നുവരുന്നതായി ചൂണ്ടിക്കാട്ടിക്കൊണ്ട് നിരവധി പരാതികൾ (Exbt-1) ധനകാര്യ പരിശോധനാ വിഭാഗത്തിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2021 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെ വിവിധ തീയതികളിൽ ധനകാര്യ പരിശോധനാ എൻ.റ്റി - എ വിഭാഗം CAPEX ന്റെ കൊല്ലത്തെ ഹെഡ് ഓഫീസിലും, ഫാക്ടറികളിലും പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ ഭാഗമായി വയനാട് ജില്ലയിലെ എടവക വില്ലേജ് ഓഫീസ്, എടവക പഞ്ചായത്ത് കാര്യാലയം, ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ്, അമരവിള മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ്, ചരക്ക് സേവന നികുതി (GST) വകുപ്പിന്റെ ആസ്ഥാന കാര്യാലയം എന്നീ ഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പരിശോധനയിൽ കാപ്പെക്സിന്റെ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. പരാതികളിലെ പ്രധാന ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

- ഗുരുതരമായ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ CAPEX മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ. രാജേഷിനെ സസ്പെൻഡ് ചെയ്ത തീയതി (29-05-2019) മുതൽ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുക.
- ടിയാന് ഉപജീവനബത്ത നൽകുവാനുള്ള തീരുമാനം പിൻവലിക്കുകയും, അഴിമതിക്കും പദവി ദുരുപയോഗം നടത്തിയതിനും ശ്രീ. രാജേഷിനെതിരെ വിജിലൻസ് അന്വേഷണം നടത്തുക.
- 2018, 2019 എന്നീ വർഷങ്ങളിൽ കർഷകരിൽ നിന്ന് നേരിട്ട് തോട്ടണ്ടി (വാങ്ങണമെന്ന) സംഭരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ മറവിൽ മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷ് നടത്തിയ ഗുരുതരമായ ക്രമക്കേടുകൾ മൂലം CAPEX ന് വൻ സാമ്പത്തിക നഷ്ടം സംഭവിച്ചു.

കണ്ടെത്തലുകൾ

1. CAPEX മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ.രാജേഷ് സസ്പെൻഷൻ കാലയളവിൽ ക്രമവിരുദ്ധമായി ഉപജീവനബത്ത കൈപ്പറ്റിയത് സംബന്ധിച്ച്:-

കേരളത്തിലെ നാടൻ തോട്ടണ്ടിയുടെ സംഭരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വില നിർണ്ണയ സമിതി നിശ്ചയിച്ച സംഭരണ വിലയെക്കാൾ ഉയർന്ന നിരക്കിൽ തോട്ടണ്ടി സംഭരിച്ചതിനും കൂടാതെ കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിന പകരം ഒരു PWD കോൺട്രാക്ടറിൽ നിന്നും തോട്ടണ്ടി വാങ്ങിയതിനും കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ.രാജേഷിനെ 29.05.2019 - ലെ സ.ഉ(സാധാ) 437/19/വ്യ.വ. പ്രകാരം അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു (Exhibit-2). 03-09-2019 ലെ സ.ഉ(സാധാ)നം.860/2019/വ്യവ പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി

ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ. എ.അജിത് കുമാറിനെ നിയമിക്കുകയും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സസ്പെൻഷൻ തീയതി മുതൽ ഉപജീവനബത്ത അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ആർ.രാജേഷ് 18.06.2019-ൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ. ആർ.രാജേഷിനെതിരെയുള്ള അച്ചടക്ക നടപടികളും ശിക്ഷാനടപടികളും ഭരണ വകുപ്പിന് തീരുമാനിക്കാമെന്നുള്ള ധനവകുപ്പിന്റെ അഭിപ്രായത്തിന്റെയും കുറ്റാരോപിതനെ ദീർഘകാലം സസ്പെൻഷനിൽ നിർത്താതെ ടിയാന് ബാധകമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അച്ചടക്കനടപടികൾ തീർപ്പാക്കേണ്ടതാണെന്നും, എന്ത് ശിക്ഷ നൽകണമെന്ന കാര്യത്തിൽ ഭരണ വകുപ്പിന് തീരുമാനമെടുക്കാമെന്നുള്ള നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 23.12.2020 - ലെ സ.ഉ (സാധാ) നം. 1101/20/വ്യവ പ്രകാരം ശ്രീ. ആർ.രാജേഷിന് സസ്പെൻഷനിലായ തീയതി മുതൽ കെ.എസ്.ആർ. വ്യവസ്ഥകൾക്ക് വിധേയമായി ഉപജീവനബത്ത അനുവദിച്ച് ഉത്തരവായിരുന്നു (Ext-3). തുടർന്ന് സർക്കാർ ഉത്തരവ് നം. 136/2021/വ്യവ. തീയതി 02.02.2021 പ്രകാരം ടിയാനെ അച്ചടക്ക നടപടിക്കു വിധേയമായി കാപ്പെക്സ് എം.ഡി. യായി നിയമനം നൽകുകയും ചെയ്തു. കാപ്പെക്സിലെ പരിശോധനയുടെ ഭാഗമായി 23-12-2020 ലെ സ.ഉ (സാധാ) നം.1101/20/വ്യവ - മായി ബന്ധപ്പെട്ട തീർപ്പ് ഫയൽ ലഭ്യമാക്കുന്നതിന് ധനകാര്യ പരിശോധനാ വിഭാഗം ഭരണ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത ഫയൽ ബഹു. മുഖ്യമന്ത്രിയുടെ പരിഗണനയിലാണെന്ന വിവരമാണ് ഭരണ വകുപ്പിൽ നിന്നും അറിയിച്ചിട്ടുള്ളത് (Ext-4). അനൗദ്യോഗികക്കുറിപ്പ് മുഖേന ടി ഫയലിന്റെ നമ്പർ അടക്കമുള്ള വിവരങ്ങൾ ആരാഞ്ഞുവെങ്കിലും ഭരണവകുപ്പിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല (Ext-5). പ്രസ്തുത ഫയൽ ലഭ്യമാകാത്തതിനാൽ ഉപജീവനബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിദാനമായ സാഹചര്യം പരിശോധിക്കുന്നതിന് ധനകാര്യ പരിശോധനാ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

കാപ്പെക്സിൽ സേവന വേതനത്തിന് കെ.എസ്.ആർ ആണ് തുടർന്നു വരുന്നതെന്ന് മാനേജിംഗ് ഡയറക്ടർ അന്വേഷണക്കുറിപ്പിനുള്ള മറുപടിയായി വ്യക്തമാക്കിയിട്ടുണ്ട് (Ext-6). 23-12-2020 ലെ സ.ഉ(സാധാ) നം. 1101/20/വ്യ.വ. - ൽ പരാമർശിച്ച പ്രകാരം KSR Part - I, ചട്ടം (55) പ്രകാരമുള്ള നിരക്കിലാണ് ശ്രീ. ആർ.രാജേഷിന് ഉപജീവനബത്ത അനുവദിച്ചു നൽകേണ്ടിയിരുന്നത്. എന്നാൽ ടിയാന് 01.06.2019 മുതൽ 31.01.2021 വരെയുള്ള കാലയളവിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉപജീവനബത്തയായി 17,18,626/- രൂപ (പതിനേഴ് ലക്ഷത്തി പതിനെട്ടായിരത്തി അറുന്നൂറ്റിയിരുപത്തിയാറു രൂപ) അനുവദിച്ചു നൽകി (Ext-7). ഇപ്രകാരം കെ.എസ്.ആർ - ന് വിരുദ്ധമായി ടിയാന് തെറ്റായ നിരക്കിൽ ഉയർന്ന തുക ഉപജീവനബത്തയായി അനുവദിച്ചു നൽകിയതിന് കാരണക്കാരായ ശ്രീ. സജീവകുമാർ.കെ - ഓഫീസർ അക്കൗണ്ട്സ്, ശ്രീ.പി.സന്തോഷ് കുമാർ - കൊമേഴ്സ്യൽ മാനേജർ, ശ്രീ. ആർ.രാജേഷ് - മാനേജിംഗ് ഡയറക്ടർ എന്നിവരിൽ നിന്നും ധനകാര്യ പരിശോധനാ വിഭാഗം വിശദീകരണം ആരായുകയുണ്ടായി. എന്നാൽ ശ്രീ.സജീവകുമാർ.കെ, ശ്രീ.പി.സന്തോഷ് കുമാർ എന്നിവരുടെ വിശദീകരണം ധനകാര്യ പരിശോധനാ വിഭാഗത്തിന് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല.

സസ്പെൻഷൻ കഴിഞ്ഞ് തിരികെ സർവ്വീസിൽ പ്രവേശിച്ച 03.02.2021 - ാം തീയതിയിൽ ശ്രീ. ആർ.രാജേഷ് തന്നെയാണ് തന്റെ സസ്പെൻഷൻ കാലയളവിലുള്ള ഉപജീവനബത്ത സ്വയം അനുവദിച്ചുകൊണ്ട് ഫയലിൽ ഉത്തരവ് നൽകിയിട്ടുള്ളത് (Ext-12 A). കൂടാതെ ശ്രീ. ആർ.രാജേഷ് കാപ്പെക്സിലേയ്ക്ക് അടയ്ക്കുവാനുള്ള അഡ്വാൻസ് തുകയായ 4,05,472/- രൂപയിൽ 56,996/- രൂപ കുറച്ച് 3,48,476/- രൂപ മാത്രം തിരിച്ചടയ്ക്കുന്നതിന് ടിയാൻ തന്നെ ഫയലിൽ ഉത്തരവ് നൽകി. മേൽ സൂചിപ്പിച്ച വീഴ്ചയ്ക്ക് മാനേജിംഗ് ഡയറക്ടറായ ശ്രീ.രാജേഷിന്റെ വിശദീകരണം ആരായുകയുണ്ടായി. മേൽ

സൂചിപ്പിച്ച വീഴ്ചകൾക്ക് ശ്രീ. ആർ.രാജേഷ് നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു (Ext-8).

ശ്രീ.ആർ. രാജേഷിന്റെ വിശദീകരണം:-

"23-12-2020 ലെ സ.ഉ(സാധാ)നം.1101/2020/വ്യവ. നമ്പർ ഉത്തരവ് പ്രകാരമാണ് എനിക്ക് ഉപജീവനബത്ത അനുവദിച്ച് ഉത്തരവായിട്ടുള്ളത്. തുടർന്ന് 02.02.2021 - ലെ സ.ഉ(സാധാ)നം 136/2021/വ്യവ. ഉത്തരവ് പ്രകാരം എന്നെ സർവ്വീസിൽ തിരികെ പ്രവേശിക്കാൻ ഉത്തരവ് ആയിട്ടുള്ളതും അപ്രകാരം 03.02.2021 മുതൽ ഞാൻ നിലവിലെ തസ്തികയിൽ ജോലിയിൽ പുനഃപ്രവേശിച്ച് തുടർന്ന് വരുന്നതുമാണ്. കാപ്പെക്സിലേക്ക് തിരിച്ചടക്കുവാനുള്ള 56,996/- രൂപയിൽ 46,616/- രൂപ ഇതിനോടകം തന്നെ തിരിച്ചടച്ചിട്ടുള്ളതാകുന്നു. പി.എഫ്-ന്റെ പിഴപ്പലിശ അടയ്ക്കേണ്ട 10,380/- രൂപ യഥാസമയം ബന്ധപ്പെട്ട ഏജൻസിക്ക് അടയ്ക്കാനും ടി തുക ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണം.

കാപ്പെക്സിലും കശുവണ്ടി സഹോദര സ്ഥാപനമായ കേരളാ കശുവണ്ടി വികസന കോർപ്പറേഷനിലും ആയതുപോലെ Autocast പോലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും സസ്പെൻഷനിൽ ഉള്ള ഉദ്യോഗസ്ഥർക്ക് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് പ്രകാരമുള്ള ഉപജീവന ബത്തയാണ് അനുവദിച്ചു നൽകി വരുന്നത്. കാപ്പെക്സിൽ തന്നെ വിജിലൻസ് കേസിൽപ്പെട്ട സസ്പെൻഷനിലായ ഒരു ഉയർന്ന ഉദ്യോഗസ്ഥനു കഴിഞ്ഞ 9 മാസം സസ്പെൻഷനിൽ തുടർന്നപ്പോൾ മേൽപ്പട സബ്സിസ്റ്റൻസ് അലവൻസ് ആക്ട് പ്രകാരമുള്ള ഉപജീവനബത്തയാണ് നൽകിയിരുന്നത്. ടി കാലയളവിലെ പേയ്മെന്റ് സംബന്ധിച്ച് എല്ലാ ഫയലുകളും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിൽ ത്രിവർഷ (2016-2019) പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. എന്നാൽ മേപ്പടി പേയ്മെന്റുകളൊന്നും ക്രമവിരുദ്ധമാണെന്ന് സൂചിപ്പിച്ചിട്ടില്ലാത്തതുമാകുന്നു. IAS ഉദ്യോഗസ്ഥൻമാർ കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടറുടെ ചാർജ്ജ് വഹിച്ചിരുന്ന കാലഘട്ടത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കാപ്പെക്സിൽ ജോലി ചെയ്തു വന്നിരുന്ന ജീവനക്കാർ സസ്പെൻഷനിൽ ആകുന്ന വേളയിലും സബ്സിസ്റ്റൻസ് ആക്ട് പ്രകാരമാണ് ഉപജീവനബത്ത നൽകിയിരുന്നത്.

എന്റെ സസ്പെൻഷൻ KSR നിയമ പ്രകാരമാണ് നടത്തിയിരുന്നുവെങ്കിൽ പ്രസ്തുത സസ്പെൻഷൻ 20 മാസം വരെ നീട്ടി കൊണ്ടുപോകാതെ 4 മാസം കഴിഞ്ഞു പുനഃപരിശോധിക്കേണ്ടതും ആയതുപോലെ സസ്പെൻഷൻ തീയതി മുതൽ 6 മാസത്തിനകം എന്റെ സസ്പെൻഷൻ പിൻവലിക്കേണ്ടതുമായിരുന്നു. ആയതുപോലെ 20.12.2010 - ലെ വ്യവസായ വകുപ്പിന്റെ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ലീവ്, വൈദ്യ സഹായം, Contributory Provident Fund & വിരമിക്കൽ ആനുകൂല്യം എന്നിവ കാപ്പെക്സിന്റെ norms -ൽ ഉൾപ്പെടുത്തിയതിൽ നിന്നും എന്റെ സേവന വ്യവസ്ഥകൾ കാപ്പെക്സിന്റെ norms - ന് വിധേയമായിട്ടാണെന്ന് മനസ്സിലാക്കാവുന്നതാണ്. കാപ്പെക്സിൽ ഞാൻ എം.ഡി ആയിരുന്ന കാലഘട്ടത്തിൽ അഡ്വാൻസായി കൈപ്പറ്റിയ മുഴുവൻ തുകയും എന്റെ ഉപജീവനബത്തയിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതാണ്. അന്വേഷണക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള 56,996/- രൂപയിൽ 46,616/- രൂപ ലീവ് സറണ്ടർ സാലറിയാണ്. സാങ്കേതിക പിഴവ് മൂലമാണ് ഇങ്ങനെ ഒരു ലീവ് സറണ്ടർ മാറേണ്ടി വന്നത്. ടി തുക പൂർണ്ണമായും 12.04.2021 - ൽ കാപ്പെക്സിന്റെ 314 രസീതും പ്രകാരം ഞാൻ മടക്കി അടച്ചിട്ടുള്ളതാണ്.

മേൽ സ്ലിപ്പ് - ൽ സൂചിപ്പിച്ചിട്ടുള്ള 46,616/- രൂപ ഒഴികെയുള്ള 10,380/- രൂപ പിഴപ്പലിശ സംബന്ധിച്ചിട്ടുള്ളതാണ്. ഈ തുക എന്റെ ബാദ്ധ്യതയിൽ ഉൾപ്പെടുന്നതല്ല. ഇ.പി.എഫ് വിഹിതത്തിൽ അടയ്ക്കുന്നതിനുള്ള കോൺട്രിബ്യൂഷൻ എല്ലാ മാസവും കൃത്യമായി എന്റെ ശമ്പളത്തിൽ

നിന്നും കുറവ് ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത തുക ഇ.പി.എഫ് ആഫീസിൽ യഥാസമയം അടയ്ക്കാതെ കാപ്പെക്സിൽ തന്നെ സൂക്ഷിച്ചതിന്റെ ഉത്തരവാദികൾ ബന്ധപ്പെട്ട ഇ.പി.എഫ് സെക്ഷൻ കൈകാര്യം ചെയ്യുന്ന മറ്റ് ഉദ്യോഗസ്ഥരാണ്. ഇ.പി.എഫ് ഓഫീസിൽ യഥാസമയം പ്രസ്തുത കോൺട്രിബ്യൂഷൻ അടയ്ക്കാതിരുന്ന ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി ഈ തുക നിശ്ചയിച്ച് ഇവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കണം. കാപ്പെക്സിൽ കഴിഞ്ഞ 37 വർഷങ്ങളായി തുടർന്നുവരുന്ന കീഴ് വഴക്കങ്ങളുടെ ഭാഗമായിട്ടാണ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് പ്രകാരമുള്ള ഉപജീവനബത്ത അനുവദിക്കുന്നതിനു ശ്രീ.സജീവകുമാർ.കെ, അക്കൗണ്ട്സ് ഓഫീസർ, ശ്രീ.പി.സന്തോഷ് കുമാർ, കൊമേഴ്സ്യൽ മാനേജർ എന്നിവർ ഈ ഫയൽ കൈകാര്യം ചെയ്തത്. ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് ടി പേയ്മെന്റുമായി യാതൊരു ബന്ധവുമില്ല."

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അഭിപ്രായം:-

മേൽ വിഷയം സംബന്ധിച്ച് ശ്രീ. ആർ.രാജേഷ് നൽകിയ വിശദീകരണം അംഗീകരിക്കാവുന്നതല്ലെന്ന് ചുവടെ കൊടുത്ത വസ്തുതകൾ വ്യക്തമാക്കുന്നു. 31/12/2007 - ലെ G.O(Rt)No. 1627/07/ID പ്രകാരമാണ് ശ്രീ. ആർ.രാജേഷിന് കാപ്പെക്സിലെ എം.ഡി യായി 13600-20700 ശമ്പള സ്കെയിലിൽ നിയമിച്ചത്. 20.12.2010 - ലെ G.O(Rt)No. 1729/10/ID പ്രകാരം ടിയാന്റെ നിയമനത്തിനുള്ള ടേംസ് & കണ്ടീഷൻസ് തീരുമാനിച്ച് കൊണ്ട് ഉത്തരവായിരുന്നു (Ext-9). പ്രസ്തുത ഉത്തരവിൽ ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങളാണ് ശ്രീ. ആർ.രാജേഷിന് അനുവദിച്ചിട്ടുള്ളത്.

i. HRA at State Government Rate

ii. TA/DA admissible to State Government Employees

iii. Contributory PF, Medical Facilities, Surrender of Earned Leave and terminal benefits as per the norms in force in Capex.

എന്നാൽ ടിയാന്റെ നിയമനത്തിന് കെ.എസ്.ആർ ബാധകമാക്കിക്കൊണ്ട് ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. കാപ്പെക്സിൽ സേവന വേതനത്തിന് കെ.എസ്.ആർ ആണ് തുടർന്നു വരുന്നതെന്ന് മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. കാപ്പെക്സിലും കേരളാ കശുവണ്ടി വികസന കോർപ്പറേഷനിലും സസ്പെൻഷനിൽ ഉള്ള ഉദ്യോഗസ്ഥർക്ക് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് പ്രകാരമുള്ള ഉപജീവന ബത്തയാണ് അനുവദിച്ചു നൽകി വരുന്നതെന്നും കാപ്പെക്സിൽ തുടർന്നുവരുന്ന കീഴ് വഴക്കങ്ങളുടെ ഭാഗമായിട്ടാണ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട് പ്രകാരമുള്ള ഉപജീവനബത്ത അനുവദിച്ചതെന്നുമുള്ള ടിയാന്റെ വിശദീകരണം അംഗീകരിക്കാവുന്നതല്ല.

ശ്രീ. ആർ.രാജേഷിന് സസ്പെൻഷനിലായ തീയതി മുതൽ കെ.എസ്.ആർ - ലെ വ്യവസ്ഥകൾക്ക് വിധേയമായി ഉപജീവനബത്ത അനുവദിച്ച് നൽകുന്നതിനാണ് സർക്കാർ ഉത്തരവായിരുന്നത്. കെ.എസ്.ആർ, Part-I, ചട്ടം (55) പ്രകാരം **"Subsistence Allowance at an amount equal to the leave salary which the officer would have drawn had he been on leave on half pay on the date of suspension, but the benefit of any increase in pay due to increment falling due during the period of suspension will not be admissible during the period"** എന്ന് വ്യക്തമാക്കിയിട്ടുണ്ട് (Ext-10). എന്നാൽ പ്രസ്തുത റൂളിന് വിരുദ്ധമായി സസ്പെൻഷൻ തീയതിയ്ക്ക് ശേഷമുള്ള 3 മാസം (2019 ജൂൺ മുതൽ ആഗസ്റ്റ് വരെ) ബേസിക് പേയും ഡി.എ-യും ചേർത്തുള്ള തുകയുടെ 50% വും തുടർന്നുള്ള മൂന്ന് മാസം (2019 സെപ്തംബർ മുതൽ നവംബർ വരെ) ബേസിക് പേയും ഡി.എ-യും ചേർത്തുള്ള തുകയുടെ 75% വും തുടർന്നുള്ള 14 മാസം (2019

ഡിസംബർ മുതൽ 2021 ജനുവരി വരെ) ബേസിക് പേയും ഡി.എ-യും ചേർത്തുള്ള മുഴുവൻ തുകയുമാണ് ഉപജീവനബത്തയായി ടിയാൻ സ്വയം അനുവദിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം ആകെ 17,18,626/- രൂപയാണ് (പതിനേഴ് ലക്ഷത്തി പതിനെട്ടായിരത്തി അറുനൂറ്റിയിരുപത്തിയാറു രൂപ) ഉപജീവനബത്തയിനത്തിൽ ശ്രീ. ആർ.രാജേഷ് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ പ്രകാരമുള്ള Half Pay Leave Salary-യാണ് ടിയാന് ഉപജീവനബത്തയായി അനുവദിച്ചിരുന്നതെങ്കിൽ 10,10,300/- രൂപ (പത്തു ലക്ഷത്തി പതിനായിരത്തി മുന്നൂറു രൂപ) യാണ് കൈപ്പറ്റേണ്ടിയിരുന്നത്. അച്ചടക്ക നടപടികൾക്ക് വിധേയമായാണ് ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ ടിയാന് Half Pay Leave Salary മാത്രമാണ് അർഹതപ്പെട്ടിട്ടുള്ളത്. ഇപ്രകാരം കെ.എസ്.ആർ - ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി **7,08,326/- രൂപ (ഏഴു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റിയിരുപത്തിയാറു രൂപ)** [17,18,626 - 10,10,300 = 7,08,326] അധികമായി ശ്രീ. ആർ.രാജേഷിന് അനുവദിച്ച് നൽകിയിട്ടുണ്ട്. **വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം - I). ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ടിയാൻ കൈപ്പറ്റിയ ഡി.എ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ കാപ്പക്സിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.** ശ്രീ.സജീവകുമാർ.കെ, ശ്രീ.പി.സന്തോഷ് കുമാർ എന്നിവരുടെ വിശദീകരണം ധനകാര്യ പരിശോധനാ വിഭാഗത്തിന് ലഭ്യമാക്കിയിട്ടില്ല. ശ്രീ.സജീവകുമാർ.കെ കാപ്പെക്സിൽ നിന്നും വിരമിച്ചതിനു ശേഷവും ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി നേരിട്ട് ബോധ്യപ്പെടുകയുണ്ടായി. **ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ശ്രീ. ആർ.രാജേഷിന് ഉപജീവനബത്ത അനുവദിച്ചതിന് ഉത്തരവാദികളായ ശ്രീ.സജീവകുമാർ.കെ, അക്കൗണ്ട്സ് ഓഫീസർ-നെ കാപ്പെക്സിലെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും ശ്രീ.പി.സന്തോഷ് കുമാർ - കൊമേഴ്സ്യൽ മാനേജർ-നെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.**

സസ്പെൻഷനിൽ നിന്നിരുന്ന ശ്രീ. ആർ.രാജേഷിന്റെ ഉപജീവനബത്ത ജൂൺ 2019 മുതൽ 3 മാസം വരെ 50% വച്ചും പിന്നീടുള്ള 3 മാസം 75% വച്ചും ഡിസംബർ 2019 മുതൽ ഫുൾ സാലറിയും ഉൾപ്പെടെയുള്ള തുകയിൽ നിന്നും ടിയാൻ കാപ്പെക്സിൽ നിന്നും ശമ്പള അഡ്വാൻസ് എടുത്ത തുകയായ 2,68,316/- രൂപയും ടിയാന്റെ PF അടച്ചിട്ട് concerned PF സെക്ഷൻ ഉദ്യോഗസ്ഥൻ പിടിക്കാതെ വിട്ടുപോയ തുകയായ 80,160/- രൂപയും കൂടി ചേർത്ത് 3,48,476/- രൂപ ടിയാന്റെ ഉപജീവനബത്തയിൽ നിന്നും ടിയാന്റെ സമ്മതപ്രകാരം തിരിച്ചു പിടിച്ചതായും ടിയാന്റെ പക്കൽ തിരികെ പിടിക്കാൻ തുകയൊന്നും ഇല്ലായെന്നും ഡയറക്ടർ ബോർഡിനെ ബോധ്യപ്പെടുത്തിയത് 16/02/2021 - ലെ 09/20-21 ബോർഡ് മീറ്റിംഗ് അംഗീകരിച്ചിട്ടുണ്ട് (തീരുമാനം നം. 93) (Ext-11). എന്നാൽ ഡയറക്ടർ ബോർഡിലെ ധനകാര്യ വകുപ്പിന്റെ പ്രതിനിധി ജോയിന്റ് സെക്രട്ടറി ബി.പ്രതീപ് കുമാർ എം.ഡിക്കെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതിനാലും എക്സ്പ്ലോണറേറ്റ് ചെയ്യാത്തതിനാലും ഉപജീവനബത്ത മുഴുവനായി എടുക്കാൻ സാധിക്കുകയില്ലായെന്നും തിരിച്ചടയ്ക്കണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട് (Ext-11). ഉപജീവനബത്ത അനുവദിച്ച സർക്കാർ ഉത്തരവിൽ കെ.എസ്.ആർ പ്രകാരമാണെന്ന് വ്യക്തമാക്കിയിരിക്കെ ആയതിന് വിരുദ്ധമായി ഉപജീവനബത്ത ശ്രീ. ആർ.രാജേഷിന് അനുവദിച്ചു നൽകിയത് സംബന്ധിച്ച ബോർഡിന്റെ തീരുമാനം അംഗീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉപജീവനബത്ത സ്വയം അനുവദിച്ച് കൈപ്പറ്റിയ ശ്രീ.ആർ.രാജേഷിന്റെ നടപടിക്ക് സാധൂകരണം നൽകുവാനുള്ള അധികാരം കാപ്പെക്സ് ഡയറക്ടർ ബോർഡിന് ഇല്ലാ എന്നിരിക്കെ ശ്രീ.രാജേഷിന്റെ സസ്പെൻഷൻ പിൻവലിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ കെ.എസ്.ആർ-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഉപജീവനബത്ത അനുവദിച്ച് ഉത്തരവായിരുന്നത് എന്നതിനാൽ ആയതനുസരിച്ചുള്ള തുകയായിരുന്നു ടിയാന് അനുവദിച്ചു നൽകേണ്ടിയിരുന്നത്. 02.02.2021 - ലെ

സ.ഉ(സാധാ)നം. 136/21/വ്യവ പ്രകാരം ശ്രീ.ആർ.രാജേഷിന്റെ സസ്പെൻഷൻ കാലാവധി അവസാനിപ്പിച്ച് തിരികെ കാപ്പെക്സ് മാനേജിംഗ് ഡയറക്ടറായി നിയമിച്ച കൊണ്ട് ഉത്തരവായിട്ടുണ്ട് (Ext-12). ശ്രീ. ആർ.രാജേഷിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലെ തുടർ പരിശോധനയിലും പരാമർശവിധേയമായ തോട്ടണ്ടി ഇടപാടിലും സർക്കാരിന് നഷ്ടമോ/വീഴ്ചയോ തുടരന്വേഷണത്തിൽ തെളിയുന്ന പക്ഷം ആയത് ഉത്തരവാദികളിൽ നിന്നും വസൂലാക്കുന്നതിനുള്ള നടപടികളും ക്രിമിനൽ ചട്ട പ്രകാരമുള്ള മറ്റ് നിയമാനുസൃത നടപടികളും സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥയോടെയാണ് ടിയാന് പുനർ നിയമനം നൽകിയിട്ടുള്ളത്. **എന്നാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഇതുവരെയും ഭരണ വകുപ്പ് തീർപ്പാക്കിയിട്ടില്ല.** കൂടാതെ സസ്പെൻഷനിലായിരുന്ന ശ്രീ. ആർ.രാജേഷ് തന്നെയാണ് തന്റെ സസ്പെൻഷൻ കാലയളവിലുള്ള ഉപജീവനബത്ത തെറ്റായി അനുവദിച്ച് നൽകിയ ഫയലിൽ ഉത്തരവ് നൽകിയിട്ടുള്ളത് (Ext-12A). ശ്രീ. ആർ.രാജേഷിന്റെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനമാണ്.

മേൽ സാഹചര്യത്തിൽ 23.12.2020 - ലെ സ.ഉ(സാധാ)നം. 1101/20/വ്യവ ഉത്തരവിനും കെ.എസ്.ആർ-ലെ വ്യവസ്ഥകൾക്കും വിരുദ്ധമായി ഉപജീവനബത്തയിനത്തിൽ ശ്രീ. ആർ.രാജേഷ് അധികമായി കൈപ്പറ്റിയ 7,08,326/- രൂപയും (ഏഴു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റിയിരുപത്തിയാറു രൂപ) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഡി.എ കുടിശ്ശികയിനത്തിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുകയും കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം ടിയാന്റെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. ശ്രീ. ആർ.രാജേഷിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. 2018 - ൽ കർഷകരിൽ നിന്ന് നേരിട്ട് തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച്:-

എ) സർക്കാർ ഉത്തരവുകൾ

തോട്ടണ്ടിയുടെ ദൗർലഭ്യം മൂലം സർക്കാരിന് കീഴിലുള്ള കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സും നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി 2017 - ലെ അതേ രീതിയിൽ തുടർന്നും നാടൻ തോട്ടണ്ടികൾ സംഭരിക്കുന്നതിന്റെ ഭാഗമായി 17-03-2018 - ലെ സ.ഉ(സാധാ)നം.287/2018/വ്യവ (Ext-13) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/സർക്കാർ ഫാമുകൾ കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സും സംഭരിക്കുന്ന തോട്ടണ്ടികൾക്ക് നൽകേണ്ട വില നിർണ്ണയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു. 2018 സീസണിൽ സംഭരിക്കുന്ന തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിന് 17-04-2018 - ന് വില നിർണ്ണയ സമിതി യോഗം ചേരുകയും തോട്ടണ്ടി കിലോഗ്രാമിന് 138/- രൂപാ വില നിശ്ചയിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2018 - ലെ തോട്ടണ്ടി വിളവെടുപ്പ് സീസണിൽ കൃഷി, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും മറ്റിതര വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സും സംഭരിക്കുന്ന തോട്ടണ്ടിയുടെ പരമാവധി വില കിലോഗ്രാമിന് 138/- രൂപയായി നിശ്ചയിച്ച് സ.ഉ(സാധാ)നം. 566/2018/വ്യവ തീയതി 16-05-2018 (Ext-14) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ബി) കാപ്പെക്സ് ഡയറക്ടർ ബോർഡ് തീരുമാനങ്ങൾ സംബന്ധിച്ച്

ശ്രീ. ഷിബു.ടി.സി തെക്കും മറ്റത്തിൽ ഹൗസ്, മാനന്തവാടി എന്ന വ്യക്തി തന്റെ സ്വന്തമായുള്ളതും, പാട്ടത്തിനെടുത്തതുമായ 10 ഹെക്ടർ സ്ഥലത്ത് കഴുമാവ് കൃഷി ചെയ്യുന്ന വ്യക്തിയാണെന്നും, ഈ പ്രദേശത്ത് നിന്നും ലഭിക്കുന്ന 50-out turn ഉം, 175 count ഉം ഉള്ള 40 ലോഡോളം (400 മെട്രിക് ടൺ) നാടൻ പച്ച തോട്ടണ്ടി കാപ്പെക്സിന് കിലോഗ്രാമിന് 138/- രൂപ നിരക്കിൽ കൊല്ലത്ത് ഇറക്കി നൽകുവാനുദ്ദേശിക്കുന്നതായി കാണിച്ച് 10-05-2018 - ലെ കത്ത് പ്രകാരം (Ext-15) കാപ്പെക്സ് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. ശ്രീ. ഷിബു.ടി.സി - യുടെ 10-05-2018 - ലെ കത്ത് 11-05-2018 - ൽ കാപ്പെക്സിൽ ലഭിക്കുകയും (ഇ - മെയിൽ മുഖാന്തിരം) അന്നേദിവസം കൂടിയ 2/18-19 - ാം നമ്പർ ഡയറക്ടർ ബോർഡ് യോഗത്തിൽ ഉൾപ്പെടുത്തുകയും, കത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി 175 കൗണ്ട് എന്നത് 125 കൗണ്ടാക്കിയും കിലോഗ്രാമിന് 138/- രൂപ എന്നത് 138 രൂപാ + ജി.എസ്.ടി എന്നാക്കിയും ബോർഡ് യോഗത്തിൽ അവതരിപ്പിച്ചതിൻ (Ext-16) പ്രകാരം ചുവടെ പറയുന്ന രണ്ട് കാര്യങ്ങൾ പരിശോധിച്ച് ടി തോട്ടണ്ടി വാങ്ങുവാൻ എം.ഡി യെ ചുമതലപ്പെടുത്തി (തീരുമാനം നം. 22).

i. കർഷകന് 400 മെട്രിക് ടൺ തോട്ടണ്ടി നൽകുവാനുള്ള തോട്ടങ്ങൾ ടിയാന്റെ പക്കലോ, ടിയാൻ പാട്ടത്തിനെടുത്ത വകയിലോ ഉണ്ടോ എന്ന് വില്ലേജ് ഓഫീസർ/തഹസിൽദാർ/കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന അഫിഡവിറ്റ് രേഖാമൂലം വാങ്ങി ഉറപ്പ വരുത്തുക.

ii. ആർ.ബി.എസ് കട്ടിംഗ് ടെസ്റ്റ് നടത്തുന്ന ഏജൻസി ആയതിനാൽ ഉണക്കി കട്ടിംഗ് ടെസ്റ്റ് നടത്തുന്നതിന് പകരം പച്ചയ്ക്ക് കട്ട് ചെയ്യുമ്പോൾ 1 k.g തോട്ടണ്ടിക്ക് എന്ത് നഷ്ടം (രൂപയിൽ) വരും എന്ന് രേഖാമൂലം എഴുതി വാങ്ങിക്കുവാനും ടി നഷ്ടം ഒരു കിലോഗ്രാം തോട്ടണ്ടിയുടെ ഫാം ഗേറ്റ് പ്രൈസിൽ നിന്നും ഫാക്ടറി ഡെലിവറിയിലേക്കുള്ള അധികരിച്ച തുകയായ 4.50 രൂപയ്ക്ക് താഴെയാണെങ്കിൽ അംഗീകരിക്കുവാനും കരാറിലേർപ്പെടുവാനും എം.ഡിയെ ചുമതലപ്പെടുത്തി.

13-06-2019 - ൽ ചേർന്ന കാപ്പെക്സിന്റെ 3/18-19 ബോർഡ് മീറ്റിംഗിൽ തീരുമാനം നമ്പർ 40 ആയി താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. (Ext-17)

" മുൻ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം ശ്രീ.ഷിബു.റ്റി.സി, മാനന്തവാടി, വയനാട് എന്ന കർഷകനിൽ നിന്നും നാടൻ തോട്ടണ്ടി സർക്കാർ നിശ്ചയിച്ച വിലയായ 138/- രൂപ/kg വിലയിൽ വാങ്ങുന്നതിലേക്കായി ടിയാൻ കർഷകനാണെന്ന് തെളിയിക്കുന്ന രേഖ വില്ലേജ് ആഫീസർ എഴുതി നൽകിയത് കൂടാതെ, ടിയാൻ പാട്ടത്തിനെടുത്ത കൃഷി സ്ഥലങ്ങളുടെ കരാർ പത്രവും 19.05.2018 - ൽ കാപക്സിന് അയച്ചു നൽകി. ടിയാന്റെ ആവശ്യപ്രകാരം പച്ചയ്ക്ക് നാടൻ തോട്ടണ്ടിയുടെ കട്ടിംഗ് ടെസ്റ്റ് നടത്തണമെന്നുള്ളതുകൊണ്ട് കട്ടിംഗ് ടെസ്റ്റ് നടത്തുന്ന സർവ്വേയറായ R.B.S മാരിടൈം സർവ്വീസിനോട് കാപെക്സ് ആരായുകയും ആയത് പ്രകാരം R.B.S 16.05.18 - ൽ വിശദമായ റിപ്പോർട്ട് നൽകുയും ചെയ്തു. ഈ റിപ്പോർട്ട് പ്രകാരം പച്ചയ്ക്ക് കട്ടിംഗ് ടെസ്റ്റ് നടത്തിയാൽ 10% വെയ്സ്റ്റ്, കൂടാതെ 3 ഔട്ടേൺ കുറവും വരും എന്ന് അറിയിച്ചിട്ടുണ്ട്. ഉണക്കി കഴിയുമ്പോൾ ഇത് ഏകദേശം 12.36 രൂപയുടെ കുറവ് സംഭവിക്കും. ആയത് പ്രകാരം ടിയാന് 130/- രൂപ മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാൽ പച്ചയ്ക്ക് കട്ടിംഗ് ടെസ്റ്റ് നടത്തുവാൻ ആവുന്നതല്ലായെന്നും, കൂടാതെ ഒരു മാസത്തെ ക്രെഡിറ്റ് പീരിഡിൽ മാത്രമേ തോട്ടണ്ടി എടുക്കുവാൻ സാധിക്കൂ എന്നറിയിച്ച് 24.05.18 ന് ടിയാന് കത്ത് നൽകി. 30.05.2018 - ന് ടിയാൻ നൽകിയ മറുപടിയിൽ ടിയാൻ 11.05.2018 - ൽ ഡയറക്ടർ ബോർഡിന് നിവേദനം നൽകിയപ്പോൾ മുതൽ സംഭരിച്ച് സൂക്ഷിച്ച പച്ച

തോട്ടണ്ടിയാണിതെന്നും തീരുമാനങ്ങളെടുക്കുവാൻ വൈകിയതിനാൽ പച്ചക്ക് സൂക്ഷിച്ചാൽ കേട് വരുമെന്നുള്ളതിനാൽ ഉണക്കി സൂക്ഷിക്കുകയാണെന്നും ആയത് ഉണക്കിയതുമൂലം ഔട്ടേൺ 48 ഉം കൗണ്ട് 190 ഉം ആയിട്ടുണ്ടെന്നും ടിയാൻ അറിയിച്ചു. 30.05.2018 - ൽ ടിയാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവെക്കാൻ അറിയിച്ചുകൊണ്ട് കാപക്സിൽ നിന്നും കത്ത് നൽകി. എന്നാൽ ടിയാൻ കർഷകനായതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റും ഇ.എം.ഡി.യും നൽകുവാൻ സാധ്യമല്ലായെന്നറിയിച്ച് 31.05.2018 - ൽ കത്ത് നൽകി. മേൽ വിവരിച്ച വിഷയങ്ങൾ കാപ്പെക്സ് ചെയർമാൻ മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങളുമായി ചർച്ച ചെയ്യുകയും ടിയാന്റെ അപേക്ഷ സ്വീകരിച്ച് കരാറിൽ ഒപ്പ് വച്ച് 150 MT മുതൽ 400 MT വരെ തോട്ടണ്ടി ഇറക്കാൻ തീരുമാനിച്ചത് ഡയറക്ടർ ബോർഡിന്റെ അറിവിലേയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചത് ബോർഡ് യോഗം അംഗീകരിച്ചു. കൂടാതെ ടി കർഷകന്റെ പിതാവ് അസുഖമായി ആശുപത്രിയിൽ ആയതിനാലും തോരാതെ നിൽക്കുന്ന മഴയത്ത് ഉണക്ക തോട്ടണ്ടി കയറ്റുവാനുള്ള ബുദ്ധിമുട്ടും രേഖപ്പെടുത്തി ടിയാൻ 12.06.2018 തീയതിയിൽ ഇ-മെയിൽ മുഖേന 15 ദിവസത്തെ സമയം കൂടി നീട്ടി നൽകണമെന്ന് എം.ഡി.യ്ക്ക് സന്ദേശം അയച്ചത് ഡയറക്ടർ ബോർഡിൽ സമർപ്പിക്കുകയും ഡയറക്ടർ ബോർഡ് ടിയാന് തോട്ടണ്ടി ഇറക്കുവാൻ 15 ദിവസത്തെ സമയം കൂടി നീട്ടി നൽകുകയും ചെയ്തു."

സി) ഇക അനുവദിച്ചത് സംബന്ധിച്ച്

06-06-2018 മുതൽ 26-06-2018 വരെയുള്ള തീയതികളിൽ 22 ലോഡുകളിലായി കാപ്പക്സിന്റെ 10 ഫാക്ടറികളിലേക്ക് നൽകിയ 399161 കിലോഗ്രാം തോട്ടണ്ടിക്കായി ശ്രീ. ഷിബു.ടി.സിയുടെ തെക്കുമറ്റത്തിൽ ട്രേഡിംഗ് കമ്പനിയുടെ അക്കൗണ്ടിലേക്ക് 5,51,23,761/- രൂപാ (അഞ്ച് കോടി അൻപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി അറുപത്തി ഒന്ന്) കൈമാറി നൽകിയതായി മാനേജിംഗ് ഡയറക്ടർ ധനകാര്യ പരിശോധനാ വിഭാഗത്തെ അറിയിച്ചു (Ext-24).

ഡി) ശ്രീ. ഷിബു.ടി.സി തെക്കുംമറ്റത്തിൽ നിന്നും തോട്ടണ്ടി വാങ്ങിയതിൽ കാപ്പക്സ് മാനേജിംഗ് ഡയറക്ടറായ ശ്രീ.ആർ.രാജേഷിന്റെ ഭാഗത്ത് നിന്നുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച്.

I) ഡയറക്ടർ ബോർഡിനെ തെറ്റിദ്ധരിപ്പിച്ചത് സംബന്ധിച്ച്.

a) ശ്രീ. ഷിബു.ടി.സി, തെക്കും മറ്റത്തിൽ ഹൗസ്, മാനന്തവാടി എന്ന വ്യക്തി തന്റെ സ്വന്തമായുള്ളതും, പാട്ടത്തിനെടുത്തതുമായ 10 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്ന വ്യക്തിയാണെന്നും, ഈ പ്രദേശത്ത് നിന്നും ലഭിക്കുന്ന 50-out turn ഉം, 175 count ഉം ഉള്ള 40 ലോഡോളം (400 മെട്രിക് ടൺ) നാടൻ പച്ച തോട്ടണ്ടി കാപ്പെക്സിന് കിലോഗ്രാമിന് 138/- രൂപ നിരക്കിൽ കൊല്ലത്ത് ഇറക്കി നൽകുവാനുദ്ദേശിക്കുന്നതായി കാണിച്ച് 10-05-2018 - ലെ തീയതി രേഖപ്പെടുത്തിയ കത്ത് പ്രകാരം കാപ്പെക്സ് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. ശ്രീ. ഷിബു.ടി.സിയുടെ 10-05-2018 - ലെ കത്ത് 11-05-2018 - ൽ കാപ്പെക്സിൽ ലഭിക്കുകയും (ഇ-മെയിൽ മുഖാന്തിരം) അന്നേദിവസം രാവിലെ 10.30 - ന് കൂടിയ 2/18-19 - ാം നമ്പർ ഡയറക്ടർ ബോർഡ് യോഗത്തിൽ ഉൾപ്പെടുത്തുകയും, കത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി 175 കൗണ്ട് എന്നത് 125 കൗണ്ടാക്കിയും കിലോഗ്രാമിന് 138/- രൂപ എന്നത് 138 രൂപാ + ജി.എസ്.ടി എന്നാക്കിയും ബോർഡ് യോഗത്തിൽ അവതരിപ്പിച്ചു. കർഷകരിൽ നിന്നും 138/- രൂപാ നിരക്കിൽ തോട്ടണ്ടി വാങ്ങുന്നത് സംബന്ധിച്ച് കാപ്പെക്സിൽ നിന്നും പത്രങ്ങളിലോ ദൃശ്യമാദ്ധ്യമങ്ങളിലോ യാതൊരു വിധ അറിയിപ്പും നൽകാതിരിക്കെ കാപ്പെക്സ് ഡയറക്ടർ ബോർഡ് യോഗം ചേരുന്ന ദിവസം (11-05-2018 - ന് രാവിലെ 10.30) രാവിലെ തന്നെ തോട്ടണ്ടി നൽകാമെന്ന് കാണിച്ചുകൊണ്ട് ശ്രീ. ഷിബു.ടി.സി ഇമെയിൽ മുഖാന്തിരം അറിയിപ്പ് നൽകിയത് ദുരൂഹവും മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷും,

ശ്രീ. ഷിബു.ടി.സി യും തമ്മിലുള്ള അവിശ്വാസ്യ കൂട്ടുകെട്ടിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. സ.ഉ.(സാധാ) നം 566/2018/വ്യവ. തീയതി 16.05.2018 പ്രകാരം കർഷകരിൽ നിന്ന് സംഭരിക്കുന്ന തോട്ടണ്ടിയുടെ പരമാവധി വില 138/- രൂപ ആണെന്നിരിക്കെയും കർഷകന് GST രജിസ്ട്രേഷൻ പോലും ആവശ്യമില്ലായെന്നിരിക്കെയുമാണ് ശ്രീ.ഷിബു.റ്റി.സി നൽകുന്ന തോട്ടണ്ടിക്ക് ടിയാൻ ആവശ്യപ്പെടാതെ തന്നെ 138 + GST എന്ന നിരക്ക് നൽകണമെന്ന് CAPEX മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷ് 11.05.2018 - ലെ Director Board യോഗത്തിന് മുമ്പാകെ അവതരിപ്പിച്ചതെന്ന് കാണാവുന്നതാണ്.

ഇ) കാപ്പെക്സിന്റെ 11-05-2018 - ലെ 2/18-19 ബോർഡ് യോഗത്തിൽ ശ്രീ. ഷിബു. ടി.സി ക്ക് 400 മെട്രിക് ടൺ തോട്ടണ്ടി നൽകുവാനുള്ള തോട്ടങ്ങൾ ടിയാന്റെ പക്കലോ, ടിയാൻ പാട്ടത്തിനെടുത്ത വകയിലോ ഉണ്ടോ എന്ന് വില്ലേജ് ഓഫീസർ/തഹസിൽദാർ/കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന അഫിഡവിറ്റ് രേഖാമൂലം വാങ്ങി കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ടിയാനിൽ നിന്ന് തോട്ടണ്ടി വാങ്ങുവാൻ പാടുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർ 14/05/2018 - ൽ ശ്രീ. ഷിബു.ടി.സിയ്ക്ക് നൽകിയ കത്തിൽ (Ext-18) ടിയാന് 10 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിയുണ്ടെന്നും അതിൽ നിന്നും 400 മെട്രിക് ടൺ വരെ തോട്ടണ്ടി ലഭിക്കുമെന്നുള്ളതിന് സ്ഥലത്തെ വില്ലേജ് ഓഫീസറുടെയോ, തഹസിൽദാരുടെയോ ഒരു സർട്ടിഫിക്കറ്റ് എത്രയും വേഗം കാപ്പെക്സിൽ ഹാജരാക്കേണ്ടതാണെന്നും ആയതിനോടൊപ്പം ടിയാൻ കർഷകരുടെ കൂട്ടായ്മയോട് ശേഖരിക്കുന്നതാണെങ്കിൽ ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ/രേഖകളും ഹാജരാക്കുവാൻ അറിയിപ്പ് നൽകി. ആയതിൻ പ്രകാരം 19-05-2018 - ൽ ശ്രീ. ഷിബു.ടിസി എടവക വില്ലേജ് ഓഫീസറിൽ നിന്നു ലഭ്യമാക്കിയ തീയതി പോലും രേഖപ്പെടുത്താത്ത സാക്ഷ്യപത്രത്തിൽ ടിയാന്റെയും കുടുംബാംഗങ്ങളുടെയും കൈവശത്തിലുള്ള 2.9434 ഹെക്ടർ സ്ഥലത്തും ടിയാൻ പാട്ട വ്യവസ്ഥയിലെടുത്തിട്ടുള്ള 6.8735 ഹെക്ടർ സ്ഥലത്തും തോട്ടണ്ടി കൃഷി നടത്തുന്നുണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എടവക വില്ലേജ് ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ (Ext-19) ശ്രീ. ഷിബു.ടി.സി യുടെയും അദ്ദേഹത്തിന്റെ കുടുബത്തിന്റെയും ടിയാൻ പാട്ടത്തിനെടുത്ത പുരയിടവും ചേർത്ത് ആകെ 9.8169 ഹെക്ടർ പുരയിടത്തിൽ തോട്ടണ്ടി കൃഷി നടത്തുന്നുണ്ടെന്ന് മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. മറിച്ച് ബോർഡ് ആവശ്യപ്പെട്ടതുപോലെ ടി കൃഷിയിടത്തിൽ നിന്നുള്ള വിളവ് സംബന്ധിച്ച് (400 മെട്രിക് ടൺ വരെ തോട്ടണ്ടി ലഭിക്കുമെന്നതിന്) യാതൊരു സാക്ഷ്യപ്പെടുത്തലും നൽകിയിട്ടില്ല. കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷ് പ്രസ്തുത വിവരം ഡയറക്ടർ ബോർഡിൽ നിന്നും മറച്ചു വയ്ക്കുകയും ചെയ്തു.

11/5/2018 - ലെ 2/18-19 - ാം നമ്പർ ബോർഡ് യോഗത്തിൽ ശ്രീ.ഷിബു. ടി.സി - യ്ക്ക് 400 മെട്രിക് ടൺ തോട്ടണ്ടി നൽകുവാനുള്ള തോട്ടങ്ങൾ ടിയാന്റെ പക്കലോ, ടിയാൻ പാട്ടത്തിനെടുത്ത വകയിലോ ഉണ്ടോ എന്ന് വില്ലേജ് ഓഫീസർ/തഹസിൽദാർ/കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന അഫിഡവിറ്റ് രേഖാമൂലം വാങ്ങി കാപ്പക്സ് മാനേജിംഗ് ഡയറക്ടർ ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ടിയാനിൽ നിന്ന് തോട്ടണ്ടി വാങ്ങുവാൻ പാടുള്ളൂ എന്ന ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി വ്യവസ്ഥകൾ പാലിക്കാതെ ശ്രീ.ഷിബു.ടി.സി യിൽ നിന്നും തോട്ടണ്ടി വാങ്ങിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷ് - നോട് വിശദീകരണം ആരാഞ്ഞിരുന്നു(Ext-20). എന്നാൽ ശ്രീ.ആർ.രാജേഷ് നൽകിയ വിശദീകരണത്തിൽ 400 മെട്രിക് ടൺ തോട്ടണ്ടി വിള നൽകാനുള്ള തോട്ടങ്ങൾ ശ്രീ.ഷിബു.ടി.സി യുടെയോ അദ്ദേഹം പാട്ടത്തിനെടുത്ത ഭൂമിയിലോ ഉണ്ടെന്ന് വ്യക്തമാക്കാത്ത സാക്ഷ്യപത്രത്തിലെ വിവരങ്ങൾ സംബന്ധിച്ച് യാതൊരു മറുപടിയും നൽകിയില്ല. മറിച്ച് എടവക വില്ലേജ് ഓഫീസർ

സാക്ഷ്യപത്രത്തിൽ നൽകിയിരുന്ന കൃഷിഭൂമിയുടെ കണക്ക് യഥാർത്ഥത്തിൽ 9.8169 ഹെക്ടർ മാത്രമാണെന്നും ആയത് കണക്കുകൂട്ടി റൗണ്ട് ഓഫ് ചെയ്തപ്പോൾ 10 ഹെക്ടർ എന്ന് കാണിച്ച എന്നും കൊമേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും എഴുതി നൽകിയ പ്രസ്തുത നേരിയ വ്യത്യാസം എം.ഡിയോ ബോർഡ് അംഗങ്ങളോ രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധിച്ചില്ല എന്നുമുള്ള മറുപടിയാണ് മാനേജിംഗ് ഡയറക്ടർ നൽകിയത്. **പാട്ടത്തിനെടുത്ത ഭൂമികൾ ഉൾപ്പടെ ശ്രീ. ഷിബു.ടി.സിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും കൈവശമുള്ളതായി കാണിച്ചിട്ടുള്ള 9.8169 ഹെക്ടറിൽ തോട്ടണ്ടി കൃഷി ഉണ്ട് എന്നല്ലാതെ 11/5/2018 ലെ 2/18-19 ാം നമ്പർ ബോർഡ് യോഗത്തിലെ 22 -ാം നമ്പർ തീരുമാനപ്രകാരം ടി കർഷകന് 400 മെടിക് ടൺ തോട്ടണ്ടി നൽകുവാനുള്ള തോട്ടങ്ങൾ ടിയാന്റെ കൈവശമോ പാട്ടത്തിനെടുത്ത ഭൂമിയിലോ ഉണ്ടെന്ന് എടവക വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല എന്ന വിവരം കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ പരിശോധിക്കുകയോ പ്രസ്തുത വിവരം ഡയറക്ടർ ബോർഡ് മുമ്പാകെ അവതരിപ്പിക്കുകയോ ചെയ്യാത്തത് മാനേജിംഗ് ഡയറക്ടറുടെ ഭാഗത്തു നിന്നുണ്ടായ ആസൂത്രിതമായ നടപടിയായി ധനകാര്യ പരിശോധനാ വിഭാഗം വിലയിരുത്തുന്നു.**

c) 2018 ജൂൺ മാസം രണ്ടാം തീയതി ശ്രീ. ഷിബു.ടി.സിയും കാപ്പെക്സ് മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ.രാജേഷും തമ്മിൽ ഇതിൽ ഒന്നാം കക്ഷിയായ ശ്രീ. ഷിബു.ടി.സി യിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിനായി 02.06.2018 തീയതിയിൽ സൃഷ്ടിച്ച സി.പി കേരള/2018-19/06 നമ്പർ കരാർ (Ext-21) പ്രകാരം കരാർ തീയതി മുതൽ 10 ദിവസത്തിനകം തോട്ടണ്ടി ഇറക്കണമെന്നും 11-06-2018 വരെ മാത്രമേ കരാറിന് കാലാവധിയുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 11-06-2018 വരെ സപ്ലൈ ചെയ്യേണ്ട 400 മെടിക് ടണ്ണിൽ ആകെ 3 ലോഡ് മുഖേന ആകെ 34.138 മെടിക് ടൺ തോട്ടണ്ടി മാത്രമേ സപ്ലൈ ചെയ്തിട്ടുള്ളൂ എന്നിരിക്കെ (Ext-22) കരാർ കാലഹരണപ്പെട്ട വിവരം മറച്ചുവച്ചുകൊണ്ട് ശ്രീ. ഷിബു.ടി.സി കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് യോഗം (3/18-19) ചേർന്ന തീയതിയായ 12-06-2018 - ൽ നൽകിയ ഇ-മെയിലിൽ തന്റെ പിതാവിന്റെ അസുഖവും, പ്രതികൂല കാലാവസ്ഥയും ചൂണ്ടിക്കാട്ടി തോട്ടണ്ടി സപ്ലൈ ചെയ്യാനുള്ള സമയം 15 ദിവസം കൂടി നീട്ടി നൽകണമെന്ന അപേക്ഷയുടെ വിവരങ്ങൾ മാത്രമാണ് ഡയറക്ടർ ബോർഡ് മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. കരാർ കാലഹരണപ്പെട്ട വിവരം ഡയറക്ടർ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല.

02-06-2018 ലെ കരാർ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചാണോ ശ്രീ. ഷിബു. ടി.സി -യിൽ നിന്നും തോട്ടണ്ടി വാങ്ങിയതെന്ന് വ്യക്തമാക്കുന്നതിനോടൊപ്പം മേൽ വാങ്ങലിൽ കരാർ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ വിവരം ഡയറക്ടർ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് മാനേജിംഗ് ഡയറക്ടറോട് ധനകാര്യ പരിശോധനാ വിഭാഗം ആരാഞ്ഞിരുന്നു (Ext-23) (അന്വേഷണക്കുറിപ്പ് നം. - 7). ആയതിന് വ്യക്തമായ മറുപടി നൽകാതെ 11/5/2018 ലെ 2/18-19 - ാം നമ്പർ ബോർഡ് യോഗത്തിൽ ശ്രീ. ഷിബു.ടി.സി യിൽ നിന്ന് തോട്ടണ്ടി വാങ്ങുന്നതിന് തന്നെ ചുമതലപ്പെടുത്തിയതിൻ പ്രകാരം ടിയാനിൽ നിന്നും തോട്ടണ്ടി വാങ്ങുകയുണ്ടായി എന്ന മറുപടിതന്നെ (Ext-24) കരാർ കാലഹരണപ്പെട്ട വിവരം മാനേജിംഗ് ഡയറക്ടർ മനപൂർവ്വം ഡയറക്ടർ ബോർഡിൽ നിന്ന് മറച്ചുപിടിച്ചതായി വ്യക്തമാക്കുന്നു.

II) <u>കരാർ ഇല്ലാതെ ശ്രീ. ഷിബു.ടി.സിയിൽ നിന്ന് തോട്ടണ്ടി വാങ്ങിയത് സംബന്ധിച്ച്</u>

2018 ജൂൺ മാസം രണ്ടാം തീയതി ശ്രീ. ഷിബു.ടി.സിയും കാപ്പെക്സ് മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ. രാജേഷും തമ്മിൽ ഇതിൽ ഒന്നാം കക്ഷിയായ ശ്രീ. ഷിബു.ടി.സിയിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിനായി 02.06.2018 - ൽ സൃഷ്ടിച്ച സി.പി കേരള/2018-19/06 നമ്പർ കരാർ പ്രകാരം കരാർ

തീയതി മുതൽ 10 ദിവസത്തിനകം തോട്ടണ്ടി ഇറക്കണമെന്നും ആയതിൻ പ്രകാരം 11-06-2018 വരെ മാത്രമേ കരാറിന് കാലാവധിയുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 11-06-2018 വരെ സപ്ലൈ ചെയ്യേണ്ട 400 മെട്രിക് ടണ്ണിൽ ആകെ 3 ലോഡിലൂടെ മുഖേന ആകെ 34.138 മെട്രിക് ടൺ തോട്ടണ്ടി മാത്രമേ സപ്ലൈ ചെയ്തിട്ടുള്ളൂ എന്നിരിക്കെ കരാർ കാലഹരണപ്പെട്ട വിവരം മറച്ചുവച്ചുകൊണ്ട് ശ്രീ. ഷിബു. ടി.സി കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് യോഗം (3/18-19) ചേർന്ന തീയതിയായ 13-06-2018 ൽ നൽകിയ ഇ-മെയിലിൽ തന്റെ പിതാവിന്റെ അസുഖവും, പ്രതികൂല കാലാവസ്ഥയും ചൂണ്ടിക്കാട്ടി തോട്ടണ്ടി സപ്ലൈ ചെയ്യാനുള്ള സമയം 15 ദിവസം കൂടി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടു നൽകിയ അപേക്ഷയുടെ വിവരങ്ങൾ മാത്രമാണ് ഡയറക്ടർ ബോർഡ് മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കരാർ കാലഹരണപ്പെട്ട വിവരം ഡയറക്ടർ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായില്ല. തുടർന്ന് ഡയറക്ടർ ബോർഡിന്റെ അനുമതിയോട് കൂടി ശ്രീ. ഷിബു.ടി.സിയിൽ നിന്നും 19-06-2018 മുതൽ 26-06-2018 വരെ നടത്തിയ 365.02 മെട്രിക് ടൺ തോട്ടണ്ടി വാങ്ങൽ നടത്തിയത് ശ്രീ. ഷിബു.ടി.സി യുമായി യാതൊരു വിധ കരാറുകളും സൃഷ്ടിക്കാതെയാണ്. കരാർ സൃഷ്ടിക്കാതെ ശ്രീ. ഷിബു.ടി.സിയിൽ നിന്നും 365.02 മെട്രിക് ടൺ തോട്ടണ്ടി വാങ്ങിയത് സ്വേച്ഛാപരവും, ക്രമവിരുദ്ധവും, കാപ്പെക്സിന്റെ താല്പര്യത്തിന് വിരുദ്ധവുമാണ്.

III) <u>ശ്രീ. ഷിബു.ടി.സി വ്യാപാരിയാണെന്ന വിവരം മറച്ചു പിടിച്ചത് സംബന്ധിച്ച്</u>

11/05/2018 ലെ 2/18-19 - ാം നമ്പർ ബോർഡ് യോഗത്തിൽ ശ്രീ. ഷിബു. ടി.സി യ്ക്ക് 400 മെട്രിക് ടൺ തോട്ടണ്ടി നൽകുവാനുള്ള തോട്ടങ്ങൾ ടിയാന്റെ പക്കലോ, ടിയാൻ പാട്ടത്തിനെടുത്ത വകയിലോ ഉണ്ടോ എന്ന് വില്ലേജ് ഓഫീസർ/തഹസിൽദാർ/കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന അഫിഡവിറ്റ് രേഖാമൂലം വാങ്ങി കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ഉറപ്പ വരുത്തിയതിന് ശേഷം മാത്രമേ ടിയാനിൽ നിന്ന് തോട്ടണ്ടി വാങ്ങുവാൻ പാടുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷിബു.ടി.സി എടവക വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ ടിയാന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും ടിയാൻ പാട്ടത്തിനെടുത്ത പുരയിടവും ചേർത്ത് ആകെ 9.8169 ഹെക്ടർ പുരയിടത്തിൽ കശുമാവ് കൃഷി നടത്തുന്നുണ്ടെന്ന് മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. മറിച്ച് ബോർഡ് ആവശ്യപ്പെട്ടതുപോലെ ടി കൃഷിയിൽ നിന്നുള്ള വിളവ് സംബന്ധിച്ച് (400 മെട്രിക് ടൺ വരെ തോട്ടണ്ടി ലഭിക്കുമെന്നതിന്) യാതൊരു സാക്ഷ്യപ്പെടുത്തലും നൽകിയിട്ടില്ല. കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം എടവക വില്ലേജ് ഓഫീസിൽ നടത്തിയ പരിശോധനയിൽ "വയനാട്ടിൽ ഏകവിള മാത്രമായി കൃഷി ചെയ്യുവരുന്ന സ്ഥലങ്ങൾ നാമമാത്രമാണെന്നും ഇത്തരത്തിൽ തന്റെയും കുടുംബാംഗങ്ങളുടെയും സ്ഥലത്തും പാട്ടത്തിനെടുത്തതുമായ സ്ഥലത്തും കശുമാവ് കൃഷി ചെയ്യുവരുന്നുണ്ടെന്ന സർട്ടിഫിക്കറ്റ് അനുവദിക്കണം എന്നായിരുന്ന ശ്രീ. ഷിബു.ടി.സിയുടെ ആവശ്യമെന്നും ആയതിൻ പ്രകാരമാണ് സർട്ടിഫിക്കറ്റ് അനുവദിച്ചതെന്നും സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥലത്ത് മുഴുവൻ കശുമാവ് കൃഷിയാണെന്നോ, പ്രസ്തുത സ്ഥലത്ത് നിന്നും ഇത്ര അളവ് തോട്ടണ്ടി കിട്ടുമെന്നോ താൻ രേഖപ്പെടുത്തി നൽകിയിട്ടില്ല എന്നുമാണ് എടവക വില്ലേജ് ഓഫീസർ ധനകാര്യ പരിശോധനാ വിഭാഗത്തെ അറിയിച്ചിട്ടുള്ളത് (Ext-25). എടവക വില്ലേജ് ഓഫീസിലെ ജീവനക്കാർ, എടവക കൃഷി ഓഫീസിലെ ജീവനക്കാർ എന്നിവർക്കൊപ്പം ധനകാര്യ പരിശോധനാ വിഭാഗം ശ്രീ. ഷിബു.ടി.സി കശുമാവ് കൃഷി ഉള്ളതായി കാണിച്ചിരുന്ന പ്രദേശത്ത് 20-04-2021 - ൽ സംയുക്ത ഭൗതിക പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത സംയുക്ത പരിശോധനയിൽ ശ്രീ. ഷിബു.ടി.സി അപേക്ഷയിൽ പറഞ്ഞിരുന്ന പ്രദേശത്ത് ആകെ 16 എണ്ണം കശുമാവ് മരങ്ങൾ മാത്രമേ ഉള്ളതായി കണ്ട് ബോധിച്ചിട്ടുള്ളതായും നിലവിലുള്ള കൃഷിയുടെ പ്രായം കണക്കിലെടുത്ത് കഴിഞ്ഞ 5 വർഷമായി ഈ സ്ഥലങ്ങളിലൊന്നും കശുമാവ് കൃഷി ഇല്ല എന്നും എടവക കൃഷി

ഓഫീസറും, എടവക വില്ലേജ് ഓഫീസറും സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട് (Ext-26). മേൽ റിപ്പോർട്ട് ശ്രീ. ഷിബു.ടി.സി 400 മെടിക് ടൺ തോട്ടണ്ടി പോയിട്ട് ഒരു ടൺ പോലും നൽകുവാൻ പ്രാപ്തിയുള്ള ഒരു കശുമാവ് കർഷകനല്ല എന്നത് വ്യക്തമാക്കുന്നു.

ശ്രീ. ഷിബു.ടി.സി, തെക്കും മറ്റത്തിൽ ഹൗസ്, മാനന്തവാടി എന്ന വ്യക്തി താൻ സ്വന്തമായുള്ളതും, പാട്ടത്തിനെടുത്തതുമായ 10 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്ന വ്യക്തിയാണെന്നും, ഈ പ്രദേശത്ത് നിന്നും ലഭിക്കുന്ന 50-out turn ഉം, 175 count ഉം ഉള്ള 40 ലോഡോളം (400 മെടിക് ടൺ) നാടൻ പച്ച തോട്ടണ്ടി കാപ്പെക്സിന് കിലോഗ്രാമിന് 138/- രൂപ നിരക്കിൽ കൊല്ലത്ത് ഇറക്കി നൽകുവാനുദ്ദേശിക്കുന്നതായി കാണിച്ച് 10-05-2018 ലെ കത്ത് പ്രകാരം കാപ്പെക്സ് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. പ്രസ്തുത കത്തിലെ വസ്തുതകളും എടവക വില്ലേജ് ഓഫീസർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിലെ വസ്തുതകളും പരിശോധിക്കുന്നതിൽ ബോധപൂർവ്വമായ വീഴ്ച കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ. രാജേഷ് - ന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട്. എടവക വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിൽ ശ്രീ. ഷിബു.ടി.സി യുടെ കശുമാവ് കൃഷിയിൽ നിന്നും വിളവ് ലഭിക്കുന്നുണ്ടെന്ന് പോലും വ്യക്തമാക്കിയിട്ടില്ല. എന്നാൽ ശ്രീ. ഷിബു.ടി.സി യോട് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ 14-05-2018 - ലെ കത്തിൽ ശ്രീ. ഷിബു.ടി.സിയ്ക്ക് 10 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിയുണ്ടെന്നും അതിൽ നിന്ന് 400 മെടിക് ടൺ തോട്ടണ്ടി കിട്ടുമെന്നതിനുള്ള സാക്ഷ്യപത്രവുമാണ് ആവശ്യപ്പെട്ടിരുന്നത്. അപ്പോൾ മേൽ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ സംബന്ധിച്ച് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് യാതൊരു വിധ പരിശോധനയും നടത്തിയിട്ടില്ല എന്നത് അത്യന്തം ഗൗരവതരവും, വസ്തുതകൾ മറച്ചു പിടിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗവുമാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള ആറളം ഫാമിൽ നിന്നും 2016 മുതൽ 2020 വരെയുള്ള നാടൻ തോട്ടണ്ടി വിളവെടുപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയത് **അനുബന്ധം-2** - ൽ കാണാവുന്നതാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 2016 വർഷത്തിലാണ് ഏറ്റവും കൂടുതൽ വിളവ് ലഭിച്ചിട്ടുള്ളത്. ആ വർഷം 614.79 ഹെക്ടറിൽ നിന്നും 316.364 ടൺ വിളവാണ് ലഭിച്ചിട്ടുള്ളത്. പൂർണ്ണമായും തോട്ടണ്ടി മാത്രം കൃഷി ചെയ്യുന്ന ആറളം ഫാമിലെ 614.79 ഹെക്ടറിൽ നിന്നും ഏറ്റവും കൂടുതൽ വിളവ് ലഭിച്ച വർഷത്തെ കണക്കിൻ പ്രകാരം ശ്രീ. ഷിബു.ടി.സി കൃഷി ചെയ്തതായി കാണിച്ചിട്ടുള്ള 10 ഹെക്ടറിൽ നിന്നും പരമാവധി 5.15 ടൺ തോട്ടണ്ടി മാത്രമേ വിളവായി ലഭിക്കുകയുള്ളൂ. ഇത്തരത്തിലുള്ള അടിസ്ഥാന വിവരങ്ങൾ പോലും പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് 10 ഹെക്ടറിൽ നിന്നും 400 മെടിക് ടൺ വരെ തോട്ടണ്ടി ലഭിക്കുന്നതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ശ്രീ. ഷിബു.ടി.സിയോട് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതു തന്നെ ഇടപാടിൽ കാപ്പെക്സ് മാനേജിംഗ് ഡയറക്ടറുടെ നിക്ഷിപ്ത താല്പര്യം വെളിവാക്കുന്നു.

ശ്രീ. ഷിബു.ടി.സി, തെക്കും മറ്റത്തിൽ ഹൗസ്, മാനന്തവാടി എന്ന വ്യക്തി താൻ സ്വന്തമായുള്ളതും, പാട്ടത്തിനെടുത്തതുമായ 10 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടണ്ടി കൃഷി ചെയ്യുന്ന വ്യക്തിയാണെന്നും, ഈ പ്രദേശത്ത് നിന്നും ലഭിക്കുന്ന 50-out turn ഉം, 175 count ഉം ഉള്ള 40 ലോഡോളം (400 മെടിക് ടൺ) നാടൻ പച്ച തോട്ടണ്ടി കാപ്പെക്സിന് കിലോഗ്രാമിന് 138/- രൂപ നിരക്കിൽ കൊല്ലത്ത് ഇറക്കി നൽകുവാനുദ്ദേശിക്കുന്നതായി കാണിച്ച് 10-05-2018 ലെ കത്ത് പ്രകാരം കാപ്പെക്സ് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. ശ്രീ. ഷിബു. ടി.സിയുടെ 10-05-2018 ലെ കത്ത് 11-05-2018 - ൽ കാപ്പെക്സിൽ ലഭിക്കുകയും (ഇ-മെയിൽ മുഖാന്തിരം) അന്നേദിവസം കൂടിയ 2/18-19 - ാം നമ്പർ ഡയറക്ടർ ബോർഡ് യോഗത്തിൽ അഡീഷണൽ അജണ്ടയായി ഉൾപ്പെടുത്തുകയും,

കത്തിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി കിലോഗ്രാമിന് 138/- രൂപ എന്നത് 138 രൂപാ + ജി.എസ്.ടി എന്നാക്കിയും ബോർഡ് യോഗത്തിൽ അവതരിപ്പിച്ചു. എന്നാൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടപ്പോൾ ടിയാൻ കർഷകനായതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകുവാൻ സാധ്യമല്ല എന്നറിയിച്ചതായും 13-06-2018 - ലെ 3/18-19 ബോർഡ് യോഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചട്ടപ്രകാരം കർഷകർക്ക് ജി.എസ്.ടി ഒഴിവാക്കിയിരിക്കുകയും, ശ്രീ. ഷിബു.ടി.സിയുടെ 10-05-2018 - ലെ കത്തിൽ ജി.എസ്.ടി യെക്കുറിച്ച് പരാമർശമില്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ 11-05-2018 ൽ കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ തോട്ടണ്ടിയുടെ വിലയായി 138 + ജിഎസ്.ടി എന്ന് ധരിപ്പിച്ച മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.രാജേഷിന്റെ നടപടി ശ്രീ. ഷിബു.ടി.സി യും ശ്രീ. ആർ.രാജേഷും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

06-06-2018 മുതൽ 26-06-2018 വരെയുള്ള വിവിധ തീയതികളിൽ 22 ലോഡുകളിലൂടെ കാപ്പക്സിന്റെ 10 ഫാക്ടറികളിലേക്ക് 399161 കിലോഗ്രാം തോട്ടണ്ടി ശ്രീ. ഷിബു.ടി.സി. നൽകുകയുണ്ടായി. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് ശ്രീ. ഷിബു. ടി.സി സമർപ്പിച്ച ടാക്സ് ഇൻവോയിസിലും, ജി.എസ് ടിയുമായി ബന്ധപ്പെട്ട ഇ-വേ ബില്ലുകളിലും, ഷിബു.ടി.സി എന്ന പേര് രേഖപ്പെടുത്തിയിട്ടില്ല (Ext 26A.). മറിച്ച് തെക്കുമറ്റത്തിൽ ട്രേഡിംഗ് കമ്പനി, സ്പൈസസ് മർച്ചന്റ്, വാളേരി.പി.ഒ, മാനന്തവാടി എന്ന കമ്പനിയുടെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ഈ വിഷയം ഡയറക്ടർ ബോർഡിന്റെ ശ്രദ്ധിയിൽക്കൊണ്ടുവരാത്തതും, ശ്രീ. ഷിബു.ടി.സിയോട് വിശദീകരണം ആരായാത്തതും ടി തോട്ടണ്ടി നൽകിയത് **ഷിബു.ടി.സി എന്ന കർഷകനല്ല എന്നും മറിച്ച് തെക്കുമറ്റത്തിൽ ട്രേഡിംഗ് കമ്പനിയാണെന്നും കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ.രാജേഷിന് മുൻധാരണ ഉണ്ടായിരുന്നു എന്നത് വ്യക്തമാക്കുന്നു.** കൂടാതെ ധനകാര്യ പരിശോധനാ വിഭാഗം എടവക പഞ്ചായത്ത് ഓഫീസിൽ നിന്നും വിവരങ്ങൾ ആരാഞ്ഞതിൽ ശ്രീ. ഷിബു.ടി.സി, തെക്കും മറ്റത്തിൽ ഹൗസ്, പാലേരി. പി.ഒ എന്ന വ്യക്തി ഹിൽ പ്രൊഡ്യൂസ് ഷോപ്പിന് 147/18-19 നമ്പരായി എടവക ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ളതായി (Ext-27) കാണുവാൻ കഴിഞ്ഞു എന്നുള്ളതും ശ്രീ. ഷിബു. ടി.സി തോട്ടണ്ടി കർഷകനല്ല, മറിച്ച് വ്യാപാരിയാണ് എന്നുള്ളത് സംശയാതീതമായി തെളിയിക്കുന്നു.

3. അന്യസംസ്ഥാനത്ത് നിന്ന്/വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള തോട്ടണ്ടി വാങ്ങിയത് സംബന്ധിച്ച്

2018 - ലെ തോട്ടണ്ടി വിളവെടുപ്പ് സീസണിൽ കൃഷി, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും മറ്റിതര വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും കൂടാതെ സഹകരണ സംഘങ്ങൾ, കർഷകരിൽ നിന്നും തോട്ടണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സും സംഭരിക്കുന്ന തോട്ടണ്ടിയുടെ പരമാവധി വില കിലോഗ്രാമിന് 138/- രൂപയായി നിശ്ചയിച്ച് സ.ഉ (സാധാ) നം. 566/2018/വ്യവ തീയതി 16-05-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 11-05-2018 ലെ 2/18-19 ബോർഡ് യോഗത്തിൽ ശ്രീ. ഷിബു.ടി.സിയിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിന്, ടിയാൻ 400 MT തോട്ടണ്ടി നൽകുവാൻ ശേഷിയുള്ള കർഷകനാണെന്ന് ഉറപ്പുവരുത്തി തോട്ടണ്ടി വാങ്ങുവാൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ.രാജേഷിനെ ചുമതലപ്പെടുത്തിയതിൻ പ്രകാരം ശ്രീ. ഷിബു.ടി.സിയിൽ നിന്നും തോട്ടണ്ടി വാങ്ങുവാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് 06-06-2018 മുതൽ 26-06-2018 വരെയുള്ള വിവിധ തീയതികളിൽ 22 ലോഡുകളിലൂടെ കാപ്പെക്സിന്റെ 10 ഫാക്ടറികളിലേക്ക് 399161 കിലോഗ്രാം തോട്ടണ്ടി ശ്രീ. ഷിബു. ടി.സി.

നൽകുകയുണ്ടായി(അനുബന്ധം-3). എന്നാൽ ലോഡ് ഇറക്കിയ ലോറികളിൽ ഭൂരിഭാഗവും തമിഴ്നാട് രജിസ്ട്രേഷൻ വണ്ടികൾ ആയിരുന്നതിനാലും ഭൗതിക സ്ഥല പരിശോധനയിൽ ശ്രീ.ഷിബു.റ്റി.സി എന്ന കർഷകൻ യഥാർത്ഥ കർഷകനല്ലെന്നും വ്യാപാരിയാണെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും കൂടാതെ 2018 - ലെ തോട്ടണ്ടി ഇടപാടുമായി ബന്ധപ്പെട്ട് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ വയനാട്ടിലെ മാനന്തവാടിയിൽ നിന്നും ഇ-വേ ബിൽ സൃഷ്ടിച്ച് 2 മണിക്കൂർകൊണ്ട് കൊല്ലത്തെ കാപ്പെക്സ് ഫാക്ടറികളിൽ തോട്ടണ്ടി ഇറക്കി എന്നുള്ള ഇ-വേ ബില്ലുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം സംശയാസ്പദമായതിനാൽ ധനകാര്യ പരിശോധനാ വിഭാഗം തോട്ടണ്ടിയുടെ supply സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയുണ്ടായി.

ശ്രീ. ഷിബു. ടി.സി യിൽ നിന്നുള്ള തോട്ടണ്ടി വാങ്ങലുമായിബന്ധപ്പെട്ട് ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ്, അമരവിള എക്സൈസ് ചെക്ക് പോസ്റ്റ്, മോട്ടോർ വാഹന വകുപ്പിന്റെ അമരവിള ചെക്ക് പോസ്റ്റ്, ചരക്ക് സേവന നികുതി(GST) വകുപ്പിന്റെ ആസ്ഥാന കാര്യാലയം, കാപ്പെക്സിന്റെ ഫാക്ടറികൾ എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ/രേഖകൾ ലഭ്യമാക്കി പരിശോധിച്ചതിൽ ശ്രീ. ഷിബു. ടി.സി എന്ന വ്യാപാരി തെങ്കും മറ്റത്തിൽ ട്രേഡിംഗ് കമ്പനി മുഖേന തമിഴ് നാട്ടിൽ നിന്നും വാങ്ങിയ തോട്ടണ്ടിയാണ് കാപ്പെക്സിന് നൽകിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്ന് തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ (സ.ഉ (സാധാ) നം. 566/2018/വ്യവ തീയതി 16-05-2018) ദുരുപയോഗം ചെയ്ത് അന്യ സംസ്ഥാനത്ത് നിന്നും /വിദേശ രാജ്യത്ത് നിന്നും ഇറക്കുമതി ചെയ്ത വില കൂടിയതും ഗുണമേന്മ കുറഞ്ഞതുമായ തോട്ടണ്ടി കാപ്പെക്സിൽ വിറ്റഴിച്ച് കൊള്ളലാഭം നേടുന്നതിന് ശ്രീ. ഷിബു. ടി.സിയ്ക്ക് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് അവസരമൊരുക്കുകയാണ് ചെയ്തത്. കോടിക്കണക്കിന് രൂപയുടെ അഴിമതിക്ക് വഴിവച്ച പ്രസ്തുത തോട്ടണ്ടി ഇടപാട് നടന്നിട്ടുള്ളത് ശ്രീ. ഷിബു.ടി.സിയും കാപ്പക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ രാജേഷും തമ്മിലുള്ള ഗൂഢാലോചനയുടെ ഫലമായിട്ടായിരുന്നു എന്നത് വ്യക്തമാണ്. വാങ്ങലിലൂടെ കാപ്പെക്സിന് ഉണ്ടായ സാമ്പത്തിക നഷ്ടം തമിഴ് നാട്ടിലെ കമ്പനികൾ മേൽ തോട്ടണ്ടി തെങ്കും മറ്റത്തിൽ ട്രേഡിംഗ് കമ്പനിക്ക് എന്തു തുകയ്ക്ക് നൽകി എന്നതിനെയും, തമിഴ് നാട്ടിലെ മേൽ കമ്പനികൾ എന്തുവിലയ്ക്കാണ് ടി തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും വാങ്ങി എന്നതിനെയും ആശ്രയിച്ചിരിക്കുന്നു. ആയത് വിശദമായ വിജിലൻസ് അന്വേഷണത്തിലൂടെ മാത്രമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂ. കാപ്പെക്സിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയത് കൂടാതെ കേരളത്തിലെ സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്ന് നാടൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ (സ.ഉ (സാധാ) നം. 566/2018/വ്യവ തീയതി 16-05-2018) അട്ടിമറിക്കുന്നതിന് Capex മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ. രാജേഷ് തന്നെ സൗകര്യമൊരുക്കി നൽകിയത് എന്നത് തന്നെ ടിയാൻ മാനേജിംഗ് ഡയറക്ടറായി കാപ്പെക്സിൽ തുടരുന്നതിലെ അപകടം വ്യക്തമാക്കുന്നു.

ശ്രീ. ഷിബു. റ്റി.സി കാപ്പെക്സിനു നൽകിയ തോട്ടണ്ടി അന്യ സംസ്ഥാനത്ത്/വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തത് സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) .പെരുമ്പുഴ ഫാക്ടറിയിൽ KL 01 U 1383 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്

പെരുമ്പുഴ ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറിയിൽ KL 01 U 1383 എന്ന ലോറി 07.06.2018 തീയതിയിൽ 9.10 A.M ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 140 ചാക്ക് തോട്ടണ്ടി ഇറക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ നാടൻ തോട്ടണ്ടി വാങ്ങലുമായി

ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച KL 01 U 1383 വാഹനത്തിന്റെ ഇ-വേ ബിൽ (Ext-28) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Vehicle No	E way Bill No.	GSTIN & Name	E-way bill generated date & time	Quantity	From	To	HSN Code & Product Name	Distance
KL 01U 1383	5110 3433 7032	32AMRPC 138 8G123, തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, കേരള.	06.06.2018, 3.31 pm	8540 kg	മാനന്ത വാടി, കേരള	കാപ്പെക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം KL01 U -1383 എന്ന വാഹന നമ്പരിൽ 06.06.2018 - ൽ 12.50 pm ന് മറ്റൊരു e-way bill (Ext-29) കൂടി സൃഷ്ടിച്ചിട്ടുള്ളതായി കണ്ടു. പ്രസ്തുത e-way bill ന്റെ വിവരം ചുവടെ ചേർക്കുന്നു.

Vehicle No	E way Bill No.	GSTIN & Name	E-way bill generated date & time	Quantity	From	To	HSN Code& Product Name	Distance
KL 01 U 1383	5810 3429 6127	33AAE FM211 5N1ZG , SOUTHERN CASHEW EXPORTERS TAMIL NADU	06.06.2018 , 12.50pm	8500 kg	വിരിക്കോട് തമിഴ് നാട്	തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, മാനന്തവാടി കേരള.	801-Raw cashew nut	300 km.

ധനകാര്യ പരിശോധനാ വിഭാഗത്തിന് മോട്ടോർ വാഹന വകുപ്പിന്റെ അമര വിള ചെക്ക് പോസ്റ്റിൽ നിന്നും ലഭിച്ച രേഖകൾ (Ext-30) പ്രകാരം KL 01-U 1383 എന്ന വാഹനം 07.06.2018 പുലർച്ചെ 12.03 ന് തോട്ടണ്ടിയുമായി തമിഴ് നാട്ടിൽ നിന്നും കേരളത്തിലേക്ക് പ്രവേശിച്ചതായി കാണാവുന്നതാണ്. ആയതിൽനിന്നും ഇ - വേ ബിൽ നമ്പർ 5810 3429 6127 പ്രകാരം തെക്കുംമറ്റത്തിൽ ടെഡിംഗ് കമ്പനി തമിഴ് നാട്ടിലെ SOUTHERN CASHEW EXPORTERS നിന്നും വാങ്ങിയ തോട്ടണ്ടിയാണ് കാപ്പെക്സിന്റെ പെരുംപുഴ ഫാക്ടറിയിൽ 07.06.2018 രാവിലെ 9.10 ന് എത്തിച്ചതെന്ന് കാണാവുന്നതാണ്. പ്രസ്തുത വാഹനത്തിന്റെ തൂക്കം 07.06.2018 8.43 am ന് weigh bridge - ൽ എടുത്തതായി കാണാവുന്നതാണ് (അനുബന്ധം-3). കൂടാതെ 07.06.2018 പുലർച്ചെ അമരവിള ചെക്ക് പോസ്റ്റ് കടന്നുവന്ന KL 01-U 1383 എന്ന വാഹനത്തിലൂടെ ശ്രീ.ഷിബു റ്റി.സി ക്ക് അന്നേ ദിവസംതന്നെ രാവിലെ 9.10 ന് മാനന്തവാടിയിൽ നിന്നും 450 KM(E-way bill പ്രകാരം) ദൂരെയുള്ള കൊല്ലം കാപ്പെക്സിൽ തോട്ടണ്ടി എത്തിക്കുന്നത് അസാധ്യമാണ്. ആയതിനാൽ തന്നെ തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി

കാപ്പെക്സിനായി നാടൻ തോട്ടണ്ടി കൊണ്ടുവന്നതായി കാണിച്ചുകൊണ്ടുള്ള 5110 3433 7032 നമ്പർ ഇ-വേ ബിൽ പ്രകാരം തോട്ടണ്ടി യഥാർത്ഥത്തിൽ എത്തിച്ചിട്ടില്ല എന്നും മറിച്ച് തമിഴ് നാട്ടിലെ SOUTHERN CASHEW EXPORTERS എന്ന സ്ഥാപനത്തിൽ നിന്നും തെക്കുംമറ്റത്തിൽ ടെഡിംഗ് കമ്പനിക്കായി എത്തിച്ച e-way bill 5810 3429 6127 പ്രകാരമുള്ള തോട്ടണ്ടിയാണ് കാപ്പെക്സിന് നൽകിയതെന്നും വ്യക്തമാണ്.

II) <u>പെരുംപുഴ ഫാക്ടറിയിൽ KL 05 S 5295 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്</u>

പെരുംപുഴ ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറിയിൽ KL 05 S 5295 എന്ന ലോറി 07.06.2018 9.10 A.M ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 140 ചാക്ക് തോട്ടണ്ടി ഇറക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച KL 05 S 5295 വാഹനത്തിന്റെ ഇ-വേ ബിൽ (Ext-31) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Vehicle No.	:	KL 05 S 5295
E way Bill No.	:	5310 3434 4335
GSTIN & Name	:	32AMRPC 138 8G123, തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, കേരള.
E way Bill generated date & time	:	06.06.2018, 3.55 pm
Quantity	:	8400 kg
From	:	മാനന്തവാടി, കേരള
To	:	കാപ്പെക്സ്, കൊല്ലം
HSN Code& Product Name	:	801
Distance	:	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം KL 05 S 5295 എന്ന വാഹന നമ്പരിൽ 06.06.2018 ൽ 12.43 pm ന് മറ്റൊരു e-way bill (Ext-32) കൂടി സൃഷ്ടിച്ചിട്ടുള്ളതായി കണ്ടു. പ്രസ്തുത e-way bill ന്റെ വിവരം ചുവടെ ചേർക്കുന്നു.

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
KL 05 S 5295	**591034294153**	33AAEFM2115N1ZG SOUTHERN CASHEW EXPORTERS, TAMIL NADU	**06.06.2018, 12.43 pm**	8500 kg	വിരിക്കോട്, തമിഴ് നാട്	തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, മാനന്തവാടി കേരള.	801-Raw cashewnut	300km.

ധനകാര്യ പരിശോധനാ വിഭാഗത്തിന് മോട്ടോർ വാഹന വകുപ്പിന്റെ അമരവിള ചെക്ക് പോസ്റ്റിൽ നിന്നും ലഭിച്ച രേഖകൾ (Ext-30) പ്രകാരം KL 05 S 5295 എന്ന വാഹനം 07.06.2018 പുലർച്ചെ 12.04 ന് തോട്ടണ്ടിയുമായി തമിഴ് നാട്ടിൽ നിന്നും കേരളത്തിലേക്ക് പ്രവേശിച്ചതായി കാണാവുന്നതാണ്. ആയതിൽനിന്നും ഇ-വേ ബിൽ നമ്പർ 5910 3429 4153 പ്രകാരം തെക്കുംമറ്റത്തിൽ ട്രെഡിംഗ് കമ്പനി തമിഴ് നാട്ടിലെ SOUTHERN CASHEW EXPORTERS നിന്നും വാങ്ങിയ തോട്ടണ്ടിയാണ് കാപ്പെക്സിന്റെ പെരുംപുഴ ഫാക്ടറിയിൽ 07.06.2018 രാവിലെ 9.10 ന് എത്തിച്ചതെന്ന് കാണാവുന്നതാണ്. പ്രസ്തുത വാഹനത്തിന്റെ തൂക്കം പരിശോധിക്കുന്നതിനായി 07.06.2018 തീയതിയിൽ 8.37 AM ന് weigh bridge - ൽ എടുത്തിട്ടുള്ളതുമാണ്. കൂടാതെ 07.06.2018 പുലർച്ചെ അമരവിള ചെക്ക് പോസ്റ്റ് കടന്നുവന്ന KL 05 S 5295 എന്ന വാഹനത്തിലൂടെ അന്നേ ദിവസം തന്നെ രാവിലെ 9.10 ന് മാനന്തവാടിയിൽ നിന്നും 450 KM (E-way bill പ്രകാരം) ദൂരെയുള്ള കൊല്ലം കാപ്പെക്സിൽ തോട്ടണ്ടി എത്തിക്കുന്നത് അസാധ്യമാണ്. ആയതിനാൽ തന്നെ തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി കാപ്പെക്സിനായി നാടൻ തോട്ടണ്ടി കൊണ്ടുവന്നതായി കാണിച്ചുകൊണ്ടുള്ള 5310 3434 4335 നമ്പർ ഇ-വേ ബിൽ പ്രകാരമുള്ള നാടൻ തോട്ടണ്ടി യഥാർത്ഥത്തിൽ എത്തിച്ചിട്ടില്ല എന്നും മറിച്ച് തമിഴ് നാട്ടിൽ പ്രവർത്തിക്കുന്ന SOUTHERN CASHEW EXPORTERS എന്ന സ്ഥാപനത്തിൽ നിന്നും തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി എത്തിച്ച e-way bill 5910 3429 4153 പ്രകാരമുള്ള നാടൻ തോട്ടണ്ടിയാണ് കാപ്പക്സിന് നൽകിയതെന്നും വ്യക്തമാണ്.

III) ചാത്തിനാംകുളം ഫാക്ടറിയിൽ TN 69 AL 7866 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്

ചാത്തിനാംകുളം ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറിയിൽ TN 69 AL 7866 എന്ന കണ്ടെയ്നർ 23.06.2018 തീയതിയിൽ 2.40 PM ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 255 ചാക്ക് നാടൻ തോട്ടണ്ടി ഇറക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ നാടൻ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച TN 69 AL 7866 കണ്ടെയ്നർ വാഹനത്തിന്റെ ഇ-വേ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(Ext-33.)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 69 AL 7866	5010 3761 2016	32AMRPC 138 8G123, തെക്കുംമറ്റത്തിൽ ട്രെയിഡിംഗ് കമ്പനി, കേരള.	23.06.2018, 9.00 am	20400 kg (255 ബാഗ്)	മാനന്തവാടി, കേരള	കാപ്പെക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം TN 69 AL 7866 എന്ന വാഹന നമ്പരിൽ 22.06.2018 - ൽ മറ്റ് രണ്ട് e-way bill കൾ കൂടി സൃഷ്ടിച്ചതായി കണ്ടു (Ext-34, 35). പ്രസ്തുത e-way bill കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാമത്തെ ഇ- വേ ബിൽ(Ext-34)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	Despatched from	Shipped to	HSN Code& Product Name	Distance
TN 69 AL 7866	5210 3754 4690	32AEK PP139 9B1ZL EAST WEST COMMODITES PTE LTD OTHER CONUTRIES	22.06.2018, 6.45 pm	20400 kg (255 ബാഗ്)	Level - 42 Suntectower3 8, Temasek,Singapore, Tuticorin port, other countries-999999.	South Kerala Cashew Exporters, kerala.	801-Cashew Raw Nuts	210 km.

മേൽ EAST WEST COMMODITES Pvt. LTD OTHER COUNTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത നാടൻ തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം നാടൻ തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ കൊല്ലം ജില്ലയിലെ കിളികൊല്ലൂർ എന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനു വേണ്ടിയായിരുന്നു ടി e-way bill സൃഷ്ടിച്ചിട്ടുള്ളത്. രണ്ടാമത്തെ e-Way ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(Ext-35)

രണ്ടാമത്തെ ഇ- വേ ബിൽ

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 69 AL 7866	50103757 9162	32AEK PP139 9B1ZL SOUTH KERALA CASHEW EXPORTERS, KERALA	22.06.2018, 9.39 pm	20400 kg	South Kerala cashew exporters, Kilikollor, Kollam.	Thekkum mattathil Trading Company, Manantha vadi	801-Cashew Raw Nuts	400 km.

എന്നാൽ 22.06.2018 ൽ തന്നെ സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത രണ്ടാമത്തെ ഇ-വേ ബിൽ (5010 3757 9162) പ്രകാരം മേൽ ഇ- വേ ബില്ലുകളിൽ ഉള്ളതുപോലെ 20400 kg നാടൻ തോട്ടണ്ടി South Kerala Cashew Exporters എന്ന സ്ഥാപനം കൊല്ലത്തു നിന്നും തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി മാനന്തവാടിയിലേക്ക് നൽകിയത് സംബന്ധിച്ചാണ്.

മേൽപ്പടി - 3 ഇ വേ ബില്ലുകളും പരിശോധിച്ചാൽ ശ്രീ. ഷിബു .റ്റി.സി, ചാത്തിനാംകുളം ഫാക്ടറിയിൽ ഇറക്കിയ TN 69 AL 7866 നം. വാഹനത്തിലൂടെ 20400 കിലോ തോട്ടണ്ടിയുടെ വരവ് താഴെപ്പറയും പ്രകാരമാണെന്ന് കാണാവുന്നതാണ്.

ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തുനിന്നും സിങ്കപ്പൂർ തുറമുഖം വഴി തൂത്തുക്കുടി തുറമുഖത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ നിന്നും 20400 കിലോ തോട്ടണ്ടി 23.06.2018 - ൽ തൂത്തുക്കുടി തുറമുഖത്തുനിന്നും കൊല്ലത്തേക്ക് കൊണ്ടുവരികയും അന്നേ ദിവസം (23.06.2018) തന്നെ കാപ്പെക്സിന്റെ കൊല്ലം ജില്ലയിലെ ചാത്തനാംകുളം ഫാക്ടറിയിൽ ഇറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിന് ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം TN 69AL 7866 എന്ന വാഹനം തോട്ടണ്ടിയുമായി 23.06.2018 ൽ രാവിലെ 6.00 മണിക്കും ഉച്ചയ്ക്ക് 1.30 നും ഇടയിൽ തൂത്തുക്കുടിയിൽ നിന്നും കേരളത്തിൽ പ്രവേശിച്ചതായി കാണാം(Ext-36). ആയതുതന്നെ വയനാടിലെ മാനന്തവാടിയിൽ നിന്നും പ്രസ്തുത വാഹനത്തിൽ നാടൻ തോട്ടണ്ടി അന്നേ ദിവസം ഉച്ചയ്ക്ക് 2.40 ന് കാപ്പെക്സിന്റെ ചാത്തിനാംകുളം ഫാക്ടറിയിൽ എത്തിക്കുവാൻ സാധ്യമല്ല എന്നതിന്റെ തെളിവാണ്. മേൽ വിവരങ്ങൾ വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയാണ് നേരിട്ട് തൂത്തുക്കുടിയിൽ നിന്നും കാപ്പെക്സിൽ എത്തിച്ചതെന്ന് വ്യക്തമാക്കുന്നു. EAST WEST COMMODITES Pvt LTD OTHER CONTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം തോട്ടണ്ടി തമിഴ് നാട്ടിലെ തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിനായി കൊല്ലത്ത് എത്തിച്ച തോട്ടണ്ടിയാണ് ശ്രീ. ഷിബു. ടി.സി, നാടൻ തോട്ടണ്ടി എന്ന നിലയിൽ കാപ്പെക്സിന് നൽകിയത് എന്ന് സംശയാതീതമായി തെളിയിക്കുന്നു. .

iv). <u>കിളികൊല്ലൂർ ഫാക്ടറിയിൽ TN 69 BA 9956 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്</u>

കിളികൊല്ലൂർ ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറി പ്രകാരം TN 69 BA 9956 എന്ന കണ്ടെയ്നർ 23.06.2018 11.35 AM ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 255 ചാക്ക് തോട്ടണ്ടി ഇറക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച TN 69 BA 9956 കണ്ടെയ്നർ വാഹനത്തിന്റെ ഇ-വേ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(Ext-37)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 69 BA 9956	5410 3761 2625	32AMRPC 1388G1Z3, തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, കേരള.	23.06.2018, 9.08 am	20400 kg (255 ബാഗ്)	മാനന്തവാടി, കേരള	കാപക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം TN 69 BA 9956 എന്ന വാഹന നമ്പരിൽ 22.06.2018 ൽ മറ്റ് രണ്ട് e-way bill കൾ കൂടി സൃഷ്ടിച്ചതായി കണ്ടു (Ext-38,39.). പ്രസ്തുത e-way bill കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആദ്യ ഇ-വേ ബിൽ(Ext-38)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	Despatched from	Shipped to	HSN Code& Product Name	Distance
TN 69 BA 9956	5710 3753 6887	32AEK PP139 9B1ZL EAST WEST COMMOD ITES PTE LTD OTHER COUNTRI ES	22.6.2018, 06.21 pm	20400 kg(255 ബാഗ്)	Level -42 Suntectower 38,Temasek, Singapore, Tuticorin port, other countries-999999.	South Kerala Cashew Exporters, Kerala. Kilikollur, Kollam	801 Cashew Nuts	210 km.

മേൽ ഇ-വേ ബിൽ നം. 5710 3753 6887 (Ext-38) പ്രകാരം EAST WEST COMMODITES Pvt LTD OTHER COUNTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്ത നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലം ജില്ലയിലെ കിളിക്കൊല്ലൂർ എന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിന വേണ്ടി ഉള്ളതായിരുന്ന പ്രസ്തുത ഇ-വേ ബിൽ എന്ന് കാണാവുന്നതാണ്. രണ്ടാമത്തെ E-Way ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്ന (Ext-39).

രണ്ടാമത്തെ E-Way ബില്ല്

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 69 BA 9956	5010375 78789	32AEK PP139 9B1ZL SOUTH KERALA CASHEW EXPORTERS, KERALA	22.06.2018, 9.36 pm	20400 kg	South Kerala cashew exporters, Kilikollor, Kollam.	Thekkum mattathiil Trading Company, Mananthava di	801 -raw cashew nut	400 km.

എന്നാൽ 22.06.2018 ൽ തന്നെ സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത ഇ-വേ ബിൽ (501037578789) പ്രകാരം മേൽ ഇ- വേ ബില്ലുകളിൽ ഉള്ളതുപോലെ 20400 kg തോട്ടണ്ടി South Kerala Cashew Exporters എന്ന സ്ഥാപനം കൊല്ലത്തു നിന്നും തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി മാനന്തവാടിയിലേക്ക് നൽകിയത് സംബന്ധിച്ചാണ്.

മേൽപ്പടി - 3 ഇ - വേ ബില്ലുകളും പരിശോധിച്ചാൽ ശ്രീ. ഷിബു .ടി.സി, കിളികൊല്ലൂർ ഫാക്ടറിയിൽ TN 69 BA 9956 നം. വാഹനത്തിലൂടെ ഇറക്കിയ 20705 കിലോ 255 ബാഗ്) തോട്ടണ്ടിയുടെ വരവ് താഴെപ്പറയും പ്രകാരമാണെന്ന് കാണാവുന്നതാണ്.

ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തുനിന്നും സിങ്കപ്പൂർ ഇറമുഖം വഴി തൂത്തുക്കുടി ഇറമുഖത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ നിന്നും 20400 കിലോ (പ്രഖ്യാപിത ഭാരം) തോട്ടണ്ടി 23.06.2018 ൽ തൂത്തുക്കുടി ഇറമുഖത്തുനിന്നും കൊല്ലത്തേക്ക് കൊണ്ടുവരികയും ആയതിൽ 20705 കിലോ (255 ബാഗ്) അന്നേ ദിവസം (23.06.2018) തന്നെ കാപ്പെക്സിന്റെ കൊല്ലം ജില്ലയിലെ ചാത്തനാംകുളം ഫാക്ടറിയിൽ ഇറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിന് ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം TN 69 BA 9956 എന്ന വാഹനം തോട്ടണ്ടിയുമായി 22.06.2018 ൽ രാത്രി 10.00 മണിക്കും 23.06.2018 രാവിലെ 6.00 മണിക്കും ഇടയിൽ (Ext-36) തൂത്തുക്കുടിയിൽ നിന്നും കേരളത്തിൽ പ്രവേശിച്ചതായി കാണാം. ആയതുതന്നെ വയനാടിലെ മാനന്തവാടിയിൽ നിന്നും 23.06.2018 ൽ പ്രസ്തുത വാഹനത്തിൽ രാവിലെ നാടൻ തോട്ടണ്ടി അന്നേ ദിവസം രാവിലെ 11.35 AM ന് കാപ്പെക്സിന്റെ കിളികൊല്ലൂർ ഫാക്ടറിയിൽ എത്തിക്കുവാൻ സാധ്യമല്ല എന്നതിന്റെ തെളിവാണ്. മേൽ വിവരങ്ങൾ പ്രകാരം വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയാണ് നേരിട്ട് തൂത്തുക്കുടിയിൽ നിന്നും കാപ്പെക്സിൽ എത്തിച്ചതെന്ന് വ്യക്തമാകുന്നു. ഇതോടെ EAST WEST COMMODITES Pvt LTD OTHER CONTRIES എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം (പ്രഖ്യാപിത ഭാരം) തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലത്ത് എത്തിച്ച തോട്ടണ്ടിയിൽ 20705 കിലോ ആണ് ശ്രീ. ഷിബു. ടി.സി, നാടൻ തോട്ടണ്ടി എന്ന നിലയിൽ കാപ്പെക്സിന് നൽകിയത് എന്ന് സംശയാതീതമായി തെളിയുന്നു.

v). <u>കിളികൊല്ലൂർ ഫാക്ടറിയിൽ TN 23 BD 1557 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്</u>

കിളികൊല്ലൂർ ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറി പ്രകാരം TN 23 BD 1557 എന്ന കണ്ടെയ്നർ 23.06.2018 03.05 PM ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 255 ചാക്ക് തോട്ടണ്ടി ഇറക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച TN 23 BD 1557 കണ്ടെയ്നർ വാഹനത്തിന്റെ ഇ-വേ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(Ext-40)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 23 BD 1557	5710 3761 2848	32AMRPC 1388G1Z3, തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, കേരള.	23.06.2018, 9.12 am	20400 kg	മാനന്തവാടി, കേരള	കാപ്പെക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം TN 23 BD 1557 എന്ന വാഹന നമ്പരിൽ 22.06.2018 ൽ മറ്റ് രണ്ട് e-way bill കൾ കൂടി സൃഷ്ടിച്ചതായി കണ്ടു (Ext-41,42). പ്രസ്തുത e-way bill കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 23 BD 1557	5710 3755 7833	32AEK PP139 9B1ZL EAST WEST COMMODITES PTE LTD, OTHER COUNTRIES	22.06.2018, 07.26 pm	20400 kg(255 ബാഗ്)	Level -42 Suntecto wer38,Te masek, Singapore , Tuticorin port,other countries-999999.	South Kerala Cashew Exporters, Kerala. Kilikollur, Kollam	801 Raw Cashew Nuts	210 km.

മേൽ ഇ-വേ ബിൽ നം. 5710 3755 7833 (Ext-41) പ്രകാരം EAST WEST COMMODITES Pvt LTD OTHER COUNTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം (പ്രഖ്യാപിത ഭാരം) തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലം ജില്ലയിലെ കിളിക്കൊല്ലൂർ എന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനു വേണ്ടി ഉള്ളതായിരുന്നു. രണ്ടാമത്തെ E-Way ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

രണ്ടാമത്തെ E-Way ബിൽ(Ext-42)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 23 BD 1557	5810 3757 8981	32AEK PP139 9B1ZL SOUTH KERALA CASHEW EXPORTER S, KERALA	22.06.2018, 9.37 pm	20400 kg	South Kerala cashew exporters, Kilikollor, Kollam.	Thekkum mattathil Trading Company, Mananthav adi	801 Raw Cashew Nuts	400 km.

എന്നാൽ 22.06.2018 ൽ തന്നെ സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത ഇ-വേ ബിൽ (5810 3757 8981)പ്രകാരം മേൽ ഇ - വേ ബില്ലുകളിൽ ഉള്ളതുപോലെ 20400 kg തോട്ടണ്ടി South Kerala Cashew Exporters എന്ന സ്ഥാപനം കൊല്ലത്തു നിന്നും തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി മാനന്തവാടിയിലേക്ക് നൽകിയത് സംബന്ധിച്ചാണ്.

മേൽപ്പടി - 3 ഇ വേ ബില്ലുകളും പരിശോധിച്ചാൽ ശ്രീ. ഷിബു .ടി.സി, കിളികൊല്ലൂർ ഫാക്ടറിയിൽ ഇറക്കിയ TN 23 BD 1557 നം. വാഹനം വഴി ഇറക്കിയ 20765 കിലോ തോട്ടണ്ടിയുടെ വരവ് താഴെപ്പറയും പ്രകാരമാണെന്ന് കാണാവുന്നതാണ്.

ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തുനിന്നും സിങ്കപ്പൂർ ഉറമുഖം വഴി തൂത്തുക്കുടി ഉറമുഖത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ നിന്നും 20400 കിലോ (പ്രഖ്യാപിത ഭാരം) തോട്ടണ്ടി 23.06.2018 ൽ തൂത്തുക്കുടി ഉറമുഖത്തുനിന്നും കൊല്ലത്തേക്ക് കൊണ്ടുവരികയും ആയതിൽ 20765 കിലോ അന്നേ ദിവസം (23.06.2018) തന്നെ കാപ്പെക്സിന്റെ കൊല്ലം ജില്ലയിലെ ചാത്തനാംകുളം ഫാക്ടറിയിൽ ഇറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിന് ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം TN 23 BD 1557 എന്ന വാഹനം തോട്ടണ്ടിയുമായി 23.06.2018 രാവിലെ 6.00 മണിക്കും ഉച്ചയ്ക്ക് 1.30 നും ഇടയിൽ (Ext-36.) തൂത്തുക്കുടിയിൽ നിന്നും കേരളത്തിൽ പ്രവേശിച്ചതായി കാണാം. ആയതുതന്നെ വയനാടിലെ മാനന്തവാടിയിൽ നിന്നും 23.06.2018 ൽ പ്രസ്തുത വാഹനത്തിൽ തോട്ടണ്ടി 3.05 PM ന് കാപ്പെക്സിന്റെ കിളികൊല്ലൂർ ഫാക്ടറിയിൽ എത്തിക്കുവാൻ സാധിക്കില്ല എന്നതിന്റെ തെളിവാണ്. മേൽ വിവരങ്ങൾ പ്രകാരം വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടി നേരിട്ട് തൂത്തുക്കുടിയിൽ നിന്നും കാപ്പെക്സിൽ എത്തിച്ചതെന്ന് വ്യക്തമാകുന്നു. ഇതോടെ EAST WEST COMMODITES Pvt LTD OTHER CONTRIES എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20765 കിലോ ഗ്രാം തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലത്ത് എത്തിച്ച തോട്ടണ്ടിയാണ് ശ്രീ. ഷിബു. ടി.സി നാടൻ തോട്ടണ്ടി എന്ന നിലയിൽ കാപ്പെക്സിന് നൽകിയത് എന്ന് സംശയാതീതമായി തെളിയുന്നു.

vi). ചാത്തന്നൂർ ഫാക്ടറിയിൽ TN 34 L 8673 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്

ചാത്തന്നൂർ ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറി പ്രകാരം TN 34 L 8673 എന്ന കണ്ടെയ്നർ 23.06.2018 03.30 PM ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 20410 kg തോട്ടണ്ടി ഇറക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച TN 34 L 8673 കണ്ടെയ്നർ വാഹനത്തിന്റെ ഇ-വേ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(Ext-43)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 34 L 8673	5110 3761 3281	32AMRPC 1388G1Z3, തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, കേരള.	23.06.2018, 9.16 am	20800 kg	മാനന്തവാടി, കേരള	കാപ്പെക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം TN 34 L 8673 എന്ന വാഹന നമ്പരിൽ 22.06.2018 ൽ മറ്റ് രണ്ട് e-way bill കൾ കൂടി സൃഷ്ടിച്ചതായി കണ്ടു (Ext-44,45). പ്രസ്തുത e-way bill കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാമത്തെ ഇ-വേ ബിൽ(Ext-44)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	Despatched from	Shipped to	HSN Code& Product Name	Distance
TN 34 L 8673	5510 3753 1493	32AEK PP139 9B1ZL EAST WEST COMMODITES Pvt LTD OTHER COUNTRIES	22.6.2018, 06.06 pm	20800 kg	Level -42 Suntectower 38,Temasek, Singapore, Tuticorin port,othercountries-999999.	South Kerala Cashew Exporters, Kerala. Kilikollur, Kollam	801 Cashew Nuts	210 km.

മേൽ ഇ-വേ ബിൽ നം. 5510 3753 1493 (Ext-44,) പ്രകാരം EAST WEST COMMODITES Pvt LTD OTHER COUNTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20800 കിലോ ഗ്രാം തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലം ജില്ലയിലെ കിളിക്കൊല്ലൂർ എന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനു വേണ്ടി ഉള്ളതായിരുന്നു. രണ്ടാമത്തെ E-Way ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

രണ്ടാമത്തെ ഇ-വേ ബിൽ(Ext-45)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 34 L 8673	5110 3757 9532	32AEK PP139 9B1ZL SOUTH KERALA CASHEW EXPORTERS, KERALA	22.06.2018, 9.43 pm	20800 kg	South Kerala cashew exporters, Kilikollor, Kollam.	Thekkummattathil Trading Company, Mananthavadi	801 Cashew Nut	400 km.

എന്നാൽ 22.06.2018 ൽ തന്നെ സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത ഇ-വേ ബിൽ (5110 3757 9532) പ്രകാരം മേൽ ഇ- വേ ബില്ലുകളിൽ ഉള്ളതുപോലെ 20800 kg തോട്ടണ്ടി South Kerala Cashew Exporters എന്ന സ്ഥാപനം കൊല്ലത്തു നിന്നും തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി മാനന്തവാടിയിലേക്ക് നൽകിയത് സംബന്ധിച്ചാണ്.

മേൽപ്പടി - 3 ഇ വേ ബില്ലുകളും പരിശോധിച്ചാൽ ശ്രീ. ഷിബു .റ്റി.സി, ചാത്തന്നൂർ_ഫാക്ടറിയിൽ ഇറക്കിയ TN 34 L 8673 നം. വാഹനം വഴി ഇറക്കിയ 20410 കിലോ തോട്ടണ്ടിയുടെ വരവ് താഴെപ്പറയും പ്രകാരമാണെന്ന് കാണാവുന്നതാണ്.

ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തുനിന്നും സിങ്കപ്പൂർ തുറമുഖം വഴി തൂത്തുക്കുടി തുറമുഖത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ നിന്നും 20400 കിലോ തോട്ടണ്ടി 23.06.2018 ൽ തൂത്തുക്കുടി തുറമുഖത്തുനിന്നും കൊല്ലത്തേക്ക് കൊണ്ടുവരികയും ആയതിൽ 20410 kg അന്നേ ദിവസം (23.06.2018) തന്നെ കാപ്പെക്സിന്റെ കൊല്ലം ജില്ലയിലെ ചാത്തനാംകുളം ഫാക്ടറിയിൽ ഇറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിന് ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം TN 34 L 8673 എന്ന വാഹനം തോട്ടണ്ടിയുമായി 22.06.2018 രാത്രി 10.00 മണിക്കും 23.06.2018 രാവിലെ 6.00 മണിക്കും ഇടയിൽ (Ext-36) തൂത്തുക്കുടിയിൽ നിന്നും കേരളത്തിൽ പ്രവേശിച്ചതായി കാണാം. ആയതുതന്നെ വയനാടിലെ മാനന്തവാടിയിൽ നിന്നും പ്രസ്തുത വാഹനത്തിൽ 23.06.2018 ൽ 3.30 PM ന് നാടൻ തോട്ടണ്ടി കാപ്പെക്സിന്റെ ചാത്തന്നൂർ ഫാക്ടറിയിൽ എത്തിക്കുവാൻ സാധ്യമല്ല എന്നതിന്റെ തെളിവാണ്. മേൽ വിവരങ്ങൾ പ്രകാരം വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയാണ് നേരിട്ട് തൂത്തുക്കുടിയിൽ നിന്നും കാപ്പെക്സിൽ എത്തിച്ചതെന്ന് വ്യക്തമാകുന്നു. EAST WEST COMMODITES Pvt LTD OTHER CONTRIES എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20800 കിലോ ഗ്രാം തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലത്ത് എത്തിച്ചതിൽ 20410 കിലോഗ്രാം തോട്ടണ്ടിയാണ് ശ്രീ. ഷിബു. ടി.സി, നാടൻ തോട്ടണ്ടി എന്ന നിലയിൽ കാപ്പെക്സിന് നൽകിയത് എന്നത് സംശയാതീതമായി തെളിയിക്കുന്നു.

vii). <u>പത്തിയൂർ ഫാക്ടറിയിൽ TN 69 AK 0462 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്</u>

പത്തിയൂർ ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറി പ്രകാരം TN 69 AK 0462 എന്ന കണ്ടൈനർ 24.06.2018 09.05 AM ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 255 ബാഗ് തോട്ടണ്ടി ഇറക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച TN 69 AK 0462 കണ്ടൈനർ വാഹനത്തിന്റെ ഇ-വേ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (Ext-46)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 69 AK 0462	5310 3758 5465	32AMRPC 138 8G1Z3, തെക്കുംമറ്റത്തിൽ ടെയിഡിംഗ് കമ്പനി, കേരള.	22.06.2018, 10.55 pm	20400 kg (255 bag)	മാനന്തവാടി, കേരള	കാപ്പെക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം TN 69 AK 0462 എന്ന വാഹന നമ്പരിൽ 22.06.2018 ൽ മറ്റ് രണ്ട് e-way bill കൾ

കൂടി സൃഷ്ടിച്ചതായി കണ്ടു (Ext-47,48). പ്രസ്തുത e-way bill കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

E-way bill - 1 (Ext-47)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	Despatched from	Shipped to	HSN Code& Product Name	Distance
TN 69 AK 0462	5710 3752 6086	32AEK PP139 9B1ZL EAST WEST COMMODITES Pvt LTD OTHER COUNTRIES	22.06.2018, 05.52 pm	20400 kg	Level -42 Suntectower 38,Temasek, Singapore, Tuticorin port,othercountries-999999.	South Kerala Cashew Exporters, Kerala. Kilikollur, Kollam	801 Cashew Nuts	210 km.

മേൽ ഇ-വേ ബിൽ നം. 5710 3752 6086 (Ext-47) പ്രകാരം EAST WEST COMMODITES Pvt LTD OTHER COUNTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലം ജില്ലയിലെ കിളിക്കൊല്ലൂർ എന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനു വേണ്ടി ഉള്ളതായിരുന്നു. രണ്ടാമത്തെ E-Way ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

E-way bill - 2(Ext-48)

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 69 AK 0462	5510 3757 8205	32AEK PP139 9B1ZL SOUTH KERALA CASHEW EXPORTERS, KERALA	22.06.2018, 9.30 pm	20400 kg	South Kerala cashew exporters, Kilikollor, Kollam.	Thekkummattil Trading Company, Mananthavadi	801 Raw Cashew Nut	400 km.

എന്നാൽ 22.06.2018 ൽ തന്നെ സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത ഇ-വേ ബിൽ (5510 3757 8205) പ്രകാരം മേൽ ഇ - വേ ബില്ലുകളിൽ ഉള്ളതുപോലെ 20400 kg തോട്ടണ്ടി South Kerala Cashew Exporters എന്ന സ്ഥാപനം കൊല്ലത്തു നിന്നും തെക്കുംമറ്റത്തിൽ ട്രേഡിംഗ് കമ്പനി മാനന്തവാടിയിലേക്ക് നൽകിയത് സംബന്ധിച്ചാണ്.

മേൽപ്പടി - 3 ഇ വേ ബില്ലുകളും പരിശോധിച്ചാൽ ശ്രീ. ഷിബു .ടി.സി, പത്തിയൂർ_ഫാക്ടറിയിൽ ഇറക്കിയ TN 69 AK 0462 നം. വാഹനം വഴി ഇറക്കിയ 20615 കിലോ തോട്ടണ്ടിയുടെ വരവ് താഴെപ്പറയും പ്രകാരമാണെന്ന് കാണാവുന്നതാണ്.

ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തുനിന്നും സിങ്കപ്പൂർ ഇറമുഖം വഴി തൂത്തുക്കുടി ഇറമുഖത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ നിന്നും 20615 കിലോ തോട്ടണ്ടി 23.06.2018 ൽ

തൂത്തുക്കുടി തുറമുഖത്തുനിന്നും കൊല്ലത്തേക്ക് കൊണ്ടുവരികയും തൊട്ടടുത്ത ദിവസം തന്നെ കാപ്പെക്സിന്റെ കൊല്ലം ജില്ലയിലെ ചാത്തനാംകുളം ഫാക്ടറിയിൽ ഇറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിന് ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം TN 69 AK 0462 എന്ന വാഹനം തോട്ടണ്ടിയുമായി 23.06.2018 ന് (Ext-36) തൂത്തുക്കുടിയിൽ നിന്നും കേരളത്തിൽ പ്രവേശിച്ചതായി കാണാം. ആയതുതന്നെ വയനാടിലെ മാനന്തവാടിയിൽ നിന്നും 23.06.2018 ൽ പ്രസ്തുത വാഹനത്തിൽ നാടൻ തോട്ടണ്ടി 3.30 PM ന് കാപ്പെക്സിന്റെ പത്തിയൂർ ഫാക്ടറിയിൽ എത്തിക്കുവാൻ സാധ്യമല്ല എന്നതിന്റെ തെളിവാണ്. മേൽ വിവരങ്ങൾ പ്രകാരം വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയാണ് നേരിട്ട് തൂത്തുക്കുടിയിൽ നിന്നും കാപ്പെക്സിൽ എത്തിച്ചതെന്ന് വ്യക്തമാകുന്നു.

viii). <u>ചെങ്ങമനാട് ഫാക്ടറിയിൽ TN 05 AK 4101 നം. വാഹനത്തിൽ നിന്നും ഇറക്കിയ ലോഡ് സംബന്ധിച്ച്</u>

ചെങ്ങമനാട് ഫാക്ടറിയിലെ വാച്ചേഴ്സ് ഡയറി പ്രകാരം TN 05 AK 4101 എന്ന കണ്ടെയ്നർ 23.06.2018 12.20 PM ന് ഫാക്ടറിയിൽ എത്തിയതായും ടി ലോറിയിൽ നിന്നും 255 ബാഗ് തോട്ടണ്ടി ഇറക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (അനുബന്ധം-3). മേൽ തോട്ടണ്ടി വാങ്ങലുമായി ബന്ധപ്പെട്ട് കാപ്പെക്സിൽ നിന്നും ലഭിച്ച TN 05 AK 4101 കണ്ടെയ്നർ വാഹനത്തിന്റെ ഇ-വേ ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു (Ext-49).

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	From	To	HSN Code& Product Name	Distance
TN 05 AK 4101	5810 3761 1637	32AMRPC 1388G1Z3, തെക്കുംമറ്റത്തിൽ ട്രെയിഡിംഗ് കമ്പനി, കേരള.	23.06.2018, 08.53 am	20400 kg (255 bag)	മാനന്തവാടി, കേരള	കാപ്പെക്സ്, കൊല്ലം	801	450 km.

എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി വകുപ്പിൽ നിന്ന് ലഭിച്ച രേഖകൾ പ്രകാരം TN 05 AK 4101 എന്ന വാഹന നമ്പരിൽ 22.06.2018 ൽ മറ്റൊരു e-way bill കൂടി സൃഷ്ടിച്ചതായി കണ്ടു (Ext-50). പ്രസ്തുത e-way bill ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

E-way bill - 1

Vehicle No	E way Bill No.	GSTIN & Name	E way Bill generated date & time	Quantity	Despatched from	Shipped to	HSN Code& Product Name	Distance
TN 05 AK 4101	5210 3755 0853	32AEK PP1399B1ZL EAST WEST COMMODITES PTE LTD OTHER COUNTRIES	22.06.2018, 07.04 pm	20400 kg	Level -42 Suntectower38,Temasek,Singapore, Tuticorin port,othercountries-999999.	South Kerala Cashew Exporters, kerala. Kilikollur, Kollam	801 Raw Cashew Nuts	210 km.

മേൽ ഇ-വേ ബിൽ നം. 5210 3755 0853 (Ext-50) പ്രകാരം EAST WEST COMMODITES Pvt LTD OTHER COUNTRIES-999999 എന്ന സ്ഥാപനം ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ 20400 കിലോ ഗ്രാം തോട്ടണ്ടി തമിഴ് നാട് തൂത്തുക്കുടി പോർട്ടിൽ നിന്നും സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിന് കൊല്ലം ജില്ലയിലെ കിളിക്കൊല്ലൂർ എന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനു വേണ്ടി ഉള്ളതായിരുന്നു.

മേൽപ്പടി - 2 ഇ വേ ബില്ലുകളും പരിശോധിച്ചാൽ ശ്രീ. ഷിബു .ടി.സി, ചെങ്ങമനാട് ഫാക്ടറിയിൽ ഇറക്കിയ TN 05 AK 4101 നം. വാഹനം വഴി ഇറക്കിയ 20295 കിലോ തോട്ടണ്ടിയുടെ വരവ് താഴെപ്പറയും പ്രകാരമാണെന്ന് കാണാവുന്നതാണ്.

ആഫ്രിക്ക അടക്കമുള്ള വിദേശ രാജ്യത്തുനിന്നും സിങ്കപ്പൂർ തുറമുഖം വഴി തൂത്തുക്കുടി തുറമുഖത്ത് ഇറക്കുമതി ചെയ്ത തോട്ടണ്ടിയിൽ നിന്നും 20295 കിലോ തോട്ടണ്ടി 21.06.2018 10.00 pm നും 22.06.2018 6.00 am നും ഇടയിൽ തൂത്തുക്കുടി തുറമുഖത്തുനിന്നും കൊല്ലത്തേക്ക് കൊണ്ടുവരികയും ആയതിൽ 20295 കിലോ ഗ്രാം 23.06.2018 ന് കാപ്പെക്സിന്റെ കൊല്ലം ജില്ലയിലെ ചാത്തനാംകുളം ഫാക്ടറിയിൽ ഇറക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ധനകാര്യ പരിശോധനാ വിഭാഗത്തിന് ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം TN 05 AK 4101 എന്ന വാഹനം തോട്ടണ്ടിയുമായി 21.06.2018 10.00 pm നും 22.06.2018 6.00 am നും ഇടയിൽ (Ext 36) തൂത്തുക്കുടിയിൽ നിന്നും കേരളത്തിൽ പ്രവേശിച്ചതായി കാണാം. ആയതുതന്നെ വയനാടിലെ മാനന്തവാടിയിൽ നിന്നും 23.06.2018 ൽ പ്രസ്തുത വാഹനത്തിൽ തോട്ടണ്ടി 12.20 PM ന് കാപ്പെക്സിന്റെ ചെങ്ങമനാട് ഫാക്ടറിയിൽ എത്തിക്കുവാൻ സാധ്യമല്ല എന്നതിന്റെ തെളിവാണ്. മേൽ വിവരങ്ങൾ പ്രകാരം വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടിയാണ് നേരിട്ട് ശ്രീ.ഷിബു.ടി.സി തൂത്തുക്കുടിയിൽ നിന്നും കാപ്പെക്സിൽ എത്തിച്ചതെന്ന് വ്യക്തമാകുന്നു.

Ix). കാപ്പെക്സിലേക്ക് തോട്ടണ്ടി കൊണ്ടുവന്ന വാഹനങ്ങൾക്ക് അതേ ദിവസം തോട്ടണ്ടി കൊണ്ടുവരുന്നതിനായി ഒന്നിലധികം ഇ-വേ ബില്ലുകൾ സൃഷ്ടിച്ചത് സംബന്ധിച്ച്

കർഷകനായ ശ്രീ. ഷിബു. ടി.സിയിൽ നിന്ന് തോട്ടണ്ടി വാങ്ങുന്നതിന് പകരം തെക്കുംമറ്റത്തിൽ ട്രേഡേഴ്സ് മാനന്തവാടി എന്ന വ്യാപാര സ്ഥാപനത്തിൽ നിന്ന് തോട്ടണ്ടി വാങ്ങുകയാണുണ്ടായത്. തെക്കും മറ്റത്തിൽ ട്രേഡേഴ്സ് കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിലേക്ക് നൽകിയ തോട്ടണ്ടി കൊണ്ടുവന്ന വാഹനങ്ങൾക്ക് കാപ്പെക്സിന് തോട്ടണ്ടി എത്തിക്കുന്നതിനായുള്ള ഇ-വേ ബിൽ സൃഷ്ടിച്ച ദിവസം തന്നെ തമിഴ് നാട്ടിലെ തൂത്തുക്കുടി തുറമുഖം അടക്കമുള്ള സ്ഥലങ്ങളിൽ നിന്നും തോട്ടണ്ടി കൊണ്ടുവരുന്നതിനായി ടി വാഹനങ്ങൾക്ക് തന്നെ ഇ-വേ ബില്ലുകൾ സൃഷ്ടിച്ച വിവരങ്ങൾ അനുബന്ധം-4 ൽ കാണാവുന്നതാണ്. പ്രസ്തുത ഇ-വേ ബില്ലുകൾ തെക്കും മറ്റം ട്രേഡേഴ്സ് എന്ന സ്ഥാപനം വിദേശ രാജ്യങ്ങളിൽ നിന്നടക്കം ഇറക്കുമതി ചെയ്ത തോട്ടണ്ടി നാടൻ തോട്ടണ്ടി എന്ന നിലയിൽ കാപ്പെക്സിലേക്ക് എത്തിച്ചു എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

4. ശ്രീ. ഷിബു. ടി.സി ക്ക് തുക അനുവദിച്ചു കൊടുത്തതിലെ വീഴ്ച സംബന്ധിച്ച്

2018 ൽ ശ്രീ. ഷിബു. ടി.സിയിൽ നിന്നും തോട്ടണ്ടി വാങ്ങിയ ഇനത്തിൽ ആകെ 5,51,23,761/- രൂപാ ടിയാന് അനുവദിച്ച് നൽകിയതായി കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. (Ext-24). കാപ്പെക്സിൽ കരാറടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്ന കൊമേഴ്സ്യൽ അസിസ്റ്റന്റായ ശ്രീമതി. മഞ്ജു,

അക്കൗണ്ട്സ് ഓഫീസർ ശ്രീ. സജീവകുമാർ, എന്നിവരാണ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷിന് പുറമെ പെയ്മെന്റ് സംബന്ധിച്ച ഫയൽ പരിശോധിച്ച് ആദ്യ ഘട്ടത്തിൽ 5,16,00,000/- രൂപാ അനുവദിച്ച് കൊടുത്തത്. തുടർന്ന് രണ്ടാം ഘട്ടമായി 35,23,761/- രൂപാ അനുവദിച്ച് കൊടുത്തിട്ടുള്ളത് മേൽ പറഞ്ഞ ഉദ്യോഗസ്ഥർക്ക് പുറമെ, തന്റെ സസ്പെൻഷൻ കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിച്ച കൊമേഴ്സ്യൽ മാനേജർ ശ്രീ. പി. സന്തോഷ് കുമാർ കൂടി പരിശോധിച്ച ശേഷമാണ്. മേൽ പെയ്മെന്റിന് ആധാരമായ വൗച്ചറുകൾ, ഇ-വേ ബില്ലുകൾ എന്നിവ ശ്രീ. ഷിബു. ടി.സിയുടെ പേരിന് പകരം തെക്കും മറ്റത്തിൽ ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതായിരുന്നു. എന്നാൽ കാപ്പെക്സ് നാടൻ തോട്ടണ്ടി വാങ്ങാൻ തീരുമാനിച്ചത് കർഷകനായ ശ്രീ. ഷിബു. ടി.സിയിൽ നിന്നുമായിരുന്നു. ശ്രീ. ഷിബു. ടി.സി യുടെ പേരിന് പകരം തെക്കും മറ്റത്തിൽ ട്രെയിഡിംഗ് കമ്പനിയുടെ പേരിലുള്ള രേഖകളെ അടിസ്ഥാനമാക്കി തുക അനുവദിച്ച് കൊടുത്തപ്പോൾ പ്രസ്തുത വീഴ്ച കണ്ടെത്തി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ. സജീവ കുമാർ, കൊമേഴ്യൽ അസിസ്റ്റന്റായ മഞ്ജു, കൊമേഴ്യൽ മാനേജർ ശ്രീ. പി. സന്തോഷ് കുമാർ എന്നീ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്.

6. 2019 ൽ കർഷകരിൽ നിന്ന് നേരിട്ട് തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച്

CAPEX ൽ 2019 സീസണിൽ കർഷകരിൽ നിന്നും നാടൻ തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട് ഉയർന്ന ക്രമക്കേടുകളെ തുടർന്ന് മാനേജിങ് ഡയറക്ടറായ ശ്രീ ആർ രാജേഷിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. ടിയാനെതിരേ ഔദ്യോഗിക തല അന്വേഷണം നടത്തുന്നതിന് ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ആയ ശ്രീ. അജിത് കുമാറിനെ ചുമതലപ്പെടുത്തിക്കൊണ്ട് 03-09-2019 ലെ സ.ഉ(സാധാ) നമ്പർ. 860/2019/വ്യവ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ശ്രീ. അജിത്കുമാർ.എ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ (Ext-51) പ്രധാന ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"17.03.2018 ലെ സ.ഉ.(സാധാ) നം. 287/2018/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 2017 ലെ അതേ രീതിയിൽ നാടൻ തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/ഫാമുകൾ കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംഭരിക്കുന്ന തോട്ടണ്ടിയ്ക്ക് നൽകേണ്ട വില നിർണ്ണയത്തിന് ഒരു വില നിർണ്ണയ സമിതിയെ രൂപീകരിച്ച് ഉത്തരവായിരുന്നു . 25.02.2019 - ൽ കൂടിയ വില നിർണ്ണയ സമിതിയുടെ തീരുമാന പ്രകാരം 31.03.2019 വരെയുള്ള കശുവണ്ടി സംഭരിക്കുന്നതിന് കിലോയ്ക്ക് 123/- രൂപ വിലയായി നിശ്ചയിച്ചു. 01.04.2019 മുതലുള്ള വില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ Economics & Statistcis വകുപ്പിനെ ചുമതലപ്പെടുത്താനും സമിതി തീരുമാനിച്ചു. അതിൻ പ്രകാരം 16.04.2019 -ലെ MI(2)3747/2019/DES നമ്പർ ഉത്തരവ് പ്രകാരം 01.04.2019 മുതലുള്ള കശുവണ്ടിയുടെ സംഭരണ വില കിലോയ്ക്ക് 123/- രൂപയായി നിശ്ചയിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. 11.03.2019 - ൽ കൂടിയ 13/18-19 CAPEX ബോർഡ് മീറ്റിംഗിലെ 209-ാം നമ്പർ തീരുമാന പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ, ആറളം ഫാം, ജയിൽ വകുപ്പ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കൂടാതെ കർഷകർ എന്നിവരിൽ നിന്നും നേരിട്ട് വില നിർണ്ണയ സമതി നിശ്ചയിച്ച വിലയായ 123/- രൂപയ്ക്ക് മുൻ വർഷങ്ങളിലേതു പോലെ വാങ്ങുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു.

സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11-03-2019 കൂടിയ കാപ്പെക്സ് ബോർഡ് മീറ്റിംഗ് നമ്പർ 13/18-19 ലെ 209-ാം നമ്പർ തീരുമാനപ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ, ആറളം ഫാം, ജയിൽ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കൂടാതെ കർഷകർ എന്നിവരിൽ നിന്നും നേരിട്ട്

ടെൻഡർ ഇല്ലാതെ തോട്ടണ്ടി മുൻവർഷങ്ങളിലെ പോലെ 2019 ലും വാങ്ങാവുന്നതും ആയതിന് സർക്കാർ വില നിർണയ സമിതി നിശ്ചയിച്ച 123/- രൂപ നൽകുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം 10 ഫാക്ടറികളിലെ നോട്ടീസ് ബോർഡിലും ഗേറ്റിലും കർഷകരിൽ നിന്നോ സൊസൈറ്റികളിൽ നിന്നോ സർക്കാർ നിശ്ചയിച്ച മേൽപ്പറഞ്ഞ വിലയിൽ വാങ്ങാവുന്നതാണെന്നും ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ പണം നൽകുന്നതാണെന്നും കാണിച്ച് നോട്ടീസ് ഇട്ട് പരമാവധി തോട്ടണ്ടി കർഷകർക്ക് ആശ്വാസം ലഭിക്കുന്ന വിധത്തിൽ വാങ്ങുവാനും ആയതിന് കാപ്പെക്സ് മാതൃകയാകണമെന്നും ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തു.

തുടർന്ന് കാസർകോട് ജില്ലയിൽ നിന്നുള്ള ഒരു കൂട്ടം കർഷകർക്ക് വേണ്ടി ശ്രീ. പി. നാരായണൻ ധർമ്മൻ എന്നയാൾ 26-03-2019 ലെ കത്ത് മുഖാന്തരം കർഷകരിൽ നിന്നും ശേഖരിച്ചു വച്ചിരിക്കുന്ന 45 മുതൽ 50 ലോഡ് വരെ തോട്ടണ്ടി നൽകുവാൻ കഴിയും എന്ന് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. മാനേജിംഗ് ഡയറക്ടറുടെ നിർദേശപ്രകാരം ടി കത്തിന് 03-04-2019 ന് നൽകിയ മറുപടിയിൽ കർഷകനാണെന്ന് തെളിയിക്കാൻ വില്ലേജ് ഓഫീസറുടെ മുദ്രപ്പത്രത്തിലുള്ള സാക്ഷ്യപത്രം, ജി എസ് ടി രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ സമർപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി. ടി കത്തിന് 20-04-2019 ന് ലഭിച്ച മറുപടിയിൽ കർഷകർ ആണെന്ന് തെളിയിക്കുന്ന കുറച്ചുപേരുടെ സർട്ടിഫിക്കറ്റുകൾ കൃഷി ഓഫീസറുടെ പക്കൽ നിന്നും ലഭിച്ചുവെന്നും ബാക്കിയുള്ളവരുടെ സർട്ടിഫിക്കറ്റുകൾ ഇലക്ഷൻ കഴിഞ്ഞ് ലഭ്യമാക്കാം എന്നും, കൈവശമുള്ള സർട്ടിഫിക്കറ്റുകൾ ആധാരമാക്കി ഇറക്കാൻ ഉത്തരവ് നൽകണമെന്നും ശ്രീ. പി. നാരായണൻ ധർമൻ അറിയിക്കുകയുണ്ടായി.

കൂടാതെ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ സുഹൃത്തായ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ ബില്ലിൽ തോട്ടണ്ടി അയച്ചു നൽകാമെന്നും അപ്രകാരം കരാറിൽ ഉൾപ്പെടുത്തണമെന്നും അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ അന്നേദിവസം തന്നെ കേരളത്തിൽ ഉത്പാദിപ്പിച്ച പച്ച തോട്ടണ്ടി പരമാവധി 500 മെട്രിക് ടൺ കാപ്പെക്സിന്റെ കൊല്ലത്തുള്ള ഫാക്ടറികളിൽ 15-05-2019 ന് മുൻപ് എത്തിക്കണമെന്ന വ്യവസ്ഥയിൽ കാപ്പെക്സ് മാനേജിങ് ഡയറക്ടറും Mashooq ട്രേഡിങ് കമ്പനി ഉടമയായ ശ്രീ. കെ. എ. മുഹമ്മദ് കുഞ്ഞും തമ്മിൽ കരാർ പത്രം ഒപ്പിടുകയുണ്ടായി. കരാറിൽ ഗുണനിലവാരം, വിലനിലവാരം, പാക്കിംഗ്, അൺലോഡിങ്ങ്, പെയ്മെൻറ് എന്നിവയ്ക്ക് നിബന്ധനകൾ നിഷ്കർഷിച്ചിരുന്നു.

കരാറൊപ്പിട്ട 20-04-2019 ന് തന്നെ ആദ്യ ലോഡ് തോട്ടണ്ടി കാസർഗോഡ് നിന്നും ലോറിയിൽ കയറ്റി വിടുകയും ആയത് 21-4-2019 ന് പെരിനാട് ഫാക്ടറിയിൽ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് 08-05-2019 വരെയുള്ള സമയപരിധിയിൽ 449.60 മെട്രിക് ടൺ തോട്ടണ്ടി കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ എത്തുകയുണ്ടായി. **എന്നാൽ ഇപ്രകാരം എത്തിച്ച തോട്ടണ്ടി യഥാർത്ഥ കർഷകരിൽ നിന്നും നേരിട്ട് വാങ്ങിയ തോട്ടണ്ടി ആണോ, അതോ വ്യാപാരികളിൽ നിന്നും സംഭരിച്ചതാണോ എന്നും, ഇങ്ങനെ സംഭരിക്കുന്നത് കൊണ്ട് യഥാർത്ഥ കർഷകർക്ക് ഗുണം ലഭിക്കുന്നുണ്ടോ എന്നും പരിശോധിക്കാൻ ഉള്ള ആർജ്ജവം കാപ്പെക്സ് മാനേജ്മെൻറ് സ്വീകരിച്ചില്ല.**

2019 ൽ കേരളത്തിൽ മാത്രം വിളഞ്ഞ തോടോടു കൂടിയ പച്ച തോട്ടണ്ടി പരമാവധി 500 മെട്രിക് ടൺ, അല്ലെങ്കിൽ മെയ് 15 വരെ ലഭിക്കുന്നത് വാങ്ങുന്നതിനാണ് 20-04-2019 ലെ കരാർ പത്രം പ്രകാരം സമ്മതിച്ചിരുന്നത്. അതിൻപ്രകാരം അന്നേദിവസം തന്നെ ജി എസ് ടി ബിൽ തയ്യാറാക്കി, ആദ്യ

ലോഡ് 21-04-2019 ന് കാപ്പെക്സിന്റെ പെരിനാട് ഫാക്ടറിയിൽ എത്തിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിലും ലോറികളിൽ വിവിധ ഫാക്ടറികളിൽ ആയി തോട്ടണ്ടി എത്തിക്കുകയുണ്ടായി. 08-05-2019 വരെ വിവിധ ഫാക്ടറികളിലായി 42 ലോഡ് പച്ച തോട്ടണ്ടി എത്തിക്കുകയുണ്ടായി. ആർ.ബി.എസ്സിന്റെ കണക്കുപ്രകാരം ഇപ്രകാരം എത്തിയ തോട്ടണ്ടിയുടെ ആകെ അളവ് 449.602 മെട്രിക് ടൺ ആണ്. വില നിർണയ സമിതി അംഗീകരിച്ച സംഭരണ വിലയ്ക്ക് പുറമേ കാപ്പെക്സിൽ തോട്ടണ്ടി എത്തിക്കുന്നതിന് ഒരു കിലോയ്ക്ക് 3.50 രൂപ നിരക്കിൽ വണ്ടിക്കൂലിയും കയറ്റുകൂലിയും അനുവദിക്കുകയുണ്ടായി. അങ്ങനെ, ഫലത്തിൽ ഒരു കിലോ തോട്ടണ്ടി കാപ്പെക്സിൽ എത്തിക്കുന്നതിന് ആകെ 126.50 രൂപ കാപ്പെക്സിന് ചെലവഴിക്കേണ്ടി വന്നു. കേരള കാഷ്യു ബോർഡ് വഴി ഇറക്കുമതി ചെയ്യുന്ന അസംസ്കൃത കശുവണ്ടിയുടെ വില ക്രമാതീതമായി താഴ്ന്നതിനെ തുടർന്ന് നാടൻ തോട്ടണ്ടിയുടെയും വിലകുറയുന്ന ഒരു സാഹചര്യം ഉണ്ടാവുകയും തുടർന്ന് 06-05-2019 ന് കൂടിയ വില നിർണയ സമിതി കശുവണ്ടിയുടെ സംഭരണവില 06-05-2019 മുതൽ കിലോയ്ക്ക് 110/- രൂപയായി നിശ്ചയിക്കുകയും ചെയ്തു.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 06-05-2019 ന് ശേഷം കാപ്പക്സിൽ എത്തിച്ച നാടൻ തോട്ടണ്ടിക്ക് ഒരു കിലോഗ്രാമിന് 113.50 രൂപയാണ് അനുവദിച്ചത്. കണക്കുകൾ പ്രകാരം 06-05-2019 ന് ശേഷം എത്തിച്ച തോട്ടണ്ടിയുടെ അളവ് 49645 കിലോഗ്രാമായിരുന്നു. Mahsooq ട്രേഡിങ് കമ്പനിയിൽ നിന്നും എത്തിച്ച 449.602 മെട്രിക് ടൺ തോട്ടണ്ടിയുടെ ആകെ വിലയായി കണക്കാക്കിയിരിക്കുന്നത് 590.41 ലക്ഷം രൂപയാണ്. ഇതിൽ 25-04-2019 മുതൽ 08-05-2019 വരെയുള്ള കാലയളവിലെ 6 കൈമാറ്റങ്ങളിലൂടെ 472.30 ലക്ഷം രൂപ കമ്പനിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. **ബാക്കി 118.08 ലക്ഷം രൂപ** കണക്കുകൾ പ്രകാരം നൽകുവാനുണ്ട്. Mahsooq ട്രേഡിങ് കമ്പനിയുടെ പേരിലുള്ള ഇന്ത്യൻ ബാങ്കിന്റെ കാസർകോട് ശാഖയിൽ നടത്തിയ അന്വേഷണത്തിൽ ലഭിച്ച ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം കാപ്പെക്സിൽ നിന്നും കൈമാറിയ തുകകൾ കൃത്യമായി അക്കൗണ്ടിൽ എത്തിയിട്ടുണ്ട്. അക്കൗണ്ടിൽ നിന്നും അന്നേ ദിവസങ്ങളിൽ തന്നെ ലക്ഷക്കണക്കിന് രൂപാ ചെക്ക് മുഖാന്തിരം പിൻ വലിച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഏതെങ്കിലും കർഷകരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതായി കണ്ടെത്താൻ സാധിച്ചില്ല. കരാർ പ്രകാരം 500 മെട്രിക് ടൺ തോട്ടണ്ടി മെയ് മാസം 15 -ാം തീയതിയ്ക്കകം കാപ്പെക്സിൽ എത്തിക്കണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ വിലനിർണ്ണയ സമിതി സംഭരണ വില കിലോഗ്രാമിന് 110/- രൂപയായി നിശ്ചയിച്ച ശേഷം (അതായത് 06-05-2019 മുതൽ) കമ്പനി തോട്ടണ്ടി കയറ്റി അയക്കുന്നില്ല. ബിൽ പ്രകാരം അവസാന ലോഡുകൾ കയറ്റി അയച്ചിരിക്കുന്നത് 05-05-2019 നാണ്. സംഭരണ വില കുറച്ചതിനാൽ കരാർ പ്രകാരമുള്ള വില ലഭിക്കില്ലെന്ന് ബോധ്യം ആയതിനാലാകാം കമ്പനികൾ പിന്മാറിയത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

നിഗമനങ്ങൾ

സാധാരണക്കാരായ കശുവണ്ടി കർഷകർക്ക് പരമാവധി ആശ്വാസം ലഭിക്കണം എന്ന ഉദ്ദേശത്തിലാണ് സർക്കാർ 123/- രൂപയ്ക്ക് കശുവണ്ടി സംഭരിക്കാൻ തീരുമാനിച്ചത്. അതിൻ പ്രകാരമാണ് ബോർഡ് 11-03-2019 - ൽ കർഷകരിൽ നിന്നും കശുവണ്ടി ശേഖരിക്കാൻ തീരുമാനിച്ചതു. എന്നാൽ കർഷകരിൽ നിന്നും 500 മെട്രിക് ടൺ തോട്ടണ്ടി ശേഖരിക്കാൻ ബോർഡ് തീരുമാനമെടുത്തിരുന്നില്ല. കരാർ പത്രത്തിൽ 23 കർഷകർ നൽകുന്ന തോട്ടണ്ടി എത്തിക്കുന്നതിനാണ് ശ്രീ മുഹമ്മദ് കുഞ്ഞിയുമായി മാനേജിങ് ഡയറക്ടർ കരാർ ഒപ്പുവെച്ചത്. അവരുടെ കൃഷിഭൂമിയിൽ നിന്നും ഇത്രയും അളവിൽ ലഭ്യമാകുമോ എന്നുള്ള പരിശോധന മാനേജിങ് ഡയറക്ടർ നടത്തിയിട്ടില്ല. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ മറവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചു എന്ന

വ്യാജേന വ്യാപാരികൾക്ക് ഉണം ചെയ്യുന്ന വിധത്തിൽ അമിതമായ അളവിൽ തോട്ടണ്ടി സംഭരിക്കാൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് അവസരമൊരുക്കുകയാണ് ചെയ്തിരിക്കുന്നത്. 2018 – ൽ തോട്ടണ്ടി സംഭരിച്ചതിന്റെ തനിയാവർത്തനമാണ് 2019 – ലെ നാടൻ തോട്ടണ്ടി സംഭരണത്തിലും സംഭവിച്ചതെന്ന് കാണാവുന്നതാണ്.

ശ്രീ ആർ. രാജേഷ്, കരാർ പത്രം പ്രകാരം സ്വീകരിച്ച എല്ലാ നടപടിക്രമങ്ങളും 02-05-2019 – ൽ കൂടിയ കാപ്പെക്സ് ബോർഡ് യോഗം സാധൂകരണം നൽകി അംഗീകരിക്കുകയുണ്ടായി. ഇപ്രകാരം ബോർഡ് അംഗീകാരം വാങ്ങിയതിലൂടെ തന്റെ ഭാഗം സുരക്ഷിതമാക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. Mahsooq ട്രേഡിങ് കമ്പനിയിൽ നിന്നും 449.60 മെട്രിക് ടൺ തോട്ടണ്ടി വാങ്ങിയ സമയത്ത് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും 82.54 മെട്രിക് ടണും, ആറളം ഫാമിൽ നിന്നും 112.98 മെട്രിക് ടണും മാത്രമാണ് സംഭരിച്ചിരിക്കുന്നത്.

21-04-2019 – ന് ആദ്യ ലോഡ് തോട്ടണ്ടി എത്തിച്ച ശ്രീ മുഹമ്മദ് കുഞ്ഞി 24-04-2019 ന് മൂന്ന് ലോഡ് തോട്ടണ്ടി കൂടി കാപ്പെക്സിൽ എത്തിച്ചു. ഈ നാല് ലോഡ് തോട്ടണ്ടിയുടെ വിലയായി 53,05,380/- രൂപ 25-04-2019 ന് തന്നെ മുഹമ്മദ് കുഞ്ഞിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുണ്ടായി. 08-05-2019 വരെ എത്തിച്ച മുഴുവൻ തോട്ടണ്ടിയുടെയും 80% വിലയായ 472.33 ലക്ഷം രൂപ 08-05-2019 ന് തന്നെ Mahsooq ട്രേഡിങ് കമ്പനി യുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 20% തുകയായ 118.08 ലക്ഷം രൂപ കരാർ പത്രം പ്രകാരം കട്ടിംഗ് ടെസ്റ്റ് റിസൾട്ട് ന് ശേഷം മാത്രമേ നൽകാൻ കഴിയുകയുള്ളൂ. തോട്ടണ്ടി നൽകിയ ഇനത്തിൽ കാഷ്യൂ ബോർഡിന് വൻ തുക കുടിശ്ശികയായി നൽകാൻ ഉള്ളപ്പോഴാണ് Mahsooq ട്രേഡിങ് കമ്പനിക്ക് തുക അനുവദിക്കാൻ മാനേജിങ് ഡയറക്ടർ അമിത ഉത്സാഹം കാണിച്ചിരിക്കുന്നത്. കാഷ്യൂ ബോർഡ് ഇറക്കി നൽകിയ തോട്ടണ്ടി പ്രോസസ് ചെയ്ത പരിപ്പ് വില്പന നടത്തിയ തുക വകമാറ്റിയാണ് ടിയാൻ ശ്രീ. മുഹമ്മദ് കുഞ്ഞിക്ക് വളരെ വേഗത്തിൽ തുക കൈമാറിയതെന്ന് കാണേണ്ടതാണ്. ആയതു മൂലം കാഷ്യൂ ബോർഡ് ഇറക്കി നൽകിയ തോട്ടണ്ടിക്ക് തുക കൈമാറാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ലക്ഷക്കണക്കിന് രൂപ ടി ഇനത്തിൽ ഇതുവരെ കാപ്പെക്സിന്റെ ബാധ്യതയായി പലിശ ഇനത്തിൽ കാഷ്യൂ ബോർഡ് തുക വരവ് വെച്ചിട്ടുണ്ടെന്ന് അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ വിശകലനത്തിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് കർഷകരിൽ നിന്നും തോട്ടണ്ടി ന്യായമായ വിലയ്ക്ക് സംഭരിക്കാൻ സർക്കാർ എടുത്ത തീരുമാനം പൂർണമായും അട്ടിമറിക്കപ്പെടുകയും കശുവണ്ടി വ്യാപാരികൾക്ക് സംഭരണവില ലഭിക്കുന്നതിന് കാപ്പെക്സ് മാനേജിങ് ഡയറക്ടർ അവസരമൊരുക്കുകയും ആയതു വഴി സ്വയം സാമ്പത്തിക നേട്ടം ഉണ്ടാക്കുകയുമാണ് ഉണ്ടായത്."

ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. അജിത് കുമാർ എ യുടെ റിപ്പോർട്ട് പ്രകാരം കാപ്പെക്സ് ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ മറവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചു എന്ന വ്യാജേന വ്യാപാരികൾക്ക് ഉണം ചെയ്യുന്ന വിധത്തിൽ അമിതമായ അളവിൽ തോട്ടണ്ടി സംഭരിക്കാൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് അവസരമൊരുക്കുകയാണ് ചെയ്തതെന്ന് കണ്ടെത്തിയിട്ടുണ്ട്. മേൽ റിപ്പോർട്ടിലെ കണ്ടെത്തലുകളെ ശക്തിപ്പെടുത്തുന്ന രേഖകളാണ് ധനകാര്യ പരിശോധനാ വിഭാഗത്തിന് ചരക്ക് സേവന നികുതി(GST) വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. കർഷകരിൽ നിന്നും നേരിട്ട് നാടൻ തോട്ടണ്ടി സംഭരിക്കാനുള്ള സർക്കാർ ഉത്തരവിനെ ദുരുപയോഗം ചെയ്ത് കാസർകോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്ന് തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിന് ഭീമമായ സാമ്പത്തിക നഷ്ടമുണ്ടാവുകയും, വ്യാപാരിക്ക് (മഹ്സൂഖ് ടെയിഡിംഗ് കമ്പനി) കൊള്ളലാഭം നേടുവാൻ കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് അവസരമൊരുക്കുകയും ചെയ്തു. മാനേജിംഗ് ഡയറക്ടറുടെ

ഭാഗത്തുനിന്നുണ്ടായ ദുരുദ്ദേശപരമായ മേൽ നടപടി മൂലം കേരളത്തിലെ കശുവണ്ടി കർഷകരെ സഹായിക്കാനുള്ള സർക്കാർ തീരുമാനങ്ങൾ അട്ടിമറിക്കപ്പെടുകയുണ്ടായി. മഹ്സൂഖ് ടെയിഡിംഗ് കമ്പനി കാപ്പെക്സിലേക്ക് തോട്ടണ്ടി നൽകിയത് സംബന്ധിച്ച് ചരക്ക് സേവന നികുതി(GST) വകുപ്പ് ധനകാര്യ പരിശോധനാ വിഭാഗത്തിന് ലഭ്യമാക്കിയ വാഹനങ്ങളുടെ ഇ-വേ ബില്ലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വസ്തുത ചുവടെ ചേർക്കുന്നു.

1) മഹ്സൂഖ് ടെയിഡിംഗ് കമ്പനി കാപ്പെക്സിന് തോട്ടണ്ടി എത്തിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള വാഹനങ്ങൾക്ക് ഇ-വേ ബില്ലുകൾ സൃഷ്ടിച്ച അതേ ദിവസമോ/തലേ ദിവസമോ മഹ്സൂഖ് ടെയിഡിംഗ് കമ്പനി തമിഴ് നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്നും തോട്ടണ്ടി എത്തിക്കുന്നതിനായി ടി വാഹനങ്ങൾക്കായി ഇ-വേ ബില്ലുകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നതു തന്നെ മറ്റു സംസ്ഥാനങ്ങൾ ഉൾപ്പടെയുള്ള വ്യാപാരികളിൽ നിന്നും വാങ്ങിയ തോട്ടണ്ടിയാണ് മഹ്സൂഖ് ടെയിഡിംഗ് കമ്പനി നാടൻ തോട്ടണ്ടി എന്ന പേരിൽ കാപ്പെക്സിന് നൽകിയതെന്ന് വ്യക്തമാക്കുന്നു. വിശദ വിവരങ്ങൾ **അനുബന്ധം-5** ൽ കാണാവുന്നതാണ്

നാടൻ തോട്ടണ്ടി എന്ന പേരിൽ മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിന് നേരിട്ട നഷ്ടം

2019-ഏപ്രിൽ - മേയ് മാസം കേരള കാഷ്യു ബോർഡ് ഘാന ഒർജിനൽ തോട്ടണ്ടി കയറ്റിറക്കു കൂലി ഉൾപ്പെടെ കിലോഗ്രാമിന് 75/- രൂപ നിരക്കിൽ ആവശ്യാനുസരണം തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ 2018 ലേതെന്നപോലെ 2019 - ലും തോട്ടണ്ടി ഇറക്കുമതിയിൽ അഴിമതി നടത്തി കാപ്പെക്സിന് 2.09 കോടി രൂപയുടെ നഷ്ടം വരുത്തി വച്ച് സ്വന്തം നിലയിൽ സാമ്പത്തിക ലാഭം കൊയ്തുവെന്നും കാണേണ്ടതാണ്.

2019 മെയ് മാസം ഘാന ഒറിജിനൽ തോട്ടണ്ടി കാഷ്യു ബോർഡ് കാപ്പെക്സിന് ലഭ്യമാക്കിയ വില / കാഷ്യു ബോർഡ് 2018 മെയ് ജൂൺ മാസങ്ങളിൽ ടെണ്ടർ നടപടികളിലൂടെ വാങ്ങിയ തോട്ടണ്ടിയുടെ പരമാവധി വില (Ext-51.-A)	-	75 രൂപാ/kg
M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് ഒന്നാം ഘട്ടത്തിൽ വാങ്ങിയ തോട്ടണ്ടിയുടെ വില	-	123 രൂപാ/kg
വാങ്ങിയ തോട്ടണ്ടിയുടെ അളവ് ടൺ	-	399.95 മെട്രിക്
ഒരു കിലോഗ്രാം RCN വാങ്ങിയതിലുണ്ടായ നഷ്ടം	-	123-75 = 48 രൂപ
M/s മഹ്സൂഖ് ടെയ്ഡിംഗ് കമ്പനിയിൽ നിന്നും ഒന്നാം ഘട്ടത്തിൽ തോട്ടണ്ടി വാങ്ങിയതിലൂടെ ഉണ്ടായ നഷ്ടം	-	399.95MT x Rs. 48/- = Rs.1,91,97,600/-

M/s മഹ്സൂഖ് ടെയ്ഡിംഗ് കമ്പനിയിൽ നിന്നും രണ്ടാം ഘട്ടത്തിൽ വാങ്ങിയ തോട്ടണ്ടിയുടെ അളവ്	-	49.64 മെട്രിക് ടൺ
വാങ്ങിയ തോട്ടണ്ടിയുടെ വില	-	110 രൂപാ/kg
ഒരു കിലോഗ്രാം RCN വാങ്ങിയതിലുണ്ടായ നഷ്ടം	-	110-75 = 35 രൂപാ
രണ്ടാം ഘട്ടത്തിൽ തോട്ടണ്ടി വാങ്ങിയതിലൂടെ ഉണ്ടായ നഷ്ടം	-	49.64 MT x Rs. 35/- = Rs.17,37,400/-
ആകെ നഷ്ടം (Rs.1,91,97,600/- + Rs.17,37,400/-)	-	**Rs. 2,09,35,000/-**
മഹ്സൂഖ് ടെയിഡിംഗ് കമ്പനിക്ക് ആകെ നൽകേണ്ടിയിരുന്ന തുക	-	590.41 ലക്ഷം രൂപ
നാളിതുവരെ മഹ്സൂഖ് ടെയിഡിംഗ് കമ്പനിക്ക് അനുവദിച്ച് നൽകിയ തുക	-	472.33 ലക്ഷം രൂപ
മഹ്സൂഖ് ടെയിഡിംഗ് കമ്പനിയ്ക്ക് നൽകുവാൻ ശേഷിക്കുന്ന തുക	-	118.08 ലക്ഷം രൂപ
മഹ്സൂഖ് ടെയിഡിംഗ് കമ്പനിയ്ക്ക് ഇനി നൽകേണ്ട തുക അനുവദിക്കാതിരുന്നാൽ കാപ്പെക്സിന്റെ നഷ്ടം	-	209.35 - 118.08 **= 91.27 ലക്ഷം രൂപ**

2018 ഏപ്രിൽ മാസം 20 -ാം തീയതി കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷും, മഹ്സൂഖ് ടെയിഡിംഗ് കമ്പനി ഉടമ ശ്രീ. മുഹമ്മദ് കുഞ്ഞിയും തമ്മിൽ സൃഷ്ടിച്ച കരാർ നം. എൽ.പി കേരള/2019-2020/01 ലെ വ്യവസ്ഥപ്രകാരം 2019 വർഷം കേരളത്തിൽ മാത്രം വിളഞ്ഞ തോടോട് കൂടിയ പച്ച തോട്ടണ്ടിയാവണം കാപ്പെക്സിന് നൽകേണ്ടതെന്നിരിക്കെ പ്രസ്തുത വ്യവസ്ഥ ലംഘിച്ചുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാപാരികളുൾപ്പടെയുള്ളവരിൽ നിന്നും സംഭരിച്ച തോട്ടണ്ടിയാണ് നൽകിയിരിക്കുന്നത്. ആയതിനാൽ തന്നെ കരാർ വ്യവസ്ഥകൾ ലംഘിച്ച് നൽകിയ തോട്ടണ്ടിയുടെ വിലയിനത്തിൽ മഹ്സൂഖ് ടെയിഡിംഗ് കമ്പനിക്ക് നൽകുവാൻ ശേഷിക്കുന്ന 118 ലക്ഷം രൂപ അനുവദിച്ച് നൽകേണ്ടതില്ല. കൂടാതെ രണ്ടു ഘട്ടങ്ങളിലായി മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിന് Rs. 2,09,35,000/- (രണ്ടു കോടി ഒമ്പത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപാ മാത്രം) നഷ്ടം ഉണ്ടായിട്ടുണ്ട്. മഹ്സൂഖ് ടെയിഡിംഗ് കമ്പനിക്ക് അനുവദിച്ച് നൽകുവാൻ ശേഷിക്കുന്ന 118.08 ലക്ഷം രൂപാ അനുവദിച്ച് നൽകാതിരുന്നാൽ കാപ്പെക്സിന്റെ നഷ്ടം 91.27 ലക്ഷം രൂപയായി മാറും. കേരളത്തിലെ കർഷകരിൽ നിന്നും നാടൻ തോട്ടണ്ടി ന്യായമായ വിലയ്ക്ക് സംഭരിക്കുവാനുള്ള സർക്കാരിന്റെ തീരുമാനത്തെ പൂർണ്ണമായും അട്ടിമറിച്ചുകൊണ്ട് സർക്കാർ

ഉത്തരവിനും കരാർ വ്യവസ്ഥയ്ക്കും വിരുദ്ധമായി തോട്ടണ്ടി വാങ്ങിയതിലൂടെ കശുവണ്ടി വ്യാപാരികൾക്ക് കൊള്ളലാഭം നേടിയെടുക്കുന്നതിനും കാപ്പെക്സിന് നഷ്ടം ഉണ്ടാക്കുന്നതിനും കാരണക്കാരനായ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷിൽ നിന്നും 91.27 ലക്ഷം രൂപാ ഈടാക്കേണ്ടതാണ്.

7. സംഗ്രഹം:-

I . 2018 ൽ കർഷകരിൽ നിന്ന് നേരിട്ട് തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകൾ

കേരളത്തിലെ സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്ന് തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ (സ.ഉ (സാധാ) നം. 566/2018/വ്യവ തീയതി 16-05-2018) ദുരുപയോഗം ചെയ്ത് അന്യ സംസ്ഥാനത്ത് നിന്നും /വിദേശ രാജ്യത്ത് നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടി കാപ്പെക്സിൽ വിറ്റഴിച്ച് കൊള്ളലാഭം നേടുന്നതിന് ശ്രീ. ഷിബു. ടി സി എന്ന വ്യാപാരിക്ക് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ രാജേഷ് ഒത്താശ നൽകി. പ്രസ്തുത വാങ്ങലിലൂടെ കാപ്പെക്സിന് ഉണ്ടായ സാമ്പത്തിക നഷ്ടം തമിഴ് നാട്ടിലെ കമ്പനികൾ മേൽ തോട്ടണ്ടി തെക്കും മറ്റത്തിൽ ട്രേഡിംഗ് കമ്പനിക്ക് എത്ര തുകയ്ക്ക് നൽകി എന്നതിനെയും, തമിഴ് നാട്ടിലെ മേൽ കമ്പനികൾ എത്രവിലയ്ക്കാണ് ടി തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും വാങ്ങി എന്നതിനെയും ആശ്രയിച്ചിരിക്കുന്നു. ആയത് വിശദമായ വിജിലൻസ് അന്വേഷണത്തിലൂടെ മാത്രമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂ. കാപ്പെക്സിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയത് കൂടാതെ കേരളത്തിലെ സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്ന് നാടൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ (സ.ഉ (സാധാ) നം. 566/2018/വ്യവ തീയതി 16-05-2018) അട്ടിമറിക്കുന്നതിന് കാപ്പെക്സ് മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ. രാജേഷ് തന്നെ സൗകര്യമൊരുക്കി നൽകിയത് എന്നത് തന്നെ ടിയാൻ മാനേജിംഗ് ഡയറക്ടറായി കാപ്പെക്സിൽ തുടരുന്നതിലെ അപകടം വ്യക്തമാക്കുന്നു.

II. 2019 ൽ തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകൾ

കേരളത്തിലെ കശുമാവ് കർഷകരുടെ തോട്ടണ്ടി സംഭരിച്ച് അവർക്ക് ന്യായമായ വില ലഭിക്കണമെന്ന ലക്ഷ്യത്തോടെ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന് (സ.ഉ(സാധാ) നം. 566/2018/വ്യവ തീയതി 16-05-2018) വിരുദ്ധമായി, കർഷകരിൽ നിന്നും തോട്ടണ്ടി ന്യായ വിലയ്ക്ക് സംഭരിക്കാൻ സർക്കാർ എടുത്ത തീരുമാനം പൂർണമായും അട്ടിമറിച്ചുകൊണ്ട് മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്ന് തോട്ടണ്ടി വാങ്ങിയതിലൂടെ സർക്കാരിന്റെയും, കാപ്പെക്സ് ഡയറക്ടർ ബോർഡിന്റെയും തീരുമാനത്തിന്റെ മറവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചു എന്ന വ്യാജേന വ്യാപാരികൾക്ക് ഗുണം ചെയ്യുന്ന വിധത്തിൽ അമിതമായ അളവിൽ തോട്ടണ്ടി സംഭരിക്കാൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് ഒത്താശ ചെയ്ത് തന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയാണുണ്ടായത്. ഇതുമൂലം കശുമാവ് കർഷകർക്ക് മെച്ചപ്പെട്ട വില നൽകി തോട്ടണ്ടി സംഭരിക്കുകയെന്ന സർക്കാരിന്റെ സദുദ്ദേശത്തെ അട്ടിമറിച്ചതിലൂടെ കശുമാവ് കർഷകർക്ക് വൻ സാമ്പത്തിക നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കൂടാതെ ഗുണമേന്മയുള്ള കേരള ഒറിജിനൽ നാടൻ തോട്ടണ്ടി കാപ്പെക്സിന് കിട്ടാതിരുന്നതുമൂലം കാപ്പെക്സിനും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

III. ഉപജീവനബത്ത കൈപ്പറ്റിയതിലെ ക്രമക്കേട്

കാപ്പെക്സ് മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ. രാജേഷിന് 23-12-2020 ലെ സ.ഉ.(സാധാ) നം.

1101/2020/വ്യവ പ്രകാരം സസ്പെൻഷൻ കാലയളവിൽ കെ.എസ്.ആർ വ്യവസ്ഥയ്ക്ക് വിധേയമായി ഉപജീവനബത്ത അനുവദിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ശ്രീ. ആർ. രാജേഷ് ഉപജീവനബത്ത സ്വയം അനുവദിച്ച് വാങ്ങിയതിലൂടെ അധികമായി 7,08,326/- രൂപ കൈപ്പറ്റിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 23.12.2020 - ലെ സ.ഉ (സാധാ) നം. 1101/20/വ്യവ ഉത്തരവിനും കെ.എസ്.ആർ-ലെ വ്യവസ്ഥകൾക്കും വിരുദ്ധമായി ഉപജീവനബത്തയിനത്തിൽ ശ്രീ. ആർ. രാജേഷ് അധികമായി കൈപ്പറ്റിയ 7,08,326/- രൂപയും (ഏഴ ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റിയിരുപത്തിയാറു രൂപ) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഡി.എ കുടിശ്ശികയിനത്തിൽ സസ്പെൻഷൻ കാലയളവിൽ അധികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുകയും കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം ടിയാന്റെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. ശ്രീ.ആർ രാജേഷിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8. ശിപാർശകൾ

i. കേരളത്തിലെ സാധാരണക്കാരായ കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്നും തോട്ടണ്ടി വാങ്ങുന്നതിനുള്ള 2018, 2019 വർഷങ്ങളിലെ സർക്കാർ ഉത്തരവുകളെ അട്ടിമറിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്ന്/വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത ഗുണമേന്മ കുറഞ്ഞ തോട്ടണ്ടി, വ്യാപാരികളിൽ നിന്നും വാങ്ങി ടി വ്യാപാരികൾക്ക് കൊള്ളലാഭം നേടുന്നതിനും കാപ്പെക്സിന് വൻ സാമ്പത്തിക നഷ്ടം വരുത്തിയതിനും കാരണക്കാരനായ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷ് തൽസ്ഥാനത്ത് തുടരുന്നത് സർക്കാരിന്റെയും കാപ്പെക്സിന്റെയും താല്പര്യങ്ങൾക്ക് വിരുദ്ധമായതിനാൽ ടിയാനെ അടിയന്തിരമായി കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തു നിന്നും മാറ്റേണ്ടതാണ്.

ii. സാധാരണക്കാരായ കശുമാവ് കർഷകർക്ക് ന്യായമായ വില കിട്ടുന്നതിനായി കർഷകരിൽ നിന്ന് തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ (സ.ഉ (സാധാ) നം. 566/2018/വ്യവ തീയതി 16-05-2018) ദുരുപയോഗം ചെയ്ത് അന്യ സംസ്ഥാനത്ത് നിന്നും /വിദേശ രാജ്യത്ത് നിന്നും ഇറക്കുമതി ചെയ്ത തോട്ടണ്ടി കാപ്പെക്സിൽ വിറ്റഴിച്ച് കൊള്ളലാഭം നേടുന്നതിന് ശ്രീ. ഷിബു. ടി.സി എന്ന വ്യാപാരിക്ക് കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ രാജേഷ് ഒത്താശ നൽകി. പ്രസ്തുത വാങ്ങലിലൂടെ കാപ്പെക്സിന് ഉണ്ടായ സാമ്പത്തിക നഷ്ടം തമിഴ് നാട്ടിലെ കമ്പനികൾ മേൽ തോട്ടണ്ടി തെക്കും മറ്റത്തിൽ ട്രേഡിംഗ് കമ്പനിക്ക് എന്തു തുകയ്ക്ക് നൽകി എന്നതിനെയും, തമിഴ് നാട്ടിലെ മേൽ കമ്പനികൾ എന്തുവിലയ്ക്കാണ് ടി തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും വാങ്ങി എന്നതിനെയും ആശ്രയിച്ചിരിക്കുന്നു. സർക്കാർ ഉത്തരവിനെ അട്ടിമറിച്ച് 2018, 2019 വർഷങ്ങളിൽ വ്യാപാരികളിൽ നിന്ന് തോട്ടണ്ടി വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തേണ്ടതാണ്.

iii. 2018 ൽ ശ്രീ. ഷിബു. ടി.സിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിനുള്ള പെയ്മെന്റിന് ആധാരമായ വൗച്ചറുകൾ, ഇ-വേ ബില്ലുകൾ എന്നിവയിൽ ശ്രീ. ഷിബു. ടി.സിയുടെ പേരിന് പകരം തെക്കും മറ്റത്തിൽ ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിന്റെ പേരാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ കാപ്പെക്സ് നാടൻ തോട്ടണ്ടി വാങ്ങാൻ തീരുമാനിച്ചത് കർഷകനായ ശ്രീ. ഷിബു.

ടി.സിയിൽ നിന്നുമായിരുന്നു. ശ്രീ. ഷിബു. ടി.സി യുടെ പേരിന് പകരം തെക്കും മറ്റത്തിൽ ടെയിഡിംഗ് കമ്പനിയുടെ പേരിലുള്ള രേഖകളെ അടിസ്ഥാനമാക്കി തുക അനുവദിച്ച് കൊടുത്തപ്പോൾ പ്രസ്തുത വീഴ്ച കണ്ടെത്തി രേഖപ്പെടുത്തുന്നതിൽ അക്കൗണ്ട്സ് ഓഫീസർ ശ്രീ. സജീവകുമാർ. കെ, കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന കൊമേഴ്സ്യൽ അസിസ്റ്റന്റായ ശ്രീമതി. മഞ്ജു, കൊമേഴ്സ്യൽ മാനേജർ ശ്രീ. പി. സന്തോഷ് കുമാർ എന്നീ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ശ്രീ.ആർ രാജേഷിന് ഉപജീവനബത്ത അനുവദിച്ച് കൊടുത്തതിനും ശ്രീ.സജീവകുമാർ.കെ, അക്കൗണ്ട്സ് ഓഫീസർ, ശ്രീ.പി.സന്തോഷ് കുമാർ - കൊമേഴ്സ്യൽ മാനേജർ എന്നിവർ ഉത്തരവാദികളാണ്. ശ്രീ. സജീവ കുമാർ. കെ, സർവീസിൽ നിന്ന് വിരമിച്ച ശേഷവും കാപ്പെക്സിൽ ജോലി ചെയ്തുവരുന്നത് ക്രമവിരുദ്ധമാണ്. മേൽ വീഴ്ചകൾക്ക് പ്രധാന ഉത്തരവാദിയായ ശ്രീ. സജീവകുമാർ.കെ യെ കാപ്പെക്സിലെ സേവനത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ സ്ഥിരം ജീവനക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

iv. 2019 ൽ കർഷകരിൽ നിന്നും നേരിട്ട് തോട്ടണ്ടി വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിനെ ദുരുപയോഗം ചെയ്തും, കരാർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും നൽകിയ തോട്ടണ്ടിയുടെ വിലയിനത്തിൽ മഹ്സൂഖ് ടെയിഡിംഗ് കമ്പനിക്ക് നൽകുവാൻ ശേഷിക്കുന്ന 118 ലക്ഷം രൂപ അനുവദിച്ച് നൽകേണ്ടാത്തതും, രണ്ടു ഘട്ടങ്ങളിലായി മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിന് സംഭവിച്ച നഷ്ടമായ Rs. 2,09,35,000/- (രണ്ടു കോടി ഒമ്പത് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപാ മാത്രം) രൂപയിൽ മേൽ 118.08 ലക്ഷം രൂപ കുറവ് ചെയ്തതിന് ശേഷമുള്ള നഷ്ടമായ 91.27 ലക്ഷം രൂപയുടെ നഷ്ടം കാപ്പെക്സിന് ഉണ്ടാക്കുന്നതിന് കാരണക്കാരനായ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷിൽ നിന്നും ഈടാക്കേണ്ടതുമാണ്.

v. 23.12.2020 - ലെ സ.ഉ (സാധാ) നം. 1101/20/വ്യവ ഉത്തരവിനും കെ.എസ്.ആർ-ലെ വ്യവസ്ഥകൾക്കും വിരുദ്ധമായി ഉപജീവന ബത്തയിനത്തിൽ ശ്രീ. ആർ. രാജേഷ് അധികമായി കൈപ്പറ്റിയ 7,08,326/- രൂപയും (ഏഴു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റിയിരുപത്തിയാറു രൂപ) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഡി.എ കുടിശ്ശികയിനത്തിൽ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുകയും കൈപ്പറ്റിയ തീയതി മുതൽ 18% പലിശ സഹിതം ടിയാന്റെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. ശ്രീ.ആർ രാജേഷിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഭരണ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

vi. വില നിർണ്ണയ സമിതിയുടെ ഉത്തരവ് പ്രകാരം കർഷകരിൽ നിന്നും ഭാവിയിൽ തോട്ടണ്ടി സംഭരിക്കുമ്പോൾ ആയത് യഥാർത്ഥ കർഷകരിൽ നിന്നാണെന്ന് ഭരണ വകുപ്പ് ഉറപ്പു വരുത്തേണ്ടതും ആയതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

A.O (IW-A)
Pl. Process

Exhibit-1

E-5357586/2021/Fin(OS)
11/8/2021

From,

അയത്തിൽ സോമൻ
ഭരണേത്ത് വീട്
അയത്തിൽ.പി.ഒ
കൊല്ലം



To,

Smt: മേഴ്സികുട്ടിയമ്മ
ബഹു:കശുവണ്ടിവ്യവസായവകുപ്പ് മന്ത്രി
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

മാഡം,

വിഷയം:-ശ്രീ R.രാജേഷ് എം.ഡി കാപെക്സിനെതിരായ പരാതി

കാഷ്യൂവർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി(കാപെക്സ്) എം.ഡിയായ ശ്രീ R.രാജേഷ് നടത്തുന്നനിയമവിരുദ്ധ പ്രവർത്തനങ്ങളേകുറിച്ചാണ് പരാതി.

1) കാപെക്സിൽ ഡ്രൈവർ,ക്ലാർക്ക് തുടങ്ങിയ തസ്തികകളിലെ നിയമനം PSC യ്ക്ക് വിട്ടശേഷവും യാതൊരുമാനദണ്ഡവും കൂടാതെ ഇഷ്ടമുള്ളവരെ നിയമിക്കുന്നു.

2) റിട്ടയർ ചെയ്തവരെ കാപെക്സിൽ മാനേജരന്മാരായി നിയമിക്കുന്നു.

3) ഇല്ലാത്ത തസ്തികയിൽ ലീഗൽ കൺസൾട്ടന്റ് എന്നപേരിൽ മാസശമ്പളത്തിൽ ആളെ നിയമിച്ചിരിക്കുന്നു.സ്ഥിരം നിയമനമില്ലാത്ത ഇവരെ പബ്ലിക് ഇൻഫൊർമേഷൻ ഓഫീസറുടെ പദവി നൽകിയിരിക്കുന്നു. ഇത് തെറ്റായ നടപടിയാണ്. ഇവരുടെ പേരിൽ വിവരാവകാശനിയമപ്രകാരം നടപടി എടുക്കേണ്ടിവന്നാൽ വിവരാവകാശകമ്മീഷന് കഴിയാതെ വരും.

4) ചെലവ്ചുരുക്കുവാൻ ഗവൺമെന്റ് നിർദ്ദേശംഉണ്ടായിട്ടും ആഡംബരകാറുകൾ വാങ്ങുകയും, എം.ഡിയുടെ ഭക്ഷണം ഉൾപ്പെടെ കാപെക്സിൽ നിന്നും ചിലവാക്കുകയും ചെയ്യുന്നു.

5) സ്റ്റാഫംഗങ്ങളുടെ സേവനവേതനവ്യവസ്ഥകൾ IRC തീരുമാനപ്രകാരം നടപ്പാക്കേണ്ടതിനുപകരം തന്നിഷ്ടപ്രകാരം ശമ്പളം തീരുമാനിച്ച് കൊടുക്കുന്നു. സീനിയോറിറ്റി മറികടന്നാണ് പ്രമോഷനും മറ്റും നൽകുന്നത്.

6) ടെന്റർ ക്ഷണിച്ച് പരിപ്പു വില്ക്കുന്നതിനുപകരം തനിക്ക് ഇഷ്ടമുള്ളവർക്ക് പരിപ്പ് വില്ക്കുന്നു.

Exh-1

ഇതിനെല്ലാമുപരിയായി അഴിമതികുറയ്ക്കുന്നതിനുവേണ്ടി തോട്ടണ്ടിവാങ്ങൽ കാഷ്യൂബോർഡ് വഴി ആക്കിയതിനുശേഷം അതിനേകുറിച്ച് വളരെ പരസ്യമായി ബഹു കശുവണ്ടിവ്യവസായവകുപ്പി മന്ത്രി , കാഷ്യൂബോർഡ് എം.ഡി എന്നിവരെചേർത്ത് വളരെ മോശമായി പരസ്യമായി ആക്ഷേപിക്കുന്നതും എം.ഡി പതിവാക്കിയിട്ടുണ്ട് ഗവൺമെന്റിന് ആക്ഷേപം ഉണ്ടാകതക്കതരത്തിലുള്ള പരസ്യപ്രതികരണം തൊഴിലാളികൾക്കിടയിൽ മന്ത്രിയെകുറിച്ചും ഗവൺമെന്റിനെ കുറിച്ചും അപഖ്യാതിയുണ്ടാക്കാൻ കാരണമായിട്ടുണ്ട്.

എന്റെ പരാതിയിൽ എം.ഡിയെ മാറ്റിനിർത്തി ഒരു സമഗ്രഅന്വേഷണം നടത്തണമെന്ന് അപേക്ഷിക്കുന്നു.

എന്ന്,
20-12-2020
അയത്തിൽ സോമൻ

Exh-1

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലും, കാപ്പെക്സിലും തോട്ടണ്ടി വാങ്ങുന്നതിനെക്കുറിച്ച് നിരവധി പരാതികൾ ഉയർന്നതിനാൽ കെ.എസ്. സി.ഡി.സിയിലും, കാപ്പെക്സിലും ആവശ്യമായ തോട്ടണ്ടി വാങ്ങുന്നതിനായി കേരള കാഷ്യൂബോർഡ് രൂപീകരിക്കുകയും അതുവഴി 3000 മെ.ടൺ തോട്ടണ്ടി വാങ്ങുകയും ചെയ്തു. വാങ്ങിയ തോട്ടണ്ടിയിൽ 2000 മെ.ടൺ തോട്ടണ്ടി കെ.എസ്.സി.ഡി.സി യിലും 1000 മെ.ടൺ കാപ്പെക്സിലും നൽകുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും കാപ്പെക്സ് ആവശ്യത്തിന് തോട്ടണ്ടി ഉണ്ടെന്ന് പറഞ്ഞ് കാഷ്യൂബോർഡിൽ നിന്നും തോട്ടണ്ടി വാങ്ങിയില്ല. എന്നാൽ 3000 മെ.ടൺ തോട്ടണ്ടിയും, കെ.എസ്.സി.ഡി.സി എടുത്ത് കഴിഞ്ഞപ്പോൾ ഇവിടെ ഇറക്കി വച്ചിരിക്കുന്ന ഗിനിബിസാവോ തോട്ടണ്ടി വാങ്ങുന്നതിന് ടെൻഡർ വിളിക്കുകയും 1200 മെ.ടൺ തോട്ടണ്ടിയ്ക്ക് ഓർഡർ നൽകു കയും ചെയ്തു.മുൻകാലങ്ങളിൽ പ്രധാനമായും ഉയർന്നിരുന്ന ആരോപണങ്ങൾ, "തോട്ടണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നില്ല, ഇവിടെ ഇറക്കിവ ച്ചിരിക്കുന്ന തോട്ടണ്ടി ഗുണനിലവാരം കുറഞ്ഞ തോട്ടണ്ടിയുമായി മിക്സ് ചെയ്ത് വാങ്ങുന്നു,പ്രത്യേക ഏജൻസിയെക്കൊണ്ട് കട്ടിംഗ് ടെസ്റ്റ് നടത്തുന്നു എന്നിവയാണ്".

കാപ്പെക്സ് 2018_CAPEX_246112_1 എന്ന ടെൻഡർ പ്രകാരം 19-11-2018ൽ ഓർഡർ നൽകിയ ടെൻഡറിൽ വലിയ ക്രമക്കേടുകളും, സാമ്പത്തിക നഷ്ടവുമാണ് ഗവൺമെന്റിന് വരുത്തിയിട്ടുള്ളത്.

1. ഗവൺമെന്റ് കമ്പനിയായ കാഷ്യൂബോർഡിൽ നിന്നും തോട്ടണ്ടി വാങ്ങാതെ ലോക്കൽ ഏജന്റിൽ നിന്നും വാങ്ങി.
2. വാങ്ങിയ തോട്ടണ്ടി ഗിനിബിസാവോ ഒറിജിൻ 53 lbs ഔട്ടേണും, 220 കൗണ്ടും എന്ന് പറഞ്ഞശേഷം ഗുണനിലവാരം കുറഞ്ഞതും 48 lbs ഉള്ളതുമായ തോട്ട ണ്ടിയും നൈജീരിയൻ തോട്ടണ്ടി മിക്സ് ചെയ്താണ് സപ്ലൈ ചെയ്യുന്നത്.
3. കട്ടിംഗ് ടെസ്റ്റ് നടത്തുന്നതിനായി യാതൊരു മാനദണ്ഡവും പാലിക്കാതെ ഒരു ഏജൻസിയെ എം.ഡി ചുമതലപ്പെടുത്തിയതുവഴി എം.ഡി നിർദ്ദേശിക്കുന്നതു പോലെ കട്ടിംഗ് ടെസ്റ്റിൽ തിരിമറി നടത്തി ഇല്ലാത്ത ഔട്ടേൺ ഉണ്ടെന്ന് വരുത്തി വലിയ നഷ്ടമാണ് ഗവൺമെന്റിന് ഉണ്ടാക്കുന്നത്.
4. തോട്ടണ്ടി സപ്ലൈ ചെയ്യുന്ന പാർട്ടിയ്ക്ക് തന്നെ ടെൻഡർ വിളിക്കാതെ പരിപ്പ് കച്ചവടം ചെയ്യുന്നു.

ഇപ്പോൾ വാങ്ങിയ തോട്ടണ്ടി പ്രോസസ്സ് ചെയ്ത് വിൽക്കുമ്പോൾ ഗവൺമെന്റിന് ഏറ്റവും കുറഞ്ഞത് 5 കോടി രൂപ നഷ്ടം സംഭവിക്കും.

ആയതിനാൽ ഈ തോട്ടണ്ടി സപ്ലൈ നടക്കുന്ന അവസരത്തിൽ തന്നെ ഒരു സർപ്രൈസ് ചെക്കിംഗ് നടത്തി തോട്ടണ്ടിയുടെ സാമ്പിൾ ഉൾപ്പെടെ എടുക്കുകയും, കട്ടിംഗ് ടെസ്റ്റ് നടത്തുകയും ആരുടെയൊക്കെ കൈയ്യിൽ നിന്നുമാണ് തോട്ടണ്ടി വാങ്ങിയിട്ടുള്ളത് എന്നും പരിശോധിച്ചാൽ എല്ലാ കളവും വെളിവാകും.

സമഗ്രമായ ഒരു അന്വേഷണം ഉടനടി നടത്തി ഗവൺമെന്റിനുണ്ടാകുന്ന വൻ ബാദ്ധ്യത ഒഴിവാക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണ മെന്നും അപേക്ഷിക്കുന്നു.

Speed post

Exh-1

CAPEX
Kerala State Cashew Workers Apex
Industrial Co-operative Society Ltd.
P.B.No. 262, Industrial Development Plot
H&C Compound, Mundakkal West, Kollam 691 001
Reg. No. IND (ST) 12
Phone : 0474 - 2742499, 2765644
FAX - 0474-2747153

email : cashewcapex@rediffmail.com
website : www.cashewcapex.com

നം/കാപ്പെക്സ്/എം.ഡി/2019-20 20-05-2019

ശ്രീ.അയത്തിൽ സോമൻ
ഭരണേത്ത് വീട്,
അയത്തിൽ പി.ഓ
കൊല്ലം-691001

വിഷയം : വിവരവകാശ നിയമ പ്രകാരം താങ്കൾ ആവശ്യപ്പെട്ട അപേക്ഷയ്ക്കുള്ള മറുപടി

വിവരാവകാശ ചോദ്യങ്ങൾ ഉന്നയിച്ചിട്ടുള്ള ശ്രീ.അയത്തിൽ സോമൻ എന്ന താങ്കൾ ഇടതുപക്ഷ സംഘടനയിലുള്ള AITUC യൂണിയനെ പ്രതിനിധാനം ചെയ്യുന്ന ഒരു പ്രവർത്തകനാണല്ലോ? ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുതൽ താങ്കൾ കാപ്പെക്സിനെ മനഃപൂർവ്വം തേജോവധം ചെയ്യും വിധം നിരവധി അനവധി പരാതികൾ ബഹു.ഗവൺമെന്റിലും , സെക്രട്ടറിയേറ്റ് ഓഫീസിലെ ഉന്നത ഉദ്യോഗസ്ഥർക്കും ബഹു.കേരള മുഖ്യ മന്ത്രി ഉൾപ്പടെ നിരവധി മന്ത്രിമാർക്കും , സംസ്ഥാന വിജിലൻസിലും, ബഹു.ഹൈക്കോടതിയിലുംമൊക്കെയായി ഏകദേശം 26 ൽ കൂടുതൽ പരാതികൾ പൊതുമേഖലാ സ്ഥാപനമായ കാപ്പെക്സിനെതിരെയും കാപ്പെക്സിലുള്ള മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി മേഖലകളിൽ നിന്നെല്ലാം അന്വേഷണ ഉദ്യോഗസ്ഥർ കാപ്പെക്സിൽ എത്തി പരിശോധിച്ച് താങ്കളുടെ പരാതിയുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിരുന്നു. എന്നിട്ടും താങ്കൾക്ക് കാപ്പെക്സിനോടുള്ള പകതീരാതെ കൊല്ലം ക്രൈം ഡിറ്റാച്ച്മെന്റിലും, DIC Trivandrum നും, DIC Kollam ത്തിനും വീണ്ടും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം പൂർത്തീകരിച്ച് കാപ്പെക്സിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടിരുന്നു. മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ഫാക്ടറികളിലും മുഖ്യ ഓഫീസിലും നിരവധി അനവധി താൽക്കാലിക നിയമനങ്ങൾ ബോർഡ് അനുമതി പോലും മില്ലാതെ നടത്തിയിട്ടും താങ്കൾ അതിനെതിരെ ഒരു പരാതി നൽകുകയോ ഒരു ചെറുവിരൽ അനക്കുകയോ ചെയ്തിരുന്നില്ലെന്നുള്ള വസ്തുത വിസ്മരിക്കരുത്. ഈ സാഹചര്യത്തിൽ താങ്കൾക്ക് ഇപ്പോൾ കാപ്പെക്സിനെതിരെ നിക്ഷിപ്ത താൽപര്യമുണ്ടെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാകുന്നു. ഒരു വിഷയത്തിനു തന്നെയാണ് താങ്കൾ ഏകദേശം ഇരുപത്തി ആറോളം പരാതികൾ ഇരുപത്തി ആറോളം വേദികളിൽ നൽകിയിട്ടുള്ളത്. ഈ പരാതികൾക്കും താങ്കൾ കാപ്പെക്സിൽ നൽകിയ 10 ഓളം വിവരാവകാശങ്ങൾക്കും വ്യക്തമായ മറുപടി നൽകി കഴിഞ്ഞിട്ടുള്ളതുമാണ്, എങ്കിൽ തന്നെയും ഇപ്പോൾ താങ്കൾ വീണ്ടും ഉന്നയിച്ചിട്ടുള്ള വിവരാവകാശ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ചുവടെ ചേർക്കുന്നു.

Exh-1

1) കാപ്പെക്സിന്റെ മുഖ്യ ഓഫീസിൽ നിലവിൽ രണ്ടു ലോറികൾ, മൂന്നു കാറുകൾ, ഒരു ജീപ്പ് ഉൾപ്പടെ ആറു വാഹനങ്ങൾ നിലവിലുണ്ട്. എന്നാൽ മൂന്നു ഡ്രൈവറന്മാർ മാത്രമേ സ്ഥിരം തസ്തികയിലുള്ളു. കാപ്പെക്സിൽ ആറു ഡ്രൈവറന്മാരുടെ തസ്തികകൾ നിലവിലുണ്ട്. മൂന്നു വാഹനങ്ങൾ ഓടിക്കുവാൻ ഡ്രൈവറന്മാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ മുൻകാലഘട്ടങ്ങളിലെ പോലെ തന്നെ രമേശൻ, ശങ്കർദാസ് എന്നിവരെ അവരവരുടെ അപേക്ഷ പ്രകാരം ദിവസ വേതന ശമ്പളത്തിൽ നിയമിക്കുകയുണ്ടായി. ആയതിനുശേഷം മാസങ്ങൾ പിന്നിട്ടശേഷം കാപ്പെക്സിന്റെ ഡയറക്ടർ ബോർഡ് ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ച് എം.ഡിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഡ്രൈവറന്മാരെ സ്ഥിരപ്പെടുത്തുവാൻ അനുവാദം ചോദിച്ചുകൊണ്ട് ബഹു. കേരള സർക്കാരിലേക്ക് കത്ത് നൽകുകയും ചെയ്യുകയുണ്ടായി. ടി ജീവനക്കാർക്ക് കാഷ്യൂ ഐ.ആർ.സി തീരുമാനിച്ചിട്ടുള്ള പ്രകാരം ശമ്പളം നൽകി വരുന്നു. ഇതു സംബന്ധിച്ച് പരാതിക്കാരൻ തന്നെ ബഹു.വിജിലൻസ് വകുപ്പിൽ പരാതി നൽകിയിരുന്നു. മുൻ സർക്കാരിന്റെ കാലത്തും കാപ്പെക്സിൽ രാജു, ഷാജി എന്നിവരെ ഡ്രൈവറന്മാരായും, കൂടാതെ പാക്കിംഗ് സെന്ററിൽ ജയകുമാരി, മുഖ്യ ഓഫീസിൽ പ്രിയ തുടങ്ങി നിരവധി ക്ലർക്കന്മാരെയും ഫാക്ടറികളിൽ ഏകദേശം 18 ഓളം ജീവനക്കാരേയും നിയമിച്ച വേളകളിൽ താങ്കൾ വിവരാവകാശം ഉന്നയിച്ചിട്ടില്ലെന്നുള്ള കാര്യം വിസ്മരിക്കരുത്.

2) കാപ്പെക്സിൽ മറ്റു പൊതുമേഖലകളിലെന്നപോലെ കാലാകാലങ്ങളായി ഓരോ ആവശ്യങ്ങൾക്കായി കൺസൾട്ടൻസിന്മാരെ നിയമിച്ചു വരുന്നു. ഈ നിയമനം സ്ഥിര നിയമനമല്ല. ആയതു പോലെ ശ്രീമതി നിത്യാശശി എന്ന അഡ്വക്കേറ്റിനെ കാപ്പെക്സിൽ ലീഗൽ കൺസൾട്ടന്റായി താല്ക്കാലികമായി നിയമനം നൽകിയിട്ടുണ്ട്. മാത്രവുമല്ല കാപ്പെക്സിൽ ദിനംപ്രതി ഗ്രാറ്റുവിറ്റി, ഇ.പി.എഫ് തുടങ്ങി തൊഴിൽ സംബന്ധമായ അനവധി കേസുകൾ ഓരോ ദിവസവും കൈകാര്യം ചെയ്യേണ്ടതായി വരുന്നു. നിയമപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ കാര്യ. ശേഷിയുള്ള ജീവനക്കാർ നിലവിൽ കാപ്പെക്സിൽ ഇല്ല. ടി സാഹചര്യത്തിലാണ് ലീഗൽ കൺസൾട്ടന്റിനെ താൽക്കാലികമായി നിയമിക്കേണ്ടി വന്നത്. കൂടാതെ കാപ്പെക്സിൽ പ്രൊഫഷണൽ മാനേജ്മെന്റ് കൺസൾട്ടന്റിനത്തിൽ ശ്രീ.നാഗരാജുനെ നിയമിച്ചിരുന്നു. കൂടാതെ ഫുഡ് ടെക്നോളജി കൺസൾട്ടന്റ് ഇനത്തിൽ ശ്രീമതി.ജയചിത്രയെ നിയമിച്ചിട്ടുണ്ട്. താങ്കൾ ഇതേ കുറിച്ചൊന്നും വിവരാവകാശം ഉന്നയിച്ചിട്ടില്ല. താങ്കൾ നിത്യാശശി എന്ന കൺസൾട്ടന്റിന്റെ നിയമനത്തെക്കുറിച്ച് പരാതികൾ നിരവധി പല വേദികളിൽ കൊടുത്തു അവിടെ നിന്നെല്ലാം അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ടിട്ടും താങ്കൾ ബഹു.വിജിലൻസ് അധികാരികൾക്കു പരാതി നൽകി. ടി വിജിലൻസ് അധികാരികളും ഇതേകുറിച്ച് അന്വേഷിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ടി ജീവനക്കാരിക്കു മുൻകാലഘട്ടങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് കൺസൾട്ടന്റായിരുന്ന ശ്രീ.നാഗരാജിന് നൽകി വന്നിരുന്ന തുകയായ Rs.25000/ -(ഇരുപത്തി അയ്യായിരം മാത്രം) മാത്രം ശ്രീമതി.നിത്യാശശിക്കും മാസം തോറും അലവൻസായി നൽകി വരുന്നു.

3) പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന തസ്തിക ഒരിടത്തും നിലവിലില്ല. ഇത് ഒരു അധിക ചുമതല മാത്രമാണ്. വിവരാവകാശ നിയമപ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും, ഗവൺമെന്റ് സ്ഥാപനങ്ങളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന വിഭാഗം പ്രവർത്തിച്ചു വരുന്നു. കാപ്പെക്സിൽ ഈ തസ്തികയിൽ കാപ്പെക്സിന്റെ ലീഗൽ കൺസൾട്ടന്റു കൂടിയായ ശ്രീമതി. നിത്യാശശി പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലകൂടി വഹിച്ചു വരുന്നു. മുൻപ് ഈ ജോലി വഹിച്ചിരുന്ന ശ്രീ.കെ.കൃഷ്ണകുമാർ എന്ന ജീവനക്കാരൻ വിരമിച്ച സാഹചര്യത്തിലാണ് ഈ വകുപ്പ് ലീഗൽ കൺസൾട്ടന്റിനെ ഏൽപ്പിക്കേണ്ടി വന്നത്.

Exh-1

4) കാഷ്യൂ കോർപ്പറേഷനിൽ കൊമേഴ്സ്യൽ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ശ്യാമളാദേവി സർവ്വീസ് കാലാവധി പൂർത്തീകരിച്ചു വിരമിച്ച സാഹചര്യത്തിലും കൊമേഴ്സ്യൽ മാനേജർ വിജിലൻസ് അന്വേഷണ നടപടിയ്ക്ക് വിധേയമായി സസ്പെൻഷനിൽ ആയ സാഹചര്യത്തിലും ഈ സെക്ഷനുകളിലെ ജോലി ചെയ്യുവാൻ ജീവനക്കാരില്ലാതാവുകയും ചെയ്തു. ഈ വേളയിൽ പത്ര പരസ്യം നൽകി താങ്കൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയുടെ പ്രതിനിധി കൂടി ഉൾപ്പെട്ട ഡയറക്ടർ ബോർഡ് കൂടി കാഴ്ച നടത്തി മാർക്ക് ലിസ്റ്റും, റാങ്ക് പട്ടികയും തയ്യാറാക്കി ടി റാങ്ക് പട്ടികയിൽ നിന്നാണ് ശ്രീമതി.മഞ്ജുശർമ്മയെ അസിസ്റ്റന്റ് കൊമേഴ്സ്യൽ മാനേജരായി താല്ക്കാലികമായും ശ്രീമതി. സരിതയെ കൊമേഴ്സ്യൽ അസിസ്റ്റന്റായി താല്ക്കാലികമായും നിയമിക്കുവാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ച് എം.ഡിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരികളെ താൽക്കാലികമായി നിയമിച്ചത്. കാഷ്യൂ കോർപ്പറേഷനിൽ വർഷം തോറും 85 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവ് നടത്തിവരുന്ന കശുവണ്ടി തൊഴിലാളികളുടെ ഒരു അപ്പെക്സ് സഹകരണ സ്ഥാപനം കൂടിയാണെന്നും ഇതിന് പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർ, (സ്ഥിരം ജീവനക്കാരുടെ അപര്യാപ്തത മൂലം) പ്രസ്തുത വകുപ്പിൽ വേണമെന്ന കാര്യം കൂടി അങ്ങ് അറിയേണ്ടതുണ്ട്.

മാനേജിംഗ് ഡയറക്ടർ

അഫ്ലറ്റ് അതോറിറ്റി

KERALA STATE CASHEW WORKERS APEX INDUSTRIAL CO-OP. LTD. No. IND (ST) 12 (CAPEX) QUILON

Exh-1

13

അയത്തിൽ സോമൻ,
ഭരേണത്ത് വീട്,
അയത്തിൽ പി.ഒ.
കൊല്ലം – 691021

ഡോ. കെ. ഇളങ്കോവൻ ഐ.എ.എസ്,
പ്രിൻസിപ്പൽ സെക്രട്ടറി,
വ്യവസായ വകുപ്പ്, സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:– കാപ്പെക്സ് എം.ഡിയുടെ അഴിമതികൾ സംബന്ധിച്ച്:

കാപ്പെക്സ് എന്ന സ്ഥാപനത്തിലെ എം.ഡി രാജേഷ് നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങളും അതിന് അങ്ങയുടെ കീഴിൽ പ്രവർത്തിക്കുന്ന അണ്ടർ സെക്രട്ടറി ഉൾപ്പെടെയുള്ളവർ നടത്തുന്ന ഗൂഢാലോചനയും അങ്ങയുടെ ശ്രദ്ധ യിൽപ്പെടുത്തുന്നതിനും, എന്റെ പരാതിയിൽ കർശന നടപടികൾ സ്വീകരിക്കുന്ന തിനും വേണ്ടിയാണ് ഈ അപേക്ഷ സമർപ്പിക്കുന്നത്.

1. 19–07–2018 ലെ എന്റെ പരാതിപ്രകാരം വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറി കാപ്പെക്സ് ഹെഡ്ഓഫീസിൽ എത്തി അന്വേഷണം നടത്തി എന്ന് പറയുന്നു. എന്നാൽ പരാതിക്കാരനായ എന്റെ മൊഴി രേഖപ്പെടുത്തുകയോ, തെളിവുകൾ ശേഖരിക്കുകയോ ചെയ്തിട്ടില്ല. ആരോപണവിധേയനായ എം.ഡിയുടെ ഓഫീസിൽ വന്ന് അദ്ദേഹം പറയുന്ന ആളുകളിൽ നിന്നും മാത്രമാണ് അണ്ടർസെക്രട്ടറി മൊഴി രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ട്രേഡ് യൂണിയൻ പ്രവർത്തകൻ എന്ന നിലയിൽ വളരെ ഉത്തരവാദിത്വത്തോടെ ഞാൻ ഉന്നയിച്ച പരാതി അടിസ്ഥാനരഹിതം എന്ന് ഏകപക്ഷീയമായി റിപ്പോർട്ട് നൽകിയ അണ്ടർ സെക്രട്ടറിയുടെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്.
2. കാപ്പെക്സിൽ നടക്കുന്ന അനധികൃത നിയമനങ്ങളും, അഴിമതി ഉൾപ്പെടെ യുള്ള കാര്യങ്ങൾ നോക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നിരുത്തരവാദിത്വ മായി പെരുമാറുന്നത് എന്ത്കൊണ്ടാണെന്ന് പരിശോധിച്ചാൽ അഴിമതിയുടെ വ്യാപ്തി മനസ്സിലാക്കും.

അനധികൃത നിയമനങ്ങളെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് ബഹു: ഹൈക്കോടതി മുൻപാകെ സമർപ്പിച്ച പരാതിയിൽ അന്വേഷണം സമഗ്രമായി നടത്തും എന്നാണ് ബഹു:ഹൈക്കോടതിയിൽ ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ19–07–2018 ലെ എന്റെ പരാതിയിൽ ഉയർന്ന ഉദ്യോ ഗസ്ഥനെക്കൊണ്ട് പുനരന്വേഷണം നടത്തുകയും, നാലായിരത്തോളം തൊഴിലാളി കൾ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഗവൺമെന്റ് അനുവാദം കൂടാതെ അടച്ചിട്ട എം.ഡിക്കെതിരായി കർശന നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.

കൊല്ലം.
18 25–03–2019

എന്ന്.
വിശ്വസ്തതയോടെ

അയത്തിൽ സോമൻ

15

Exh-1

(1) കൊല്ലത്തിൽ സംഘടിപ്പിച്ച
ദേശീയതല സീഡ്
കോൺക്ലേവ് - ഉദ്ഘാടനം,
തീയതി - 6/7/2017

CAPEX
Kerala State Cashew Workers Apex
Industrial Co-operative Society Ltd.
P.B.No. 262, Industrial Development Plot
H&C Compound, Mundakkal West, Kollam 691 001
Reg. No. IND (ST) 12
Phone : 0474 - 2742499, 2765644
FAX - 0474-2747153
email : cashewcapex@rediffmail.com
website : www.cashewcapex.com

Capex | Legal | 2017-18

30.10.2017

സർ,

വിഷയം: തൊണ്ടി - വിവരാവകാശനിയമം -
വിവരങ്ങൾ നൽകുന്നത് -
സംബന്ധിച്ച്

സൂചിക: 16.10.2017-ൽ WD-KL|174|2017/1D
നമ്പരായി ലഭിച്ച രൂപസാദൃശ്യം(കൈ)
വകുപ്പുതല കത്ത്.

(2) 21.09.2017-ലെ നാങ്കൂടൻ
കോടതിവിധി.

1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘമാണ് കാപ്പെക്സ്. 15.10.2013-ലെ ബഹു. സുപ്രീംകോടതി വിധിയുടെ ചുവടുപിടിച്ച് കേരളത്തിൽ ഈ സഹകരണ സംഘം വിവരാവകാശനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിലെ സന്തോഷം വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വാസപൂർവ്വം

30/10/17

(പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ)

17

Exh-1

ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമക്ഷം സമർപ്പിക്കുന്ന പരാതി.

കൊല്ലം ആസ്ഥാനമായ വ്യവസായ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായി പ്രവർത്തിക്കുന്ന കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്പെക്സ്) യിൽ അനധികൃത നിയമനങ്ങളെക്കുറിച്ചാണ് പരാതി. കാപ്പെക്സിൽ താഴെ പറയുന്ന വരെ യാതൊരു മാനദണ്ഡങ്ങളും ഇല്ലാതെ എം.ഡി ആർ. രാജേഷിന്റെ സ്വന്തം ഇഷ്ട പ്രകാരം നിയമിച്ചിരിക്കുകയാണ്.

1.	ശ്രീമതി. നിത്യ	:	ലീഗൽ കൺസൾട്ടന്റ് (ഹെഡ്ഓഫീസ്)
2.	ശ്രീ. ശ്രീറാം	:	സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ”
3.	ശ്രീ. രമേശൻ	:	ഡ്രൈവർ ”
4.	ശ്രീ. ശങ്കർദാസ്	:	ഡ്രൈവർ ”
5.	ശ്രീമതി. സ്മിത	:	ക്ലാർക്ക്, കൊമേഴ്സ് സെക്ഷൻ (ഹെഡ്ഓഫീസ്)
6.	ശ്രീ. സുരേന്ദ്രൻ	:	ഫാക്ടറി മാനേജർ (കാപ്പെക്സ് ഫാക്ടറി മാനേജർ,റിട്ടയേർഡ്)
7.	ശ്രീ. ചന്ദ്രബാബു	:	ഫില്ലിംഗ് സെന്റർ മാനേജർ ”
8.	ശ്രീ. മുരളീധരൻ	:	ഫാക്ടറി മാനേജർ ”
9.	ശ്രീ. ചന്ദ്രൻപിള്ള	:	” ”
10.	ശ്രീ. ജോൺ	:	ഫാക്ടറി മാനേജർ ”

ഇതിൽ നിത്യ ശശി എന്ന ലീഗൽ കൺസൾട്ടന്റിന്റെ സർട്ടിഫിക്കറ്റ് കേരള ഗവൺമെന്റ് അംഗീകാരമുള്ളതല്ല. ഇത് ഡയറക്ടർ ബോർഡോ, ഇന്റർവ്യൂ കമ്മിറ്റി രൂപം കൊടുത്തോ പരിശോധിച്ചിട്ടില്ല. ഇപ്പോൾ അസിസ്റ്റന്റ് കൊമേഴ്സിയൽ മാനേജർ എന്ന തസ്സികയിലേയ്ക്ക് പത്രപരസ്യം നൽകിയിട്ടുണ്ട്. ഇതിന് ഗവൺമെന്റ് അംഗീകാരമില്ല. എം.ഡി ആർ. രാജേഷിനെ മാറ്റി നിർത്തി, എത്രയും വേഗം ഒരു സമഗ്ര അന്വേഷണം നടത്തണമെന്നും കുറ്റക്കാരെ കർശനമായി ശിക്ഷിക്കണമെന്നും അപേക്ഷിക്കുന്നു.

എന്ന്,

കൊല്ലം,
2/11/17

അയത്തിൽ സോമൻ,
ഭരേണത്ത് വീട്,
അയത്തിൽ പി.ഒ, കൊല്ലം. 9446526456

പകർപ്പ്:

ഡി.വൈ.എസ്.പി, കൊല്ലം വിജിലൻസ്

19 Exh-1

From,

അയത്തിൽ സോമൻ
ഭരണേത്ത് വീട്
അയത്തിൽ പി.ഒ, കൊല്ലം-6910
ഫോൺ:9446526456

To,

ദി ചീഫ് സെക്രട്ടറി
സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

കേരളാസ്റ്റേറ്റ കാഷ്യൂവർക്കേഴ്സ് അപ്പെക്സ് ഇൻഡസട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി(കാപ്പെക്സ്)യിൽ അനധികൃതമായി നിയമനങ്ങൾ നടത്തിയതായി അറിവ് ലഭിച്ചതിനെ തുടർന്ന് വിവരാവകാശ നിയമപ്രകാരം ഞാൻ വിവരങ്ങൾ നിയമപ്രകാരം അന്വേഷിച്ചു.കാപ്പെക്സ് സഹകരണ സ്ഥാപനമായതിനാൽ വിവരങ്ങൾ നൽകേണ്ടതില്ലാ എന്ന ഒരു മറുപടിയാണ് എനിയ്ക്ക് ലഭിച്ചത്.സംസ്ഥാന ഗവൺമെന്റിന്റെ ധനസഹായത്താൽ മാത്രം പ്രവർത്തിക്കുന്ന കാപ്പെക്സ് വിവരാവകാശനിയമപ്രകാരം മറുപടി തരണമെന്നിരിക്കെ,അഴിമതി നിയമനങ്ങൾ പുറത്തുവരാതിരിക്കുവാനാണ് എം.ഡി ശ്രമിച്ചത്.കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞതിൽ നിന്നും വളരെ ഗുരുതരമായ നിയമലംഘനമാണ് കാപ്പെക്സിൽ നടക്കുന്നത് എന്ന് ബോദ്ധ്യമായി.അതിന്റെ അടിസ്ഥാനത്തിൽ ബഹു:മുഖ്യമന്ത്രിയ്ക്കും, വകുപ്പ് മന്ത്രിയ്ക്കും വിജിലൻസ് ഡയറക്ടർക്കും,കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്കും പരാതി നൽകി.കാപ്പെക്സ് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ G.O(p) No.41/98/Co-op dated. 09-03-1998 പ്രകാരം പി.എസ്.സിയ്ക്ക് വിട്ടിട്ടുള്ളതിനാൽ കാപ്പെക്സിൽ നിയമനങ്ങൾ നടത്തരുതെന്ന് Letter No.16386/K2/04/ID dated.16-02-2010 പ്രകാരം എം.ഡിയോട് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു: ഇത് മറികടന്നാണ് എം.ഡി ബോർഡിന്റെപോലും അനുവാദമില്ലാതെ നിത്യ ശശി -ലീഗൽ കൺസൾട്ടന്റ്, ശ്രീറാം-സിസ്റ്റം അഡ്മിനിസ്ട്രേറ്റർ,എന്നിവരെ ഇല്ലാത്ത തസ്തികകളിലും, രമേശൻ, ശങ്കർദാസ് ഇവരെ ഡ്രൈവർമാരായും, സ്മിതയെ ക്ലാർക്കായും നിയമിച്ചത്.ഇവർക്ക് ബോണസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകി. ശ്രീ.രാജേഷ് 2008 ൽ എം.ഡിയായിരുന്നപ്പോഴുള്ള സുരേന്ദ്രൻ, ചന്ദ്രബാബു, മുരളീധരൻ, ചന്ദ്രൻപിള്ള, ജോൺ എന്നീ റിട്ടയർ ചെയ്ത സ്റ്റാഫുകളെ മാനേജർമാരായി നിയമിച്ചു.ഇത് അങ്ങേയറ്റം നിയമവിരുദ്ധമാണ്.

കേരളം ഗുരുതരമായ സാമ്പത്തികപ്രതിസന്ധി നേരിടുന്ന സമയത്ത് കാപ്പെക്സ് 3-പുതിയ കാറുകൾ വാങ്ങി.രണ്ട് ഹോണ്ടാസിറ്റിയും ഒരു സിയാസ് കാറും. കശുവണ്ടിതൊഴിലാളികൾക്ക് തൊഴിൽകൊടുക്കാനായി ഗവൺമെന്റ് നൽകിയ പൈസായാണ് ഇങ്ങനെ ധൂർത്ത് നടത്തുന്നത്. കാർ വാങ്ങിയതിന് ഗവൺമെന്റിന്റെ അനുവാദമില്ലാ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ മൂന്നു കാർകൂടാതെ കാപ്പെക്സിൽ ഒരു ജീപ്പും ഉണ്ട്. ഗവൺമെന്റ് അനുവാദം

Exh-1

ഇല്ലാതെ എം.ഡിയും ലീഗൽ കൺസൾട്ടന്റും, ഒരു ഡയറക്ടറും കൂടി 10/01/2018-ൽ ഡൽഹിയിലേക്ക് തിരിച്ചു.വിമാനത്തിൽ യാത്ര ചെയ്തു, ഇവർ കേരളാഹൗസിലല്ല താമസിച്ചത്.

ഈ സാഹചര്യത്തിൽ എം.ഡി രാജേഷിനെ മാറ്റിനിർത്തി സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുവാൻ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൊല്ലം
07/02/2018

എന്ന്,

അയത്തിൽ സോമൻ

Exh-1

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ അവർകൾ മുൻപാകെ അയത്തിൽ സോമൻ സമർപ്പിക്കുന്ന പരാതി.

സർ,

ഞാൻ എ.ഐ.റ്റി.യു.സി കൊല്ലം ജില്ലാ സെക്രട്ടറിയും, കാഷ്യൂ സ്റ്റാഫ് കൗൺസിൽ സംസ്ഥാന സെക്രട്ടറിയും, 37 വർഷം കശുവണ്ടി മേഖലയിൽ പണിയെടുത്ത കശുവണ്ടി തൊഴിലാളിയുമാണ്. കൊല്ലം കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്പെക്സ്) എം.ഡി ശ്രീ. രാജേഷ് ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനായ എന്നോട് വളരെ മോശമായാണ് പെരുമാറുന്നത്. അങ്ങയുടെ നേതൃത്വത്തിൽ ഇടതുപക്ഷ ഗവൺമെന്റ് ഭരണകാലത്ത് ഇത്രയും മോശമായി ഒരു എം.ഡി പ്രവർത്തിക്കുന്നത് ആലോചിക്കുവാൻ പോലും വയ്യ. വളരെ സുതാര്യമായി നടക്കേണ്ട കാര്യം അവിഹിതമായി ചെയ്യുന്നത് ഞാൻ ചോദ്യം ചെയ്യുന്നതാണ് പ്രശ്നം. എ.ഐ.റ്റി.യു.സി പ്രതിനിധിയായി ഡയറക്ടർ ബോർഡിലുള്ള അഡ്വ. സി.ജി. ഗോപുകൃഷ്ണനോട് ബോർഡ് യോഗത്തിൽ വച്ച് അസഭ്യം പറയുകയും, എം.ഡി യോഗത്തിൽ നിന്ന് ഇറങ്ങിപോകുകയും, ചെയർമാനായ സഖാവ് സുദേവൻ മടക്കി വിളിച്ച്കൊണ്ടുവന്ന ഒട്ടേറെ സന്ദർഭങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. [illegible] ശ്രീ. രാജേഷ് [illegible] ആയിരുന്നു. [illegible] രാജേഷും, [illegible] കൂട്ടുപിടിച്ച് രാജേഷ് [illegible] എതിരായിട്ടാണ് [illegible]. അതിനാൽ താഴെ പറയുന്ന ഗുരുതരമായ വിഷയങ്ങൾ പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. തോട്ടണ്ടി ലഭ്യതക്കുറവ് എന്ന് പറഞ്ഞ് ഏറ്റവും കൂടിയ വിലയ്ക്കാണ് രാജേഷ് എം.ഡിയായി വന്നത് മുതൽ തോട്ടണ്ടി വാങ്ങുന്നത്. തന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന സജുകുമാർ, സതീശ്വരൻ, ലൈജു എന്നിവർ ബ്രോക്കർമാരായ വിവിധ കമ്പനികളിൽ നിന്നുമാണ് കൂടുതൽ തോട്ടണ്ടി വാങ്ങിയിട്ടുള്ളത്. ഒരു മെ.ടണ്ണിന് 50 മുതൽ 100 ഡോളർ വരെ കൈക്കൂലിയായി രാജേഷ് വാങ്ങുന്നുണ്ട്. ഇതിന്റെ വീതം ആർക്കൊക്കെ കിട്ടിയിട്ടുണ്ടെന്ന് പരിശോധിക്കണം. ഈ താൽപ്പര്യം സംരക്ഷിക്കാത്തവരുടെ ടെൻഡറുകൾ എന്തെങ്കിലും കാരണം പറഞ്ഞ് ക്യാൻസൽ ചെയ്യും. വ്യവസായവകുപ്പ് സെക്രട്ടറിയ്ക്ക് ഇത് സംബന്ധിച്ച് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആഫ്രിക്കയിൽ നിന്ന് നേരിട്ട് തോട്ടണ്ടി വാങ്ങും എന്ന് പറഞ്ഞിട്ട് ഒരിയ്ക്കൽ പോലും തോട്ടണ്ടി വാങ്ങിയിട്ടില്ല. വൻ നഷ്ടം വരുത്തിയ ശേഷം ലാഭമുണ്ടെന്ന് പച്ചക്കള്ളം പറയും.
2. പരിപ്പ് വിൽപ്പനയിൽ വലിയ ക്രമക്കേടും അഴിമതിയുമാണ് നടക്കുന്നത്. ടെൻഡർ ക്ഷണിച്ച് പരിപ്പ് വിൽക്കുന്നതിന് പകരം എം.ഡിയ്ക്ക് താൽപ്പര്യമുള്ളവർക്ക് ഒരു ടിന്നിന് 100 രൂപ വരെ കൈക്കൂലിയായി വാങ്ങിയാണ് കച്ചവടം നടത്തുന്നത്.
3. കാപ്പെക്സിലെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടിട്ടുണ്ട്. എന്നാൽ ഡ്രൈവർമാർ ഉൾപ്പെടെയുള്ളവരെ സ്വന്തം താൽപ്പര്യപ്രകാരമാണ് എം.ഡി നിയമിക്കുന്നത്. ഒരു പാർട്ടിപ്രവർത്തകനെപ്പോലും നിയമിച്ചിട്ടില്ല.
4. ഗവൺമെന്റ് അംഗീകാരമില്ലാത്ത പോസ്റ്റുകളിൽ അവിഹിതമായി ആളുകളെ നിയമിക്കുന്നു. നിത്യ ശശി എന്ന ഒരു സ്ത്രീയെ ലീഗൽ കൺസൾട്ടന്റ്, സ്മിത- ക്ലാർക്ക്, ശ്രീറാം - സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, മഞ്ജുഷ - അസിസ്റ്റന്റ് കൊമേഴ്സിയൽ മാനേജർ, സരിത - കൊമേഴ്സിയൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തിയത് എന്ത് അടിസ്ഥാനത്തിലാണ്?

.....2

Exh-1

5. സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത(വിജിലൻസ് അന്വേഷണം നേരിടുന്നവർ ഉൾപ്പെടെ)വർക്ക് പുനർനിയമനം നൽകി.
6. കടുത്ത സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോൾ പോലും 3 പുതിയ ആഡംബര കാറുകൾ വാങ്ങി.

ഇത്തരം പ്രവണതകളെക്കുറിച്ച് ഞാൻ വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ കാപ്പെക്സ്, വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരികയില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഞാൻ ജില്ലാ വ്യവസായകേന്ദ്രം രജിസ്ട്രാർക്ക് പരാതി നൽകുകയും അവർ അന്വേഷണത്തിന് ചെന്നപ്പോൾ രേഖകൾ നൽകുവാൻ എം.ഡി വിസമ്മതിക്കുകയും ചെയ്തു. ഇക്കാര്യങ്ങളൊക്കെ ചൂണ്ടിക്കാട്ടി ഞാൻ വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകി. കൂടാതെ അന്വേഷണം ഒരു സീനിയർ ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണം എന്ന് കാണിച്ച് ഞാൻ ബഹു: ഹൈക്കോടതിയിൽ ഒരു പരാതി നൽകുകയും, അതിൽ ബഹു: വിജിലൻസ് ഡയറക്ടർ അന്വേഷണം കാര്യക്ഷമമാക്കാം എന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് തീർപ്പ് കൽപ്പിക്കുകയും, ആക്ഷേപം ഉണ്ടെങ്കിൽ വീണ്ടും കോടതിയെ സമീപിക്കുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. രാജേഷിനെതിരെ വേറെയും അന്വേഷണങ്ങൾ വിജിലൻസ് നടത്തുന്നതായി എന്നെ വിവരാവകാശ നിയമപ്രകാരം അവർഅറിയിച്ചിട്ടുണ്ട്.

കാപ്പെക്സിലെ എ.ഐ.റ്റി.യു.സി തൊഴിലാളികളെ തിരഞ്ഞുപിടിച്ച് രാജേഷ് ഉപദ്രവിക്കുവാൻ തുടങ്ങിയപ്പോൾ എ.ഐ.റ്റി.യു.സിയുടെയും, സി.പി.ഐ യുടെയും നേതൃത്വത്തിൽ കാപ്പെക്സ് ഹെഡ്ഓഫീസ് പടിക്കൽ ഒരു ധർണ്ണ സംഘടിപ്പിക്കുകയുണ്ടായി. 19-07-2018ൽ ധർണ്ണ നടത്തിയ ദിവസം കാപ്പെക്സ് ഹെഡ്ഓഫീസ് അടച്ചിടുകയുണ്ടായി. ഗവൺമെന്റ് ഉത്തരവില്ലാതെ ഹെഡ്ഓഫീസ് അടച്ചിട്ടത് എം.ഡിയുടെ സ്വന്തം ഇഷ്ടപ്രകാരമാണ്.

സ്വകാര്യ മുതലാളിമാർ പോലും കാണിക്കാത്ത ധിക്കാരവും, അഹങ്കാരവും ഗവൺമെന്റ് ഉദ്യോഗസ്ഥരായ ഡയറക്ടർമാർ ഉൾപ്പെടെ ഉള്ളവരോട് കാണിക്കുകയും, ട്രേഡ് യൂണിയൻ പ്രവർത്തകരെ അധിക്ഷേപിക്കുകയും എം.ഡി ചെയ്യുന്നത് സഖാവ് മേഴ്സിക്കുട്ടിയമ്മയുടെയും, സഖാവ് തുളസീധരക്കുറുപ്പിന്റെയും തണലിലാണെന്ന് പകൽ പോലെ വ്യക്തമാണ്.

അങ്ങയെപ്പോലെ ഒരു മുഖ്യമന്ത്രി കേരളം ഭരിക്കുമ്പോൾ തൊഴിലാളികൾക്കും, ട്രേഡ് യൂണിയൻ പ്രവർത്തകർക്കും മാന്യമായി പ്രവർത്തിക്കുവാൻ അവസരം നിഷേധിക്കുന്ന കാപ്പെക്സ് എം.ഡിയെ തൽസ്ഥാനത്ത് നിന്നും മാറ്റി നിർത്തി വിജിലൻസ് അന്വേഷണം കാര്യക്ഷമമായി നടത്തണം. എം.ഡിയെ അവിടെതന്നെ വച്ച് നടത്തുന്ന അന്വേഷണം ഫലപ്രദമാവില്ല. സ. മേഴ്സിക്കുട്ടിയമ്മ അവിഹിതമായി അന്വേഷണത്തിൽ ഇടപെടുന്നുണ്ട്. ഇത് സി.പി.എം ഉം, സി.പി.ഐമുമായുള്ള ഒരു പ്രശ്നമാകുവാൻ വലിയ കുത്സിത പ്രവർത്തികളാണ് എം.ഡി രാജേഷ് നടത്തുന്നത്. അങ്ങയിൽ നിന്നും സത്വര നടപടി പ്രതീക്ഷിക്കുന്നു.

എന്ന്,

കൊല്ലം,

23-07-2018

അഭിവാദനങ്ങളോടെ,

അയത്തിൽ സോമൻ

Exh-1

From,

അയത്തിൽ സോമൻ
ഭരണേത്ത് വീട്
അയത്തിൽ.പി.ഒ
കൊല്ലം-691021

To,

ദി പബ്ലിക്ക് ഇൻഫൊർമേഷൻ ഓഫീസർ
ഓഫീസ് ഓഫ് ദി പ്രിൻസിപ്പൽ സെക്രട്ടറി
വ്യവസായവകുപ്പ്, നോർത്ത് ബ്ലോക്ക്
സെക്രട്ടറിയേറ്റ്,തിരുവനന്തപുരം

സർ,

വിഷയം:-വിവരാവകാശനിയമം അനുസരിച്ച് വിവരങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച്

1) കൊല്ലം കാഷ്യൂവർക്കേഴ്സ് അപെക്സ് ഇൻഡസ്ട്രിയൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപെക്സ്)എം.ഡിക്കെതിരായി 2016,2017,2018 വർഷങ്ങളിൽ എത്രപരാതി ലഭിച്ചു.
2) കാപെക്സിൽ നടത്തിയ അനധികൃതനിയമനങ്ങളുമായി ബന്ധപ്പെട്ട് ഞാൻ നൽകിയ രണ്ട് പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ.
3) കാപെക്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരമില്ലാതെ എം.ഡി പലതീരുമാനങ്ങളും നടപ്പാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ.
4) ഉണ്ടെങ്കിൽ എം.ഡിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ.
5) കാപെക്സ് എം.ഡിയുടേത് ഒരു സ്ഥിരം നിയമനമാണോ?

മേൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വിവരാവകാശനിയമപ്രകാരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

കൊല്ലം
17.10.2018

എന്ന്,
അയത്തിൽ സോമൻ

29

കേരള സർക്കാർ

നമ്പർ.വ്യവ-കെ2/290/2018-വ്യവ

വ്യവസായ (കെ) വകുപ്പ്
തീയതി, തിരുവനന്തപുരം, 21/11/2018.

അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ. അയത്തിൽ സോമൻ,
ഭരണേത്ത് വീട്,
അയത്തിൽ പി.ഒ.,
കൊല്ലം 691 021

സർ,

വിഷയം :- വിവരാവകാശ നിയമം 2005 പ്രകാരം വിവരം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 17/10/2018 ലെ താങ്കളുടെ അപേക്ഷ

സൂചന പ്രകാരം താങ്കളുടെ അപേക്ഷ പരിശോധിച്ച് താഴെ പറയുന്ന മറുപടിയി ലഭ്യമാക്കുന്നു.

1) ടി വിവരം ഈ വകുപ്പിൽ ക്രോഡീകരിയ്ക്കപ്പെട്ടിട്ടില്ല.
2) ചോദ്യം കൃത്യമല്ല.
3) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
4) ബാധകമല്ല.
5) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ ജി.ഒ.(എം.എസ്) നം.19/09/പ്ലാനിങ്ങ് തീയതി 20/05/2009 ലെ വ്യവസ്ഥകളനുസരിച്ച് MD നിയമനം സ്ഥിരമല്ല.

താങ്കൾക്ക് മേൽപറഞ്ഞ മറുപടിയിൽ അതൃപ്തിയുള്ള പക്ഷം വിവരാവകാശ നിയമം 19(1) പ്രകാരം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം താഴെപ്പറയുന്ന മേൽവിലാസത്തിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരി
കെ സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ഫോൺ : 0471 - 251 7466

വിശ്വസ്തതയോടെ,

റിയാസ്. എം

അണ്ടർ സെക്രട്ടറി & സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
Ph. 0471 2518371

31 Exh-1

അയത്തിൽ സോമൻ,
ഭരണേത്ത് വീട്, അയത്തിൽ പി.ഒ,
കൊല്ലം–691021

ശ്രീ. ഇ.കെ. ശിവദാസൻ,
ജോയിന്റ് സെക്രട്ടറി,
വ്യവസായ വകുപ്പ്,
തിരുവനന്തപുരം–1
0471 2517466

സർ,

വിഷയം:– വിവരാവകാശനിയമപ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കിയതിലെ അപാകതകൾ സംബന്ധിച്ച്–

സൂചന:– അങ്ങയുടെ 03–04–2019ലെ 61/കെ2/2019/വ്യവ. നമ്പർ കത്ത്.

മേൽ സൂചന പ്രകാരമുള്ള കത്ത് ശ്രദ്ധിച്ചാലും.

സൂചനപ്രകാരം എനിയ്ക്ക് ലഭിച്ച കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന റിപ്പോർട്ടിന്മേൽ ആക്ഷേപമുള്ളതായി ഞാൻ അങ്ങയെ ബോദ്ധ്യപ്പെടുത്തുന്നു.

19–7–2018ൽ കാപ്പെക്സിന്റെ ഹെഡ്ഓഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവരാവകാശനിയമപ്രകാരം ഞാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി സെക്രട്ടറിയേറ്റ് വ്യവസായവകുപ്പ് അണ്ടർ സെക്രെട്ടറിയായ ശ്രീ. എം. റിയാസ്, 29–8–2018 പകൽ 3 മണിയ്ക്ക് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് സൂചന കത്തിനോടൊപ്പം ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് പൂർണ്ണമായും യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതും സത്യവിരുദ്ധമാണെന്നും ഞാൻ അറിയിച്ച്കൊള്ളുന്നു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ട്സ് ഓഫീസർ ആരാണെന്ന് വ്യക്തമാക്കിയിട്ടില്ലെങ്കിലും, കാപ്പെക്സ് മാനേജിംഗ് ഡയറക്ടറുടെ സാമ്പത്തിക തിരുമറികൾക്കും, മറ്റ് അവിഹിതമാർഗ്ഗങ്ങൾക്കും കൂട്ട് നിൽക്കുകയും, ഒത്താശ നൽകുകയും ചെയ്യുന്ന അക്കൗണ്ട്സ് ഓഫീസർമാരാണ് കാപ്പെക്സിലുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. 19–7–2018ൽ ഹെഡ്ഓഫീസിന്റെ പ്രധാന ഗേറ്റ് പൂട്ടിയിട്ടിരിക്കുന്നത് വ്യക്തമായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പരാതി അയച്ചിരുന്നത്. എന്നാൽ എന്റെ പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ അണ്ടർ സെക്രട്ടറി എന്റെ മൊഴി രേഖപ്പെടുത്താതെയും കാപ്പെക്സിലെ മറ്റ് ജീവനക്കാരുടെ മൊഴി അന്വേഷിച്ച് അറിയാതെയാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് ഞാൻ വിശ്വസിക്കുന്നു. ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായി സ്തംഭിച്ചു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇക്കാര്യങ്ങൾ പിറ്റേദിവസത്തെ പ്രധാനദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും ഗുരുതരമായ ഒരു സംഭവം നടന്നിട്ട് വളരെ നിരുത്തരവാദപരമായി അന്വേഷണ റിപ്പോർട്ട് നൽകിയ അണ്ടർ സെക്രട്ടറി ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിട്ടുള്ളത്.

അതിനാൽ എന്റെ മൊഴിയും, കാപ്പെക്സിന്റെ മുഴുവൻ സ്റ്റാഫംഗങ്ങളുടെ മൊഴികളും വീണ്ടും എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൊല്ലം,
24–4–2019

വിശ്വസ്തതയോടെ,

അയത്തിൽ സോമൻ

കാപ്പെക്സ് എം.ഡി.യുടെ അഴിമതി അന്വേഷിക്കണമെന്ന് സി.പി.ഐ.

കാപ്പെക്സ് ആസ്ഥാനത്ത് എ.ഐ.ടി.യു.സി. ധർണ

കൊല്ലം ▸ സഹകരണ സ്ഥാപനമായ കാപ്പെക്സിലെ അഴിമതിക്കെതിരേ സി.പി.ഐ. രംഗത്ത്. കാപ്പെക്സ് ആസ്ഥാനത്തിനുമുന്നിൽ സി.പി.ഐ. നിയന്ത്രണത്തിലുള്ള എ.ഐ.ടി.യു.സി. ധർണ നടത്തി.

മാനേജിങ് ഡയറക്ടറുടെ അഴിമതി അന്വേഷിക്കുക, തൊഴിലാളികളുടെ കുടിശ്ശിക-ഒഴിവ് ശമ്പളം ഉടൻ നൽകുക, പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റിറ്റി വിതരണം ചെയ്യുക, സ്റ്റാഫിന്റെ ശമ്പളപരിഷ്കരണം നടപ്പാക്കി പ്രൊമോഷൻ നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

എം.ഡി.യുടെ അഴിമതി വിജിലൻസ് അന്വേഷിക്കണമെന്ന് സമരം ഉദ്ഘാടനം ചെയ്ത സി.പി.ഐ. ജില്ലാ സെക്രട്ടറി എൻ.അനിരുദ്ധൻ ആവശ്യപ്പെട്ടു. എൽ.ഡി.എഫ്. സർക്കാരിന്റെ വ്യവസായ-തൊഴിൽ നയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാനേജിങ് ഡയറക്ടറെ മാറ്റണം. വിദ്യാഭ്യാസയോഗ്യതയുള്ള നിരവധി തൊഴിലാളികളും ജീവനക്കാരും പണിയെടുക്കുന്ന സ്ഥാപനത്തിൽ അവരിൽ അർഹതപ്പെട്ടവർക്ക് സ്ഥാനക്കയറ്റം നിഷേധിക്കുകയാണ്. പകരം വർഷങ്ങൾക്കുമുൻപ് പെൻഷൻപറ്റി പിരിഞ്ഞവർക്ക് പുനർനിയമനം നൽകുന്നത് കടുത്ത തൊഴിലാളി വഞ്ചനയാണെന്ന് അനിരുദ്ധൻ ആരോപിച്ചു.

കശുവണ്ടിത്തൊഴിലാളി കേന്ദ്രകൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന ധർണയിൽ പ്രസിഡന്റ് എ.ഫസലുദ്ദീൻഹക്ക് അധ്യക്ഷത വഹിച്ചു. എ.ഐ.ടി.യു.സി. ജില്ലാ സെക്രട്ടറി കെ.എസ്.ഇന്ദുശേഖരൻ നായർ, ജനറൽ സെക്രട്ടറി ജി.ലാലു, സെക്രട്ടറിമാരായ മുളവന രാജേന്ദ്രൻ, അയത്തിൽ സോമൻ തുടങ്ങിയവർ സംസാരിച്ചു.

എസ്.അഷറഫ്, ഇ.എം. റഷീദ്, ആർ.മുരളീധരൻ, ടി.സുധാകരൻ പിള്ള തുടങ്ങിയവർ നേതൃത്വം നൽകി. സമരം കണക്കിലെടുത്ത് മാനേജിങ് ഡയറക്ടർ കാപ്പെക്സ് ഹെഡ്ഓഫീസിന് അവധി പ്രഖ്യാപിച്ചിരുന്നു.

കാപ്പെക്സിന്റെ കൊല്ലത്തെ ഹെഡ് ഓഫീസിനുമുന്നിൽ എ.ഐ.ടി.യു.സി. നടത്തിയ ധർണ സി.പി.ഐ. ജില്ലാ സെക്രട്ടറി എൻ.അനിരുദ്ധൻ ഉദ്ഘാടനം ചെയ്യുന്നു

ചെരിപ്പിനുള്ളിൽ ഒളിപ്പിച്ച് കടത്തിക്കൊണ്ടുവന്ന സ്വർണ മിശ്രിതം പിടികൂടി

നെടുമ്പാശ്ശേരി ▸ ചെരിപ്പിനുള്ളിൽ ഒളിപ്പിച്ച് കടത്തിക്കൊണ്ടുവന്ന 1,262 ഗ്രാം സ്വർണ മിശ്രിതം കൊച്ചി വിമാനത്താവളത്തിൽ പിടികൂടി.വ്യാഴാഴ്ച എയർഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ ദോഹയിൽ നിന്ന് എത്തിയ കോഴിക്കോട് സ്വദേശിയുടെ പക്കൽ നിന്നാണ് സ്വർണ മിശ്രിതം പിടികൂടിയത്. ചെരിപ്പിന്റെ സോൾ പൊളിച്ച് അതിനുള്ളിൽ അതിവിദഗ്ധമായാണ് സ്വർണ മിശ്രിതം ഒളിപ്പിച്ചിരിക്കുന്നത്.

സുരക്ഷാ പരിശോധനകളും പൂർത്തിയാക്കി കടന്നുപോകാൻ ശ്രമിച്ച യാത്രക്കാരന്റെ നീക്കങ്ങളിൽ സംശയം തോന്നി വിശദമായി ചോദ്യം ചെയ്യുകയും തുടർന്ന് പരിശോധന നടത്തുകയും ചെയ്തപ്പോഴാണ് സ്വർണ മിശ്രിതം കണ്ടെത്തിയത്. കസ്റ്റംസ് എയർ ഇന്റലിജൻസ് വിഭാഗമാണ് ഇയാളെ പിടികൂടിയത്. ഇയാളം അണിഞ്ഞിരുന്ന രണ്ട് ചെരിപ്പുകളുടെ ഉള്ളിലും സ്വർണ മിശ്രിതം ഒളിപ്പിച്ചിരുന്നു. കുഴമ്പുരൂപത്തിലായതിനാൽ ഏത് വസ്തുവിനോടൊപ്പമാണ് സ്വർണം കുഴച്ച് ചേർത്തിരിക്കുന്നതെന്ന് വ്യക്തമല്ല. ഏകദേശം 900 ഗ്രാം സ്വർണം ഉണ്ടാകുമെന്നാണ് കസ്റ്റംസിന്റെ നിഗമനം.

പെരുമ്പാവൂരിൽ ബസും കാറും കൂട്ടിയിടിച്ച് അഞ്ചുമരണം

ജെറിൻ

ജിനീഷ്

കിരൺ

ഉണ്ണി

വിജയ്

പെരുമ്പാവൂർ ▸ സുഹൃത്തിനെ വിദേശത്തേക്ക് യാത്രയയക്കാൻ നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് വരുകയായിരുന്ന അഞ്ചു യുവാക്കൾ വാഹനാപകടത്തിൽ മരിച്ചു.

എം.സി. റോഡിൽ വ്യാഴാഴ്ച പുലർച്ചെ 12.45-ന് പെരുമ്പാവൂർ കാരിക്കോട് പ്രദേശത്ത് ബസും കാറും കൂട്ടിയിടിച്ചായിരുന്നു അപകടം.

കാറിലുണ്ടായിരുന്ന ഇടുക്കി ഏലപ്പാറ സ്വദേശികളാണ് മരിച്ചത്. രണ്ടുപേർ പരിക്കേറ്റ് ചികിത്സയിലാണ്.

ഏലപ്പാറ ഫെയർ ഫീൽഡ് എസ്റ്റേറ്റിൽ സ്റ്റീഫന്റെ മകൻ ജിനീഷ് (22), ഏലപ്പാറ കോഴിക്കുടുമുറി വീട്ടിൽ സോമരാജന്റെ മകൻ അപ്പു എന്നുവിളിക്കുന്ന ആശുപ

എം.സി.റോഡിൽ കാരിക്കോട് അപകടത്തിൽപ്പെട്ട കാറും ബസും

ച്ചത്. കാറിൽ ഏഴുപേരുണ്ടായിരുന്നു.

ജെറിന്റെ സഹോദരൻ ജിബിനാണ് ഒമാനിലേക്ക് പോകാനിരുന്നത്. കാറോടിച്ചത് വിജയ് ആയിരുന്നു.

അശ്വതിയാണ് മരിച്ച വിജയിന്റെ ഭാര്യ. ആറുമാസം പ്രായമായ കുഞ്ഞുമുണ്ട്.

MBBS | BDS 2 Lakh/Yr | Ayurveda BAMS 2 Lakh/Yr
B.Sc. Nursing കേരളത്തിൽ | BHMS HOMEOPATHY 2Lakh/Yr
B.Sc. Agriculture | B.Sc. Forensic Science
SPEECH & HEARING 75,000/- Per Year | BPT PHYSIOTHERAPY

35 Exh-1

ബഹുമാനപ്പെട്ട കാപെക്സ് എം.ഡി മുമ്പാകെ കാപെക്സിലെ ട്രേഡ് യൂണിയൻ പ്രവർത്തകനായ അയത്തിൽ സോമൻ സമർപ്പിക്കുന്ന പരാതി.

കാപെക്സിലെ മുൻ എം.ഡി R. രാജേഷ് നടത്തിവന്നിരുന്ന അഴിമതി, സ്വജനപക്ഷപാതം, പദവിക്ക് നിരക്കാത്ത പ്രവർത്തികൾ, അവിഹിതഏർപ്പാടുകൾ ഇവ സംബന്ധിച്ച് വളരെ വ്യക്തമായപരാതികൾ വിവിധ അധികാരസ്ഥാനങ്ങളിൽ ഞാൻ സമർപ്പിക്കുകയും അതിന്റെ അന്വേഷണങ്ങൾ വിവിധഘട്ടത്തിൽ എത്തിനിൽക്കുകയും ചെയ്യുന്നു.

ഞാൻ ബഹുമുഖ്യമന്ത്രി, വകുപ്പ്മന്ത്രി, ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറി തുടങ്ങിയവർക്ക് സമർപ്പിച്ചപരാതികളുടെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു. AITU നേതൃത്വത്തിൽ എം.ഡിക്കെതിരായി ഹെഡ്ഓഫീസ് പടിക്കൽ ധർണപ്രഖ്യാപിച്ചിരുന്ന ദിവസം കാപെക്സ് ഹെഡ്ഓഫീസ് പൂർണ്ണമായും അടച്ചിടുകയായിരുന്നു.ട്രേഡ്യൂണിയൻ പ്രവർത്തനത്തിൽ കേട്ട് കേഴ്വിപോലുമില്ലാത്ത ഒരു സംഭവമാണിത്. ഈ സംഭവത്തിൽ പരാതിക്കാരനായ എന്റെ മൊഴിഎടുക്കാതെയുള്ളഒരു റിപ്പോർട്ടാണ് വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറി റിയാസ് തയ്യാറാക്കിയത്.അതേ കുറിച്ചും ഞാൻ പരാതി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഞാൻ സമർപ്പിച്ച പരാതികളിൽ വിശദമായഅന്വേഷണം നടത്തി ഇതിനെല്ലാം ഉത്തരവാദി ആയ മുൻ എം.ഡി R.. രാജേഷിനെതിരെ മാതൃകാപരമായ കർശനമായ ശിക്ഷാനടപടികൾ കൈകൊള്ളമെന്ന് അഭ്യർത്ഥിക്കുന്നു.

കൊല്ലം
4/6/2019

എന്ന്,

അയത്തിൽ സോമൻ

37

Exh-1

'CORRUPTION, A CRIME AGAINST NATION'
ഭരണഭാഷ മാതൃഭാഷ

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി. 11-10-2018

നമ്പർ.RTI-29352/2018/DVACB

പ്രേഷകൻ

ഇ.എസ്. ബിജുമോൻ
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (എച്ച്.ക്യു.)
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ.

സ്വീകർത്താവ്

ശ്രീ അയത്തിൽ സോമൻ,
ഭരണേത്ത് വീട്,
അയത്തിൽ പി.ഒ.,
കൊല്ലം - 691021.

സർ,

വിഷയം : വിവരാവകാശ നിയമം 2005 – മറുപടി നൽകുന്നത് സംബന്ധിച്ച് -

സൂചന : താങ്കളുടെ 21/09/2018-ലെ വിവരാവകാശ അപേക്ഷ.

^^^^^^^

സൂചന ശ്രദ്ധിച്ചാലും.

1) ഇതുമായി ബന്ധപ്പെട്ട് പി.ഇ. 03/18/കെ.എൽ.എം. നമ്പരായി ഈ ബ്യൂറോയുടെ കൊല്ലം യൂണിറ്റിൽ ഒരു പ്രാഥമികാന്വേഷണം നടന്നുവരുന്നു.

2) ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വി.എ.സി.ബി. കൊല്ലം യൂണിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

4) പരാതി പി.ഇ. 03/18/കെ.എൽ.എം. നമ്പരായ പ്രാഥമികാന്വേഷണത്തോട് കൂട്ടിച്ചേർത്ത് പരിശോധിക്കുന്നതിന് ഈ ബ്യൂറോയുടെ കൊല്ലം യൂണിറ്റിലേക്ക് 13/06/2018- തീയതിയിൽ അയച്ചിട്ടുണ്ട്.

5) ഈ പരാതി പരിശോധനയുടെ അടിസ്ഥാനത്തിലാണ് പി.ഇ. 03/18/കെ.എൽ.എം. നമ്പരായി പ്രാഥമികാന്വേഷണം കൊല്ലം യൂണിറ്റിൽ നടന്നുവരുന്നത്.

ഈ മറുപടിയിൽ താങ്കൾക്ക് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം അപ്പീലധികാരിയെ സമീപിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ പേരും വിലാസവും

ഇ. ഷെരീഫുദ്ദീൻ ഐ.പി.എസ്.
പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)
വി.എ.സി.ബി, തിരുവനന്തപുരം-33.

വിശ്വസ്തതയോടെ

ഇ എസ് ബിജുമോൻ
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്

RTI-29352/2018/DVACB

f6a667

39 Exh-1

"ഭരണഭാഷ- മാതൃഭാഷ"

ജില്ലാ വ്യവസായ കേന്ദ്രം

ആശ്രാമം, കൊല്ലം

ടെലിഫോൺ നം : 0474-2748395 Email:dickollam@gmail.com

രജിസ്ട്രേഡ് വിത്ത് എ.ഡി

നം. കെ.8/അ ർ ടി.ഐ)/4/2018 തീയതി: 05..02 2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൊല്ലം

ശ്രീ. അയത്തിൽ സോമൻ,
ഭരണേത്ത്വീട്
അയത്തിൽ പി.ഒ. കൊല്ലം-691 021

സർ,

വിഷയം:- വ്യവ.-വിവരാവകാശ നിയമം-2005-മറുപടി നൽകുന്നത്-സംബന്ധിച്ച്

സൂചന:- 1. താങ്കളുടെ 1.2.18-ൽ ലഭിച്ച വിവരാവകാശ അപേക്ഷ
2. കെ.14 സെക്ഷനിൽ നിന്നും ലഭിച്ച് കെ.14/2250/16 തീയതിയിലെ 2.2.18 നം. കത്ത്

***

മേൽ സൂചന(1) പ്രകാരം താങ്കൾ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് സൂചന (2) പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു.

ശ്രീ. അയത്തിൽ സോമൻ, ഭരണേത്ത്വീട്, സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിലേയ്ക്ക് ഈ ഓഫിസിലെ ജൂനീയർ കോപ്പറേറ്റീവ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടർക്ക് കൊല്ലം താലൂക്ക് ജൂനീയർ സഹകരണ ഇൻസ്പെക്ടർ മുഖാന്തിരം കത്ത് നൽകിയിരുന്നെങ്കിലും ടി കത്ത് കൈപ്പറ്റാൻ വിസമ്മതിക്കുകയും അന്വേഷണത്തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് വിമുഖത കാണിക്കുകയും ചെയ്തു. ആയതിനാൽ മാനേജിംഗ് ഡയറക്ടറോട് ടി അപേക്ഷയിന്മേൽ അന്വേഷണം നടത്തുവാൻ വരുന്ന ഉദ്യോഗസ്ഥർക്ക് റെക്കോർഡുകൾ പരിശോധിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 16.1.18-ലെ കെ.14/5615/17 നമ്പർ കത്ത് പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം നടത്തുന്നതി

ലേയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ(എച്ച്. ക്യു) നെയും താലൂക്ക് വ്യവസായ ഓഫീസിലെ സഹകരണ ഇൻസ്പെക്ടറെയും ചുമത ലപ്പെടുത്തിയിരുന്നെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്ന വിവരം അറി യിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

കെ.എസ്. ശിവകുമാർ
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

അപ്പീൽ അധികാരി:-

ശ്രീമതി. ഹെലൻ ജറോം,
ജനറൽ മാനേജർ,
ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം

എ/29/11

Exh-1

By Speed Post

വിവരാവകാശ നിയമം 2005
സമയപരിധി

കേരള സർക്കാർ

വ്യവസായ (കെ) വകുപ്പ്,
നം. 11511/കെ2/2010/വ്യവ. തിരുവനന്തപുരം, തീയതി,30 -04-2010.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ

പിണയ്ക്കൽ സക്കീർ ഹുസൈൻ,
തൊടിയിൽ വീട്, തട്ടാമല നഗർ - 140,
തട്ടാമല പി.ഒ., കൊല്ലം.

സർ,

വിഷയം: വ്യവസായ വകുപ്പ് - കാപെക്സ് മാനേജിംഗ് ഡയറക്ടറുടെ നിയമനത്തെ - സംബന്ധിച്ച്.

സൂചന: 23-4-2010-ലെ വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ അപേക്ഷ.

സൂചനയിലെ അപേക്ഷ പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

കാപെക്സ് മാനേജിംഗ് ഡയറക്ടർ, ശ്രീ. ആർ. രാജേഷിന്റെ നിയമനത്തിന് ക്യാബിനറ്റിന്റെ അംഗീകാരം ഇല്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

കെ. രവീന്ദ്രൻ
സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
& സെക്ഷൻ ഓഫീസർ

43

Exh-1

അയത്തിൽ സോമൻ,
ഭരണേത്ത് വീട്,
അയത്തിൽ പി.ഒ,
കൊല്ലം–691021,
ഫോൺ: 9446526456

ഡി.വൈ.എസ്.പി,
വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ,
കൊല്ലം.

സർ,

വിഷയം:–കാപ്പെക്സ് എം.ഡി നടത്തുന്ന അവിഹിത നിയമനങ്ങൾ സംബന്ധിച്ച് പരാതി.

സൂചിക:– 1) 02–11–2017 ലെ എന്റെ പരാതി
2) 10–01–2018 ലെ എന്റെ പരാതി
3) WP (C) No.7253/2018 of the High Court of Kerala

കൊല്ലം,കാഷ്യൂവർക്കേഴ്സ് ഇൻഡസ്ട്രിയൽകോ–ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്പെക്സ്)യിൽ നടക്കുന്ന അവിഹിത നിയമനങ്ങൾ സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട വിജിലൻസ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നു. എം.ഡിയായ രാജേഷ് അവിഹിത സ്വാധീനം ഉപയോഗിച്ച് കേസ്സ് തേയ്ച്ച് മായിച്ച് കളയുവാൻ ശ്രമം നടത്തുന്നതായി വിവരം ലഭിച്ചതിനാൽ ഒരു സീനിയർ ഉദ്യോഗസ്ഥൻ എന്റെ പരാതി അന്വേഷിക്കണം എന്ന് കാണിച്ച് ബഹു: കേരള ഹൈക്കോടതി മുൻപാകെ ഞാൻ പരാതി സമർപ്പിച്ചിരിക്കുകയാണ്.

ഇപ്പോൾ 2018 ഏപ്രിൽ മാസം 25–ാം തീയ്യതിയിലെ മാതൃഭൂമി പത്രത്തിൽ

1. അസിസ്റ്റന്റ് മാനേജർ– (കൊമേഴ്സ്)
2. ഓഫീസർ (കൊമേഴ്സ്) എന്നീ രണ്ട് തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 03–05–2018 വരെയാണ് അപേക്ഷ അയയ്ക്കുവാനുള്ള തീയ്യതി. ഈ പോസ്റ്റുകൾക്ക് ഗവൺമെന്റ് അംഗീകാരം ഇല്ലെന്ന് മാത്രമല്ല 03–05–2018 വരെ അപേക്ഷ തീയതി ഉണ്ടായിരിക്കെ 02–05–2018 മുതൽ മഞ്ജുഷ എന്ന ആൾ കാപ്പെക്സിൽ അസിസ്റ്റന്റ് മാനേജർ (കൊമേഴ്സ്) ആയി ജോലി ചെയ്തുവരുന്നു. ഇവരെ തന്നെ ഇന്റർവ്യൂ എന്ന പ്രഹസനം നടത്തി നിയമിക്കും. മറ്റ് അപേക്ഷകരെയെല്ലാം വിഡ്ഢികളാക്കുന്നതാണ് ഈ നടപടി. ഓഫീസർ കൊമേഴ്സ് എന്ന പോസ്റ്റിലേയ്ക്കും ഇത്തരത്തിൽ നിയമനം നടത്തുവാൻ നീക്കം നടക്കുന്നുണ്ട്. നിരവധി പരാതികൾ കാപ്പെക്സ്എം.ഡിയ്ക്കെതിരെ നിലനിൽക്കെ അവിഹിതവും, അന്യായവുമായി എല്ലാ

.....2

Ench-1

നടപടിക്രമങ്ങളും തെറ്റിച്ച് വീണ്ടും, വീണ്ടും നിയമനങ്ങൾ നടത്തുന്ന ഈ സാഹചര്യത്തിൽ ഉടനടി കാപ്പെക്സ് എം.ഡിയെ തൽസ്ഥാനത്ത് നിന്നും നീക്കുവാൻ നിർദ്ദേശം നൽകിയില്ല എങ്കിൽ എല്ലാ ഉദ്യോഗസ്ഥർക്കും തന്നിഷ്ടപ്രകാരം എന്തും ചെയ്യാമെന്നും അതു വഴി ഗവൺമെന്റിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും എന്നത് വസ്തുതയാണ്.

ആയതിനാൽ കാപ്പെക്സ് എം.ഡി ആർ. രാജേഷിനെ തൽസ്ഥാനത്ത് നിന്നും ഉടനടി നീക്കം ചെയ്യുവാൻ നിർദ്ദേശം നൽകുകയും SP റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അവിഹിത നിയമനങ്ങൾ അന്വേഷിക്കണമെന്നും അപേക്ഷിക്കുന്നു.

കൊല്ലം,
04–05–2018

എന്ന്,
വിശ്വസ്തതയോടെ,

അയത്തിൽ സോമൻ

Exh - 1

ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് സെക്രട്ടറി (കശുവണ്ടി വ്യവസായം)
മുൻപാകെ സമർപ്പിക്കുന്ന പരാതി

സർ,

വിഷയം : കാപ്പെക്സ് എം.ഡി ആയിരുന്ന ആർ. രാജേഷിനെ അഴിമതിയിൽ നിന്നും സംരക്ഷിക്കുന്നത് സംബന്ധിച്ച്.

സൂചന : സ.ഉ (സാധ)നം.1161/2020/വ്യവ, തീയതി, തിരുവനന്തപുരം 23/12/2020

കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്പെക്സ്) മാനേജിംഗ് ഡയറക്ടർ ആയിരുന്ന രാജേഷിനെ 29/05/2019 ൽ സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. അജിത്കുമാർ അന്വേഷണം നടത്തുകയും ശ്രീ. രാജേഷ് കുറ്റക്കാരനാണെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകുകയും ചെയ്തു.

സസ്പെൻഷൻ തീയതി മുതൽ എം.ഡി സ്ഥാനത്ത് നിന്നും ശ്രീ. രാജേഷിനെ നീക്കം ചെയ്യണമെന്ന് ധനകാര്യ വകുപ്പ് ശുപാർശ നൽകുകയും ചെയ്തു.

ഗുരുതരമായ അഴിമതിയും, ക്രമക്കേടും തെളിഞ്ഞിട്ടും ധനകാര്യ വകുപ്പ് പുറത്താക്കുവാൻ നിർദ്ദേശിച്ച ആളിനെ ആരുടെ താൽപര്യപ്രകാരമാണ് പുനഃപരിശോധിക്കുവാൻ തീരുമാനിച്ചത് എന്ന് വ്യക്തമല്ല. ആരുടെ തീരുമാനമായാലും കുറ്റകൃത്യം ചെയ്യുന്നതിന് കൂട്ടു നിൽക്കുന്നതും കുറ്റകരമാണെന്ന് അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ. അത് പുനഃപരിശോധിച്ച ധനകാര്യവകുപ്പ് ടിയാന് എം.ഡി. യായി തുടരാൻ കഴിയില്ല എന്ന ശുപാർശ നൽകിയിട്ടും അടിസ്ഥാനമില്ലാത്ത സംശയങ്ങൾ ഉന്നയിച്ച് ഉപജീവനബത്ത നൽകാൻ തീരുമാനിച്ചത് വളരെ ഗുരുതരമായ തെറ്റാണ്.

മാനേജിംഗ് ഡയറക്ടർ എന്ന തസ്തിക സർക്കാരിന്റെ വിവേചനാധികാരത്തിൽപ്പെട്ട നിയമനമാണെന്നും അങ്ങനെയുള്ള ആളിനെ ഏത് സമയത്തും നീക്കം ചെയ്യുവാൻ ഗവൺമെന്റിന് അധികാരമുണ്ടെന്നും അങ്ങയ്ക്ക് വളരെ വ്യക്തമായി അറിവുണ്ടായിട്ടും അടിസ്ഥാനമില്ലാത്ത സംശയങ്ങൾ പ്രകടിപ്പിച്ച് ഗുരുതരമായ തെറ്റുകൾ മറച്ചു വെച്ച് രാജേഷിനെ സംരക്ഷിക്കുന്ന ഉത്തരവ് ഇറക്കിയത് തെറ്റാണ്. ആയതിനാൽ

1. കുറ്റക്കാരനായ ശ്രീ. ആർ. രാജേഷിനെ സസ്പെന്റ് ചെയ്ത തീയതി മുതൽ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യുക.

2. ഉപജീവനബത്ത നൽകാനുള്ള തീരുമാനം പിൻവലിക്കുകയും അഴിമതിയും പദവി ദുരുപയോഗവും നടത്തിയ രാജേഷിനെതിരെ വിജിലൻസ് അന്വേഷണം നടത്തി നിയമത്തിന് മുൻപിൽ കൊണ്ടു വരിക.

3. ഇത്രയും നഗ്നമായ അഴിമതി നടത്തിയ ആളെ ഒരു സ്ഥലത്തും ഉത്തരവാദിത്തപ്പെട്ട തസ്തികകളിൽ നിയമിക്കരുത് എന്ന് ഉത്തരവ് നൽകുക.

4. അഴിമതിക്കാരെ സംരക്ഷിക്കില്ല എന്ന LDF സർക്കാർ നയം നടപ്പാക്കുക.

5. അഴിമതി നിരോധന നിയമ പ്രകാരം അന്വേഷണം നടത്തി മാജിഷിന് എതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് അനുവാദം നൽകുക.

എന്ന്,

അയത്തിൽ സോമൻ
മരണോത്ത് വീട്
അയത്തിൽ പി.ഒ.,കൊല്ലം

പകർപ്പ്

1. ചീഫ് സെക്രട്ടറി
ഗവൺമെന്റ് ഓഫ് കേരള
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

2. സെക്രട്ടറി
ധനകാര്യവകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

3. മാനേജിംഗ് ഡയറക്ടർ
കാപ്പെക്സ് കൊല്ലം

Exh-1

25/2/2021 51

അയത്തിൽ സോമൻ
ഭരേണത്ത് വീട്
അയത്തിൽ പി.ഒ
കൊല്ലം

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ പരിശോധനാ വിഭാഗം
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം :- കാപ്പെക്സ് തോട്ടണ്ടി വാങ്ങൽ പരിപ്പ് വിൽപ്പന അഴിമതി സംബന്ധിച്ച്

കാപ്പെക്സിൽ മാനേജിംഗ് ഡയറക്ടറായി വീണ്ടും നിയമിക്കപ്പെട്ട ശ്രീ.ആർ.രാജേഷ് 2018, 2019 വർഷങ്ങളിൽ തോട്ടണ്ടി വാങ്ങിയതിലെയും, പരിപ്പ് വിൽപ്പന നടത്തി ഉണ്ടാക്കിയ അഴിമതികളെക്കുറിച്ചും വളരെ വിശദമായി പരിശോധിക്കേണ്ടതാണ്. കർഷകരിൽ നിന്നും നേരിട്ട് ഗുണനിലവാരം ഉള്ള തോട്ടണ്ടി ഉയർന്ന വില നൽകി വാങ്ങിയതാണെന്ന വ്യാജേന ചെയർമാനെയും, മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങളെയും വിശ്വസിപ്പിച്ചു കൊണ്ടാണ് ചില സ്വകാര്യ വ്യക്തികളിൽ നിന്നും ഇറക്കുമതി ചെയ്തതും, ഗുണ നിലവാരം കുറഞ്ഞതുമായ തോട്ടണ്ടി വാങ്ങിയിട്ടുള്ളത്. ആ അഴിമതി കുംഭകോണത്തെക്കുറിച്ച് ഞാൻ ഇതിന് മുമ്പും സർക്കാർ തലത്തിൽ അന്വേഷിക്കണമെന്ന് സൂചിപ്പിച്ചിരുന്നെങ്കിലും രാജേഷിന്റെ ഉന്നതതലങ്ങളിലുള്ള ദുഃസ്വാധീനം കാരണം ഒന്നും നടന്നില്ല.

2018 - ലെയും, 2019-ലെയും തോട്ടണ്ടി വാങ്ങൽ, പരിപ്പ് വിൽപ്പന എന്നിവയിലൂടെ കോടിക്കണക്കിന് രൂപയാണ് രാജേഷ് സമ്പാദിച്ചിട്ടുള്ളത്. പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നൽകാനെന്ന പേരിൽ തീരെ നിലവാരം കുറഞ്ഞ തോട്ടണ്ടി വാങ്ങുകയും, തന്റെ ഇഷ്ടക്കാർക്ക് മാത്രം പരിപ്പ് വിൽപ്പന നടത്തി കമ്മീഷൻ ഇനത്തിൽ കോടികൾ പോക്കറ്റിലാക്കുകയുമാണ് രാജേഷ് ചെയ്തിട്ടുള്ളത്.

മാത്രവുമല്ല, തന്റെ താമസസ്ഥലമായ ആലപ്പുഴയിൽ നിന്നും കൊല്ലത്തുള്ള ഓഫീസിലേക്ക് ദിവസവും കാറിൽ വന്ന് പോകുന്ന ഇനത്തിൽ പ്രതിമാസം വൻ തുകയാണ് ഇന്ധന ചിലവിൽ കാപ്പെക്സ് നൽകേണ്ടി വരുന്നത്.

Exh-1

സ്വന്തം നാടായ ആലപ്പുഴയിലെ വിവിധ ഭാഗങ്ങളിലായി വസ്തുക്കളും, മറ്റും വാങ്ങിയിട്ടുള്ളതായും കേൾക്കുന്നു. 2019-ൽ അഴിമതി നടത്തി ആരോപണ വിധേയനായി സസ്പെൻഷനിലുള്ള രാജേഷിനെ തന്നെ ഇപ്പോൾ അതേ സ്ഥാനത്ത് പുനർ നിയമനം നടത്തിയത് പോലും ഉന്നതങ്ങളിലുള്ള അയാളുടെ ദുഃസ്വാധീനത്തിന്റെ തെളിവാണ്. എന്തായാലും ചാർജ്ജെടുത്ത ദിവസം മുതൽ ധൂർത്തും, മറ്റ് പാഴ് ചിലവുകളും, പദവി ദുരുപയോഗവും തുടങ്ങിയിട്ടുണ്ടെന്ന് അറിയിക്കുന്നു.

രാജേഷിന്റെ ആഡംബരങ്ങളുടെയും, സ്വത്ത് സമ്പാദനത്തിന്റെയും ഉറവിടം ഞാൻ മേൽസൂചിപ്പിച്ച പ്രകാരം തോട്ടണ്ടി വാങ്ങിയതിന്റെയും, പരിപ്പ് വിൽപ്പനകളുടെയും കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. 2018, 2019 വർഷങ്ങളിൽ നടന്ന അഴിമതികുംഭകോണത്തെക്കുറിച്ച് വിശദമായ ഒരു പരിശോധന നടത്തുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിനുമായി അങ്ങ് തന്നെ പ്രത്യേകം ശ്രദ്ധയെടുത്ത് അന്വേഷണസംഘത്തെ ഇതിനായി ചുമതലപ്പെടുത്തണമെന്നും അപേക്ഷിക്കുന്നു.

വിശ്വാസപൂർവ്വം

കൊല്ലം

(അയത്തിൽ സോമൻ)

22.02.2021

Exh-1

തോട്ടണ്ടി വാങ്ങിയതിൽ ക്രമക്കേട്:

കാപ്പെക്സ് എംഡിക്ക് സസ്പെൻഷൻ

ജയചന്ദ്രൻ ഇലങ്കത്ത്

കൊല്ലം • സർക്കാർ നിശ്ചയിച്ച നിരക്കിനെക്കാൾ കൂടിയ വിലയ്ക്കു തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടിനെ തുടർന്നു കാപ്പെക്സ് മാനേജിങ് ഡയറക്ടർ ആർ. രാജേഷിനെ സർക്കാർ സസ്പെൻഡ് ചെയ്തു. ഇടപാടിനെക്കുറിച്ചു സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗം അന്വേഷിക്കാനും തീരുമാനിച്ചു. തോട്ടണ്ടി ഇടപാടിൽ അരങ്ങേറിയ ക്രമക്കേട് മലയാള മനോരമയാണു പുറത്തു കൊണ്ടുവന്നത്.

കാപ്പെക്സ് എംഡിയുടെ ചുമതല ധനവകുപ്പ് അഡീഷനൽ സെക്രട്ടറി എസ്. അനിൽകുമാറിനു നൽകി. സർക്കാർ നിയന്ത്രണത്തിലുള്ള കാഷ്യു ബോർഡിൽ തോട്ടണ്ടി ആവശ്യത്തിനു സ്റ്റോക്കുള്ളപ്പോൾ കൂടിയ വിലയ്ക്കു വാങ്ങി നഷ്ടം വരുത്തിയതു വിവാദമായതിനു പിന്നാലെയാണു സർക്കാർ നടപടി.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നു കിലോഗ്രാമിനു പരമാവധി 123 രൂപയ്ക്കു തോട്ടണ്ടി വാങ്ങാൻ സർക്കാർ നിർദേശം നിലവിലിരിക്കെയാണ്, 126.94 രൂപയ്ക്ക് ഈ മാസം ആദ്യം കാസർകോട് നിന്ന് 500 ടൺ തോട്ടണ്ടി കാപ്പെക്സ് വാങ്ങിയത്. പൊതുവിപണിയിൽ തോട്ടണ്ടിക്കു വില താഴ്ന്നു നിൽക്കുമ്പോൾ, കൂടിയ വിലയ്ക്കു തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിനു വൻ നഷ്ടമുണ്ടായതായാണു വിലയിരുത്തൽ.

ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗത്തിൽ ചർച്ച ചെയ്ത് അംഗീകാരം വാങ്ങുന്നതിനു മുൻപേ തോട്ടണ്ടി കാപ്പെക്സ് ഫാക്ടറികളിൽ എത്തിയത് ഇടപാട് ആസൂത്രിതമായിരുന്നുവെന്നതിനു തെളിവുമായി. കശുവണ്ടി കർഷകരെ സഹായിക്കാനാണു 126.94 രൂപ നിരക്കിൽ തോട്ടണ്ടി വാങ്ങിയതെന്നും ചാക്ക് വാങ്ങിയതിനും കയറ്റുകൂലിയും ലോറിക്കൂലിയും മറ്റും ഉൾപ്പെടെ 3.94 രൂപ ചെലവായതാണു നിരക്ക് കൂടാൻ കാരണമെന്നുമായിരുന്നു കാപ്പെക്സ് വിശദീകരണം. പൊതുമേഖലാ സ്ഥാപനം തോട്ടണ്ടി വാങ്ങുമ്പോൾ ഫാക്ടറിയിൽ എത്തിക്കുന്നതിനുൾപ്പെടെയാണു നിരക്ക് നിശ്ചയിക്കുന്നതെന്നും ചാക്കിനും മറ്റും പ്രത്യേകം ചെലവ് ഉൾപ്പെടുത്താനാവില്ലെന്നുമാണു സർക്കാർ നിലപാട്.

ജെ. മേഴ്സിക്കുട്ടിയമ്മ കൈകാര്യം ചെയ്യുന്ന കശുവണ്ടി വകുപ്പിന്റെ നിർദേശം മറികടന്നു സിപിഎം ജില്ലാ സെക്രട്ടേറിയറ്റംഗം പിആർ വസന്തൻ ചെയർമാനായ കാപ്പെക്സ് തോട്ടണ്ടി ഇടപാട് നടത്തിയതു സിപിഎമ്മിലും ചർച്ചയായിരുന്നു.

RL. 173975275 IN 3 57

Exh-1 signed

PW.A



E.178/21/Fin

Received in Comp: 17/2/21

അബ്ദുൾ ജബ്ബാർ(1)
സുമി മൻസിൽ
ആശുപത്രിമുക്ക്
കുണ്ടറ .പി.ഒ, കൊല്ലം

ബഹു ധനകാര്യ വകുപ്പ് മന്ത്രി
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ

വിഷയം : കാപ്പെക്സ് തോട്ടണ്ടി ഇടപാട് സംബന്ധിച്ച്

2019 കാലയളവിൽ കർഷകരിൽ നിന്നും തോട്ടണ്ടി വാങ്ങുമെന്ന സർക്കാർ ഉത്തരവ് കാറ്റിൽ പറത്തി കൊണ്ട് ഒരു PWD കോൺട്രാക്റിൽ നിന്നുമാണ് കാപ്പെക്സ് എം.ഡി.യായിരുന്ന ആർ.രാജേഷ് തോട്ടണ്ടി വാങ്ങിയത്. ഇങ്ങനെ വാങ്ങിയ തോട്ടണ്ടി വിലയുടെ 80% തുക നൽകുകയും ചെയ്തു. ഇതിലൂടെ ഒരു കോടിയിൽപ്പരം രൂപയാണ് കാപ്പെക്സിനും, സർക്കാരിനും നഷ്ടം സംഭവിച്ചത്. പ്രസ്തുത അഴിമതി വെളിച്ചത്ത് വന്നതോടെ G.O(Rt) No. 437/2019/ ID, തീയതി 29/05/2019 എന്ന സർക്കാർ ഉത്തരവിലൂടെ ആർ.രാജേഷിനെ എം.ഡി സ്ഥാനത്ത് നിന്നും സസ്പെന്റ് ചെയ്തു. എന്നാൽ അതേ അഴിമതിക്കാരനെ വീണ്ടും കാപ്പെക്സിൽ തന്നെ പുനർനിയമിക്കാനും, തോട്ടണ്ടി വിലയുടെ കുടിശ്ശികയിനത്തിൽ ബാക്കി നിൽക്കുന്ന 20% തുകയായ ഒരു കോടിയിൽപ്പരം രൂപ നൽകാനും നീക്കം നടക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു.

ഇതിലുപരി മറ്റൊരു പ്രധാനകാര്യം അഴിമതിയിലൂടെ കോടികൾ സമ്പാദിച്ച ആർ രാജേഷിന് സസ്പെൻഷൻ കാലയളവിലെ അനുതാപ ബത്ത നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.

അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് നിരന്തരം പറയുന്ന സർക്കാർ തന്നെ ഇങ്ങനെ കോടികൾ മുടിക്കുന്ന അഴിമതിക്കാരെയും, അഴിമതികളെയും വെള്ള പൂശുന്ന നടപടി ഇടത്പക്ഷ സർക്കാരിനെകൂടുതൽ കളങ്കം ചാർത്താനേ ഉപകരിക്കുകയുള്ളൂ.

Exhibit - 1

ആയതിനാൽ മേൽ ഉദ്ധരിച്ച രണ്ട് കാര്യങ്ങളുടെയും നിജസ്ഥിതി സർക്കാർ അന്വേഷണ ഏജൻസി മുഖേന വിശദമായി അന്വേഷണം നടത്തി അഴിമതിക്കാർക്കെതിരെ ശക്തമായ നിയമ നടപടിൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

എന്ന്

അബ്ദുൾ ജബ്ബാർ

ഉള്ളടക്കം

1. G.O(Rt) No. 437/2019/ ID പകർപ്പ്
2. പത്രവാർത്തയുടെ പകർപ്പ്

Copy to :

1. സെക്രട്ടറി, ധനകാര്യ വകുപ്പ്
2. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

Exh-1

GOVERNMENT OF KERALA
Abstract

Industries Department – Cashew – Capex – Sri. R. Rajesh, Managing Director, Capex, Kollam – Suspended from service - Orders issued.

INDUSTRIES (K) DEPARTMENT

G.O.(Rt)No.437/2019/ID Dated, Thiruvananthapuram, 29/05/2019.

Read :- 1) Letter No/Capex/MD/2019-20 dated 15/05/2019 from MD, Capex.
2) Letter No/Capex/commerce/2019-20 dated 15/05/2019

ORDER

It has come to the notice of the Government about some irregularities and malpractices in the purchase of Raw Cashew Nut in CAPEX from media reports.

Government obtained report in this regard from the Managing Director, CAPEX vide reference cited. On detailed examination of the report it is found that CAPEX procured RCN from PWD Contractor. The reasons for not procuring RCN from Plantation corporation, Kerala and farms under SC/ST Departments etc. have not been mentioned in the report. The deviation by CAPEX in procuring RCN from PWD contractor and paying more than the indicated price is a serious violation of procurement directions issued by Government resulting financial loss to CAPEX. It is seen that the explanation furnished by the MD, CAPEX is not at all satisfactory.

A detailed enquiry seems necessary to find out the irregularities in the purchase of Raw Cashew Nut by CAPEX.

In the circumstances Government have decided to place Sri. R Rajesh, Managing Director, CAPEX, Kollam under suspension with immediate effect, pending detailed enquiry. The terms of reference for the enquiry will be decided by the Department.

Sri. S Anil Kumar, Additional Secretary to Government, Finance Department is given full additional charge of Managing Director, CAPEX until further orders.

(By Order of the Governor)
SIVADASAN EK
JOINT SECRETARY

To

Sri R. Rajesh, Managing Director, Capex, Kollam
Sri. S. Anilkumar, Additional Secretary to Government, Finance Department
The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
I&PR Department (for uploading the G.O in Govt.website)
SF/OC.

Forwarded/By Order

honor 8X

Exhibit-1

തോട്ടണ്ടി വാങ്ങിയതിൽ ക്രമക്കേട്:

കാപ്പെക്സ് എംഡിക്ക് സസ്പെൻഷൻ

ജയചന്ദ്രൻ ഇലങ്കത്ത്

കൊല്ലം • സർക്കാർ നിശ്ചയിച്ച നിരക്കിനെക്കാൾ കൂടിയ വിലയ്ക്കു തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടിനെ തുടർന്നു കാപ്പെക്സ് മാനേജിങ് ഡയറക്ടർ ആർ. രാജേഷിനെ സർക്കാർ സസ്പെൻഡ് ചെയ്തു. ഇടപാടിനെക്കുറിച്ചു സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗം അന്വേഷിക്കണമെന്നും തീരുമാനിച്ചു. തോട്ടണ്ടി ഇടപാടിൽ അരങ്ങേറിയ ക്രമക്കേട് ഉടനടി അന്വേഷിക്കണമെന്നു ചൂണ്ടിക്കാണിച്ചിരുന്നു.

കാപ്പെക്സ് എംഡിയുടെ ചുമതല വനംവകുപ്പ് അഡീഷനൽ സെക്രട്ടറി എസ്. അനിൽകുമാറിനു നൽകി. സർക്കാർ നിയന്ത്രണത്തിലുള്ള കാഷ്യു ബോർഡിൽ തോട്ടണ്ടി ആവശ്യത്തിനു സ്റ്റോക്കുള്ളപ്പോൾ കൂടിയ വിലയ്ക്കു വാങ്ങി നഷ്ടം വരുത്തിയതു വിവാദമായതിനു പിന്നാലെയാണു സർക്കാർ നടപടി.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നു കിലോഗ്രാമിനു പരമാവധി 123 രൂപയ്ക്കു തോട്ടണ്ടി വാങ്ങാൻ സർക്കാർ നിർദേശം നിലവിലിരിക്കെയാണ്, 126.94 രൂപയ്ക്ക് ഈ മാസം ആദ്യം കാസർകോട് നിന്ന് 500 ടൺ തോട്ടണ്ടി കാപ്പെക്സ് വാങ്ങിയത്. പൊതുവിപണിയിൽ തോട്ടണ്ടിക്കു വില താഴ്ന്നു നിൽക്കുമ്പോൾ, കൂടിയ വിലയ്ക്കു തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിനു വൻ നഷ്ടമുണ്ടായതായാണു വിലയിരുത്തൽ.

ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗത്തിൽ ചർച്ച ചെയ്ത് അംഗീകാരം വാങ്ങുന്നതിനു മുൻപേ തോട്ടണ്ടി കാപ്പെക്സ് ഫാക്ടറികളിൽ എത്തിയത് ഇടപാട് ആസൂത്രിതമായിരുന്നുവെന്നതിനു തെളിവുമായി. കശുവണ്ടി കർഷകരെ സഹായിക്കാനാണു 126.94 രൂപ നിരക്കിൽ തോട്ടണ്ടി വാങ്ങിയതെന്നും ചാക്ക് വാങ്ങിയതിനും കയറ്റുകൂലിയും ലോറിക്കൂലിയും മറ്റും ഉൾപ്പെടെ 3.94 രൂപ ചെലവായതാണു നിരക്ക് കൂടാൻ കാരണമെന്നുമായിരുന്നു കാപ്പെക്സ് വിശദീകരണം. പൊതുമേഖലാ സ്ഥാപനം തോട്ടണ്ടി വാങ്ങുമ്പോൾ ഫാക്ടറിയിൽ എത്തിക്കുന്നതിനുൾപ്പെടെയാണു നിരക്ക് നിശ്ചയിക്കുന്നതെന്നും ചാക്കിനും മറ്റും പ്രത്യേക ചെലവ് ഉൾപ്പെടുത്താറുമില്ലെന്നുമാണു സർക്കാർ നിലപാട്.

ജെ. മേഴ്സിക്കുട്ടിയമ്മ കൈകാര്യം ചെയ്യുന്ന കശുവണ്ടി വകുപ്പിന്റെ നിർദേശം മറികടന്നു സിപിഎം ജില്ലാ സെക്രട്ടറിയറ്റും പിന്നീട് വടവാതൂർ പെയർമാനായ കാപ്പെക്സ് തോട്ടണ്ടി ഇടപാട് നടത്തിയതു സിപിഎമ്മിലും ചർച്ചയായിരുന്നു.

Proceed in 61 RL 1740133614 Exh-1

Exh-1

Comp. No. 17202[illegible] 204/21/Fin



പി.വി ശശിധരൻ
ശ്രേയസ്സ്
കിളികൊല്ലൂർ
കൊല്ലം - 4

ബഹു.മുഖ്യമന്ത്രി
കേരള സർക്കാർ
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം : കാപ്പെക്സ് - തോട്ടണ്ടി അഴിമതി മുൻ എം.സി. ആർ.രാജേഷിന്റെ പുനർനിയമനം - സംബന്ധിച്ച്

കശുഅണ്ടി തൊഴിലാളികൾക്കും, കർഷകർക്കും ഒരു പോലെ ഗുണപ്രദമാകണമെന്ന പദ്ധതിയനുസരിച്ച് കർഷകരിൽ നിന്നും നേരിട്ട് തോട്ടണ്ടി വാങ്ങുന്ന നയം തീർത്തും നിഷേധിച്ചു കൊണ്ട് 2019-ൽ കാപ്പെക്സ് എം.ഡി.യായിരുന്ന ആർ.രാജേഷ് സ്വകാര്യ മുതലാളിമാരിൽ നിന്നും തോട്ടണ്ടി വാങ്ങി കൂട്ടിയത്. കാസർകോടുകാരനായ ഒരു PWD കോൺട്രാക്ടറുടെ പക്കൽ നിന്ന് വരെ തോട്ടണ്ടി വാങ്ങിയെന്ന കാര്യം സർക്കാരിന് തന്നെ ബോദ്ധ്യപ്പെടുകയും ചെയ്തതാണ്.

31.05.2019 -ൽ മലയാള മനോരമ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ വാർത്തയിൽ, തോട്ടണ്ടിയ്ക്ക് കിലോഗ്രാമിന് 123 രൂപ വിലയുള്ളപ്പോൾ 126.94 രൂപ പ്രകാരം 500 ടണ്ണോളം തോട്ടണ്ടിയാണ് കാപ്പെക്സ് വാങ്ങിയത്. ഇതിന് പുറമെ കയറ്റ് കൂലി, ചാക്കിന്റെ വില, ലോറി വാടക എന്നീ ഇനങ്ങളിൽ 3.94 രൂപ കൂടി അധിക ചിലവ് വന്നതായും കണക്കുകളുടെ അടിസ്ഥാനത്തിൽ വാർത്ത വന്നതാണ്. ഇങ്ങനെ സർക്കാരിനെയും, സ്ഥാപനത്തെയും കബളിപ്പിച്ച് വാങ്ങിയ തോട്ടണ്ടിയുടെ വിലയുടെ 80% ഏകദേശം 4.75 കോടി രൂപ നൽകുകയും ചെയ്തു. ഈ കൊടിയ അഴിമതിയുടെ അടിസ്ഥാനത്തിൽ 29.05.2019-ൽ സർക്കാർ ഉത്തരവ് നമ്പർ G.O 437/2019/ID പ്രകാരമാണ് രാജേഷിനെ സസ്പെന്റ് ചെയ്യപ്പെട്ടത്.

Exhibit-1

പ്രസ്തുത അഴിമതിയുടെ നിജസ്ഥിതി പുറത്ത് കൊണ്ട് വരുന്നതിനായി ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി നടത്തിയ വിശദമായ അന്വേഷണ റിപ്പോർട്ടിൽ രാജേഷ് കുറ്റക്കാരനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് 03.09.2019-ലെ G.O.860/2019/ID ഉത്തരവ് പ്രകാരവും, 07.01.2020-ൽ ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. അജിത്കുമാർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലും ഈ തോട്ടണ്ടി കുംഭകോണ അഴിമതി പകൽപോലെ വ്യക്തമാണ്. ഇതിനും പുറമെ ധനകാര്യ വകുപ്പിന്റെ സസ്പെൻഷൻ തീയതി മുതൽ എം.ഡി. സ്ഥാനത്ത് നിന്നും രാജേഷിനെ ഒഴിവാക്കണമെന്ന ശുപാർശയും നിലനിൽക്കുന്നുണ്ട്. സർക്കാരിന്റെ തന്നെ 20.05.2019-ലെ G.O.419/09/Plg നമ്പർ ഉത്തരവിൽ എം.ഡി.മാർക്ക് ഒരു സ്ഥലത്ത് ലീൻ ഇല്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്.

യാഥാർത്ഥ്യങ്ങൾ ഇങ്ങനെ നിലനിൽക്കുമ്പോൾ കശുഅണ്ടി വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി തന്നെ മുൻകൈയ്യെടുത്ത് അഴിമതി വീരനായ രാജേഷിനെ കാപ്പെക്സിൽ തന്നെ പുനർനിയമിച്ചതിന്റെ യാഥാർത്ഥ്യങ്ങൾ പുറത്ത് കൊണ്ട് വരണം. പ്രധാനമായും 2019-ലെ തോട്ടണ്ടി ഇടപാടിൽ കുടിശ്ശിക ഇനത്തിൽ നിലനിൽക്കുന്ന 20% തുകയായ ഏകദേശം ഒന്നേ മുക്കാൽ കോടിയോളം രൂപ തട്ടിയെടുക്കുകയെന്ന ലക്ഷ്യമാണുള്ളതെന്ന് മനസ്സിലാക്കാം. ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ മറി കടന്ന് വകുപ്പ് മന്ത്രി നടത്തുന്ന ഇത്തരം നടപടികൾക്കെതിരെ മുഖ്യമന്ത്രി അലംഭാവം കാട്ടുന്നത് ഒട്ടും ഉചിതമല്ലെന്ന് സൂചിപ്പിക്കുന്നു. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇത് പോലുള്ള സ്ഥാപനങ്ങളിൽ അഴിമതിക്കാരനായ രാജേഷിനെപ്പോലെയുള്ള കാട്ടുകള്ളന്മാരെ പ്രതിഷ്ഠിക്കുന്നത് സർക്കാരിന്റെ തന്നെ പണം കൈയ്യിട്ട് വരാനും, അത് വഴി കോടികൾ സമ്പാദിക്കാനുമാണെന്ന് മനസ്സിലാക്കേണ്ടതാണ്.

ഗുരുതരമായ മറ്റൊരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപെടുത്തുകയാണ്. അതായത് 23.12.2020 ൽ G.O(Rt)1101/2020/ID എന്ന നമ്പർ സർക്കാർ ഉത്തരവാണ്. വ്യവസായ(കെ) വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിൽ രാജേഷിന്റെ സസ്പെൻഷൻ കാലയളവിലെ ഉപജീവനബത്ത നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. അഴിമതിക്ക് വളമിട്ട് കൊടുക്കുന്ന പോലെയുള്ള ഒരു ഉത്തരവായി ഇതിന്റെ കാണേണ്ടതുണ്ട്. അഴിമതിയിലൂടെ കോടികൾ കട്ട് സമ്പാദിച്ച രാജേഷിന് വീണ്ടും പ്രോത്സാഹന സമ്മാനമെന്ന നിലയിൽ ലക്ഷങ്ങൾ നൽകുന്ന പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പദവി ദുരുപയോഗം, തോട്ടണ്ടി വാങ്ങിയതിലൂടെയും, പരിപ്പ് കച്ചവടത്തിലൂടെയും നടത്തിയ അഴിമതി കുംഭകോണം എന്നിവ സർക്കാർ ഏജൻസികളുടെ അന്വേഷണത്തിൽ തെളിയിക്കപ്പെട്ടതാണ്. അഴിമതി വീരനായ ഇയാളുടെ പുനർനിയമനങ്ങളും, അതിന് ചുക്കാൻ പിടിച്ച കുബുദ്ധി കേന്ദ്രങ്ങൾക്കെയും വിജിലൻസ് അന്വേഷണം നടത്തി യാഥാർത്ഥ്യങ്ങൾ നിയമത്തിന് മുന്നിൽ കൊണ്ട് വന്ന് കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ

കിളികൊല്ലൂർ

10/02/2021

ജി.വി. ശശിധരൻ

ഉള്ളടക്കം:

1.G.O(Rt) 1101/2020/ID dt 23.12.2020

2. Malayala Manorama Daily News dt 31.05.2019

3. Malayala Manorama Daily News dt 04.02.2021

Copy to

1. Minister for finance, Govt. Secretariat TVM

2. Chief Secretary of Kerala, Govt. Secretariat, TVM

3. Addl. Chief Secretary, Finance, Govt. Secretariat, TVM

4. Secretary, Finance, Govt. Secretariat, TVM

5. Secretary, Home dept., Govt. Secretariat, TVM

File No.IND-K2/181/2019-IND

Exhibit-1

18641/
28/12/20

"രേണുമോഹ മാതുരോഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - സസ്പെൻഷനിൽ ആയ മുൻ കാപ്പെക്സ് മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷിന് ഉപജീവന ബത്ത അനുവദിക്കണമെന്ന ആവശ്യത്തിൽ ധനകാര്യ നിയമ വകുപ്പുകളുടെ ശിപാർശ പരിശോധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.1101/2020/വ്യവ. തീയതി,തിരുവനന്തപുരം, 23/12/2020

പരാമർശം:- 1 സ.ഉ.(സാധാ)437/2019/വ്യവ തീയതി 29/05/2019.

2 സ.ഉ.(സാധാ)860/2019/വ്യവ തീയതി 03/09/2019.

3 അന്വേഷണ ഉദ്യോഗസ്ഥനായ ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ അജിത്കുമാറിന്റെ 07/01/2020 തീയതിയിലെ റിപ്പോർട്ട്.

4 18/06/2020-ലെ ശ്രീ. ആർ. രാജേഷിന്റെ അപേക്ഷ.

ഉത്തരവ്

കേരള സർക്കാർ നിശ്ചയിച്ച സംഭരണ വിലയേക്കാൾ കൂടിയ വിലയിൽ തോട്ടണ്ടി സംഭരിച്ച നടപടിയിന്മേൽ കാപ്പെക്സിന്റെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ. രാജേഷിനെ അന്വേഷണ വിധേയമായി പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. പരാമർശം (2) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.എ. അജിത്കുമാറിനെ നിയമിക്കുകയും, പരാമർശം (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പരാമർശം (4) പ്രകാരം സസ്പെൻഷൻ തീയതി മുതൽ ഉപജീവനബത്ത അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജേഷ് അപേക്ഷ സമർപ്പിച്ചു.

2. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അപ്പെക്സ് സൊസൈറ്റിയായ കാപ്പെക്സിൽ എം.ഡി. ആയി ശ്രീ. ആർ. രാജേഷിനെ നിയമിച്ചിട്ടുള്ള ഉത്തരവിൽ ടിയാന്റെ നിയമനം സ്ഥിരമായാണോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ താൽക്കാലികമായാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. കാപ്പെക്സിലെ എം.ഡി. ക്ക് എതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമ്പോൾ KSR, KCS (CCA) Rules തുടങ്ങിയ ചട്ടങ്ങൾ ബാധകമാണോ എന്നും വ്യക്തതവരുത്തിയിട്ടില്ല. KSR, KCS (CCA) ചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ള സംഗതികളിലാണ് സസ്പെൻഷനെ തുടർന്ന് ഉപജീവന ബത്ത അനുവദിക്കുന്നത്. ശ്രീ. ആർ. രാജേഷിന് ഉപജീവന ബത്ത നൽകണമെന്ന അപേക്ഷയിൽ വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടിയാന്റെ അപേക്ഷ

Exh-1

നിരസിക്കുന്നതിനും ടിയാനെ സസ്പെൻഷൻ തീയതി മുതൽ എം.ഡി. സ്ഥാനത്തുനിന്നും സ്ഥിരമായി ഒഴിവാക്കണമെന്നും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും ധനകാര്യ വകുപ്പിനോട് അഭ്യർഥിച്ചപ്പോൾ ടിയാനെതിരേയുള്ള അച്ചടക്കനടപടികളും ശിക്ഷാ നടപടികളും ഭരണ വകുപ്പിനു തന്നെ തീരുമാനിക്കാമെന്നും ശിപാർശ ചെയ്തു. എന്നാൽ മാനേജിംഗ് ഡയറക്ടറായി തുടരാൻ കഴിയില്ല എന്നും ശിപാർശ നൽകി.

HSN Code	Product Description	Quantity	Taxable Amount Rs.	Tax Rate (C+S+I+Cess)
801	CASHEW RAW NUTS	20800.00 KGS	2641600.00	2.500+2.500+0.000+0.000

Tot. Tax'ble Amt ₹ **2641600.00** CGST Amt ₹ **66040.00** SGST Amt ₹ **66040.00** IGST Amt ₹**0.00** CESS Amt ₹**0.00** CESS Non.Advol Amt ₹**0.00**

Other Amt ₹**0.00** Total Inv.Amt ₹ **2773680.00**

4. Transportation Details

Transporter ID & Name :

Transporter Doc. No & Date : **& 22/06/2018**

5. Vehicle Details

Vehicle No	From	Entered Date	Entered By	CEWB No. (If any)	Multi Veh.Info (If any)
TN34L8673	KILIKOLLOOR	22-06-2018 09:43 PM	SKCESALAM		

TN 34 L 8673.

431 Exh-46 Exh. 46

सत्यमेव जयते

Government of India

e-Way Bill

1. E-WAY BILL Details

eWay Bill No: 5310 3758 5465 Generated Date: 22/06/2018 10:55 PM Generated By: 32AMR PC138 8G1Z3 Valid Upto: 26/06/2018

Mode: Road Approx Distance: 400km

Type: Outward - Supply Document Details: Tax Invoice - 100 - 22/06/2018

2. Address Details

From

GSTIN : 32AMR PC138 8G1Z3
THEKKUMMATTATHIL TRADING CO.
EP III,KUNNIKKARACHAL,VALERI
VALERI
MANATHAVADY,KERALA-670645

To

GSTIN : 32AAA AK125 3C2ZF
CAPEX INDUSTRIAL
KERALA STATE CASHEW WORKERS PB 262
INDUSTRIAL DEVELOPMENT PLOT
MUNDAKKAL,KERALA-691001

3. Goods Details

HSN Code	Product Description	Quantity	Taxable Amount Rs.	Tax Rate (C+S+I+Cess)
801	255 BAGS	20400.00 KGS	2815200.00	2.5+2.5+0+0

Total Taxble Amount ₹ 2815200.00 CGST Amount ₹ 70380.00 SGST Amount ₹ 70380.00 IGST Amount ₹0.00 CESS Amount ₹0.00

4. Transportation Details

Transporter ID & Name : Transporter Doc. No & Date : & 22/06/2018

5. Vehicle Details

Mode	Vehicle / Trans Doc No & Dt.	From	Entered Date	Entered By	CEWB No. (If any)	Multi Veh.Info (If any)
Road	TN59AK0402	MANATHAVADY	22/06/2018 10:55 PM	32AMRPC1388G1Z3	-	-

53103758 5465

Exh-47 - 10 - 433

Exh - 47

e-Way Bill System

1. E-WAY Bill Details

eWay Bill No: **6710 3752 6086** Generated Date: **22/06/2018 05:52 PM** Generated By: **32AEK PP139 9B1ZL** Valid Upto: **25/06/2018**

Mode: **Road** Approx Distance: **210km**

Type: **Inward - Import** Document Details: **Bill of Entry - 6885809 - 21/06/2018** Transaction type: **Regular**

2. Address Details

From

GSTIN : URP
EAST WEST COMMODITIES PTE LTD
OTHER COUNTRIES

:: Dispatch From ::
LEVEL-42,SUNTECTOWER-3
8,TEMASEK,SINGAPORE
TUTICORIN PORT,OTHER COUNTRIES-999999

To

GSTIN : 32AEK PP139 9B1ZL
SOUTH KERALA CASHEW EXPORTERS
KERALA

:: Ship To ::
6/460-463,SOUTH KERALA CASHEW EXPORTERS
,IIIRD MILESTONE
KILIKOLLOOR,KERALA-691001

3. Goods Details

HSN Code	Product Description	Quantity	Taxable Amount Rs.	Tax Rate (C+S+I+Cess)
801	CASHEW RAW NUTS 255 BAGS	20400.00 KGS	2509200.00	0.000+0.000+0.000+0.000

Tot. Tax'ble Amt ₹ **2509200.00** CGST Amt ₹ **0.00** SGST Amt ₹ **0.00** IGST Amt ₹**0.00** CESS Amt ₹**0.00** CESS Non.Advol Amt ₹**0.00**

Other Amt ₹**0.00** Total Inv.Amt ₹ **2509200.00**

4. Transportation Details

Transporter ID & Name :. Transporter Doc. No & Date : **& 22/06/2018**

5. Vehicle Details

Vehicle No	From	Entered Date	Entered By	CEWB No. (If any)	Multi Veh.Info (If any)
TN69AK0462	TUTICORIN PORT	22-06-2018 05:52 PM	SKCESALAM	-	-

TN 69 AK 0462

Exh-48 435

Exh-48

e-Way Bill System

1. E-WAY Bill Details

eWay Bill No: **5510 3757 8205** Generated Date:**22/06/2018 09:30 PM** Generated By: **32AEK PP139 9B1ZL** Valid Upto: **26/06/2018**

Mode: **Road** Approx Distance: **400km**

Type: **Outward - Supply** Document Details: **Tax Invoice - 33 - 22/06/2018** Transaction type: **Regular**

2. Address Details

From

GSTIN : 32AEK PP139 9B1ZL
SOUTH KERALA CASHEW EXPORTERS
KERALA

:: Dispatch From ::
6/460-463,SOUTH KERALA CASHEW EXPORTERS
,IIIRD MILESTONE
KILIKOLLOOR,KERALA-691001

To

GSTIN : 32AMR PC138 8G1Z3
THEKKUMMATTATHIL TRADING CO.
KERALA

:: Ship To ::
VALERI EP III,KUNNIKKARACHAL
VALERI
MANATHAVADY,KERALA-670645

3. Goods Details

HSN Code	Product Description	Quantity	Taxable Amount Rs.	Tax Rate (C+S+I+Cess)
801	CASHEW RAW NUTS	20400.00 KGS	2590800.00	2.500+2.500+0.000+0.000

Tot. Tax'ble Amt ₹ **2590800.00** CGST Amt ₹ **64770.00** SGST Amt ₹ **64770.00** IGST Amt ₹**0.00** CESS Amt ₹**0.00** CESS Non.Advol Amt ₹**0.00**

Other Amt ₹**0.00** Total Inv.Amt ₹ **2720340.00**

4. Transportation Details

Transporter ID & Name :- Transporter Doc. No & Date : **& 22/06/2018**

5. Vehicle Details

Vehicle No	From	Entered Date	Entered By	CEWB No. (If any)	Multi Veh.Info (If any)
TN69AK0462	KILIKOLLOOR	22-06-2018 09:30 PM	SKCESALAM	-	-

TN 69 AK 0462

2 lorry loads.

432 Exh-49

Exh- 49

e-Way Bill System

1. E-WAY Bill Details

eWay Bill No: 5810 3761 1637 Generated Date: 23/06/2018 08:53 AM Generated By: 32AMR PC138 8G1Z3 Valid Upto: 28/06/2018

Mode: Road Approx Distance: 450km

Type: Outward - Supply Document Details: Tax Invoice - 102 - 23/06/2018 Transaction type: Regular

2. Address Details

From

GSTIN : 32AMR PC138 8G1Z3
THEKKUMMATTATHIL TRADING CO.
KERALA

:: Dispatch From ::
EP III,KUNNIKKARACHAL,VALERI
VALERI
MANATHAVADY,KERALA-670645

To

GSTIN : 32AAA AK125 3C2ZF
CAPEX INDUSTRIAL
KERALA

:: Ship To ::
KERALA STATE CASHEW WORKERS PB 262
INDUSTRIAL DEVELOPMENT PLOT
MUNDAKKAL,KERALA-691001

3. Goods Details

HSN Code	Product Description	Quantity	Taxable Amount Rs.	Tax Rate (C+S+I+Cess)
801	255 BAGS	20400.00 KGS	2815200.00	2.500+2.500+0.000+0.000

Tot. Tax'ble Amt ₹ 2815200.00 CGST Amt ₹ 70380.00 SGST Amt ₹ 70380.00 IGST Amt ₹0.00 CESS Amt ₹0.00 CESS Non.Advol Amt ₹0.00

Other Amt ₹0.00 Total Inv.Amt ₹ 2955960.00

4. Transportation Details

Transporter ID & Name :

Transporter Doc. No & Date : & 23/06/2018

5. Vehicle Details

Vehicle No	From	Entered Date	Entered By	CEWB No. (If any)	Multi Veh.Info (If any)
TN05AK4101	MANATHAVADY	23-06-2018 08:53 AM	CAGST7191		

e-Way Bill System

Exh-50 Exh-50

E-WAY Bill Details

eWay Bill No: 5210 8755 0853 Generated Date: 22/06/2018 07:04 PM Generated By: 32AEK PP139 9B1ZL Valid Upto: 25/06/2018

Mode: Road Approx Distance: 210km

Type: Inward - Import Document Details: Bill of Entry - 6885809 - 21/06/2018 Transaction type: Regular

2. Address Details

From

GSTIN : URP
EASTWESTCOMMODITIESPTELTD
OTHER COUNTRIES

:: Dispatch From ::
LEVEL-42 SUNTECTOWER3
8 TEMASEK,SINGAPORE
TUTICORINPORT,OTHER COUNTRIES-999999

To

GSTIN : 32AEK PP139 9B1ZL
SOUTH KERALA CASHEW EXPORTERS
KERALA

:: Ship To ::
6/460-463,SOUTH KERALA CASHEW EXPORTERS
,IIIRD MILESTONE
KILIKOLLOOR,KERALA-691001

3. Goods Details

HSN Code	Product Description	Quantity	Taxable Amount Rs.	Tax Rate (C+S+I+Cess)
801	CASHEW RAW NUTS	20400.00 KGS	2509200.00	0.000+0.000+0.000+0.000

Tot. Tax'ble Amt ₹ 2509200.00 CGST Amt ₹ 0.00 SGST Amt ₹ 0.00 IGST Amt ₹0.00 CESS Amt ₹0.00 CESS Non.Advol Amt ₹0.00

Other Amt ₹0.00 Total Inv.Amt ₹ 2509200.00

4. Transportation Details

Transporter ID & Name : Transporter Doc. No & Date : & 22/06/2018

5. Vehicle Details

Vehicle No	From	Entered Date	Entered By	CEWB No. (If any)	Multi Veh.Info (If any)
TN05AK4101	TUTICORINPORT	22-06-2018 07:04 PM	SKCESALAM	-	-

A TN 05 AK 4101

4559588/2020/IND(BS)

Exh-51 Exh. 51

SCANNED BY
FIN (RMU) DEPT-1
11 AUG 2022

441

കുറിപ്പ്

Report. Ajith SIS.
E-5357586/2021/Fin Sec
11/8/2021

കൊല്ലത്തെ കാപ്പക്സിൽ 2019 – സീസണിൽ നാടൻ തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട് ഉയർന്ന ക്രമക്കേടുകളെ തുടർന്ന് അന്നത്തെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ. രാജേഷിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. ടിയാനെതിരെ ഔദ്യോഗികതല അന്വേഷണം നടത്തുന്നതിന് ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ എന്നെ 03.09.2019 -ലെ സ.ഉ.(സാ)നം. 860/2019/വ്യവ പ്രകാരം ഉത്തരവായിരുന്നു. അതിൽ പ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

അജിത് കുമാർ. എ,
ജോയിന്റ് സെക്രട്ടറി,
ധനകാര്യ വകുപ്പ്

Tvpm,
07.01.2020.

To

Dr. K.Ellangovan. IAS
Principal Secretary,
Industries Department.

Received from Dr. Ellango by hand on 10/1/20 & signed and put up

Exh - 51

413

കാപ്പെക്സിൽ നാടൻ തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

445 Ext. 51

കൊല്ലത്തെ കാപ്പെക്സിൽ 2019-ലെ സീസണിൽ നാടൻ തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ട്.

കശുവണ്ടി-സംസ്കരണ-രംഗത്ത് കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ CAPEX – ൽ 2019 – സീസണിൽ നാടൻ തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട് ഉയർന്ന ക്രമക്കേടുകളെ തുടർന്ന് അന്നത്തെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ. രാജേഷിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. ടിയാനെതിരെ ഔദ്യോഗികതല അന്വേഷണം നടത്തുന്നതിന് ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ എന്നെ ചുമതലപ്പെടുത്തി 03.09.2019 – ലെ സ.ഉ(സാ) നം. 860/2019/വ്യവ പ്രകാരം ഉത്തരവായിരുന്നു(അനുബന്ധം-1). അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ പരിശോധനാ വിധേയമാക്കണം എന്നും ഉത്തരവായിരുന്നു.

(i)കാപ്പെക്സിൽ ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാകുന്ന സാഹചര്യം നിലനിൽക്കേ നാടൻ തോട്ടണ്ടി സംഭരിക്കാൻ ഇടയായ സാഹചര്യം.

(ii) കൃഷിക്കാരിൽ നിന്നും നേരിട്ടാണോ തോട്ടണ്ടി വാങ്ങിയത്, എങ്കിൽ കൃഷിക്കാർക്ക് എത്ര രൂപ ലഭ്യമാക്കി.

(iii) വാങ്ങിയ തോട്ടണ്ടിയുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട വസ്തുതകൾ

(iv) എല്ലാ നടപടി ക്രമങ്ങളും പാലിച്ചു കൊണ്ടാണോ തോട്ടണ്ടി വാങ്ങിയത്, എങ്കിൽ തീരുമാനം എടുത്ത തീയതി, കാപ്പക്സിൽ തോട്ടണ്ടി എത്തിയ തീയതി.

(v) ധനപരവും ഭരണപരവുമായ മറ്റനുബന്ധ വിവരങ്ങൾ

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിന്റെ ഭാഗമായി കൊല്ലത്തുള്ള CAPEX – ന്റെ മുഖ്യ കാര്യാലയത്തിലും ഫാക്ടറികളിലും

പരിശോധന നടത്തുകയുണ്ടായി. കൂടാതെ നാടൻ തോട്ടണ്ടി CAPEX -ൽ ലഭ്യമാക്കിയ കാസർഗോഡുള്ള കർഷകരുടെ കശുവണ്ടി കൃഷിയുടെ വിസ്തൃതിയും ലഭ്യതയും മനസ്സിലാക്കുന്നതിനും കശുവണ്ടി എത്തിച്ച സംവിധാനങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും കാസർഗോഡ് ഫീൽഡ് സന്ദർശനവും നടത്തുകയുണ്ടായി. അന്വേഷണത്തിൽ നിന്നും 21.04.2019 നും 08.05.2019 നും ഇടയിൽ CAPEX – ന്റെ കീഴിലുള്ള 10 ഫാക്ടറികളിലായി 449.602 മെടിക് ടൺ നാടൻ കശുവണ്ടി സംഭരിക്കുകയുണ്ടായി. പ്രസ്തുത കശുവണ്ടിയുടെ വിലയായി നിശ്ചയിച്ചിരിക്കുന്നത് 5,90,40,732/- രൂപയാണ്. സർക്കാർ ഉത്തരവിൻ പ്രകാരം അന്വേഷണത്തിൽ പരിശോധനാ വിധേയമാക്കിയ വിഷയങ്ങളുടെ വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

(I) കാപ്പെക്സിൽ ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാകുന്ന സാഹചര്യം നിലനിൽക്കേ നാടൻ തോട്ടണ്ടി സംഭരിക്കാൻ ഇടയായ സാഹചര്യം.

17.03.2018 ലെ സ.ഉ(സാ) നം. 287/2018/വ്യവ നമ്പർ ഉത്തരവ് പ്രകാരം 2017 ലെ അതേ രീതിയിൽ നാടൻ തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/ഫാമുകൾ കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും സംഭരിക്കുന്ന തോട്ടണ്ടിയ്ക്ക് നൽകേണ്ട വില നിർണ്ണയത്തിന് ഒരു വില നിർണ്ണയ സമിതിയെ രൂപികരിച്ച് ഉത്തരവായിരുന്നു (അനുബന്ധം -2). 25.02.2019 – ലെ കൂടിയ വില നിർണ്ണയ സമിതിയുടെ തീരുമാനപ്രകാരം 31.03.2019 വരെയുള്ള കശുവണ്ടി സംഭരിക്കുന്നതിന് കിലോയ്ക്ക് 123/- രൂപ വിലയായി നിശ്ചയിച്ചു(അനുബന്ധം -3). 01.04.2019 മുതലുള്ള വില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ Economics & Statistics വകുപ്പിനെ ചുമതലപ്പെടുത്താനും സമിതി തീരുമാനിച്ചു. അതിൻ പ്രകാരം 16.04.2019 – ലെ MI(2)3747/2019/DES നമ്പർ ഉത്തരവ് പ്രകാരം

01.04.2019 മുതലുള്ള കശുവണ്ടിയുടെ സംഭരണ വില കിലോയ്ക്ക് 123/- രൂപയായി നിശ്ചയിച്ച് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു(അനുബന്ധം - 4). 11.03.2019 – ൽ കൂടിയ 13/18-19 CAPEX ബോർഡ് മീറ്റിംഗിലെ 209-ാം നമ്പർ തീരുമാന പ്രകാരം(അനുബന്ധം-5).പ്ലാന്റേഷൻ കോർപ്പറേഷൻ, ആറളം ഫാം, ജയിൽ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കൂടാതെ കർഷകർ എന്നിവരിൽ നിന്നും നേരിട്ട് വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയായ 123/- രൂപയ്ക്ക് മുൻ വർഷങ്ങളിലേതുപോലെ വാങ്ങുന്നതിന് തീരുമാനം എടുക്കുകയും ആയതിൻ പ്രകാരം 10 ഫാക്ടറികളിലേയും നോട്ടീസ് ബോർഡിലും ഗേറ്റിലും കർഷകരിൽ നിന്നോ സൊസൈറ്റികളിൽ നിന്നോ തോട്ടണ്ടി സർക്കാർ നിശ്ചയിച്ച മേൽ പറഞ്ഞ വിലയ്ക്ക് വാങ്ങുന്നതാണെന്നും ആയതിന് ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ പണം നൽകുന്നതാണെന്നും കാണിച്ച് നോട്ടീസ് പതിച്ച് പരാമവധി തോട്ടണ്ടി, കർഷകർക്ക് ആശ്വാസം ലഭിക്കുന്ന വിധത്തിൽ വാങ്ങുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഒരു കൂട്ടം കർഷകർക്കു വേണ്ടി ശ്രീ. പി. നാരാണയൻ ധർമ്മൻ എന്നയാൾ 26.03.2019 – ലെ കത്തു മുഖാന്തിരം കർഷകരിൽ നിന്നും ശേഖരിച്ച് വച്ചിരിക്കുന്ന 45 മുതൽ 50 ലോഡുവരെ തോട്ടണ്ടി നൽകുവാൻ കഴിയും എന്ന് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി(അനുബന്ധം -6). മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ടി കത്തിന് 03.04.2019 ൽ നൽകിയ മറുപടിയിൽ കർഷകനാണെന്ന് തെളിയിക്കാൻ വില്ലേജ് ഓഫീസറുടെ മുദ്രപത്രത്തിലുള്ള സാക്ഷ്യപത്രം, ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ സമർപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി(അനുബന്ധം -7). ടി കത്തിന് 20.04.2019 ന് ലഭിച്ച മറുപടിയിൽ കർഷകരാണെന്ന് തെളിയിക്കുന്ന കുറച്ചുപേരുടെ സർട്ടിഫിക്കറ്റുകൾ കൃഷിഓഫീസറുടെ പക്കൽ നിന്നും ലഭിച്ചു എന്നും ബാക്കിയുള്ളവരുടെ സർട്ടിഫിക്കറ്റുകൾ ഇലക്ഷൻ

കഴിഞ്ഞ് ലഭ്യമാക്കാം എന്നും കൈവശം ഉള്ള സർട്ടിഫിക്കറ്റുകൾ ആധാരമാക്കി തോട്ടണ്ടി ഇറക്കാൻ ഉത്തരവ് നൽകണം എന്നും ശ്രീ. പി. നാരായണൻ ധർമ്മൻ അറിയിക്കുകയുണ്ടായി(അനുബന്ധം-8). കൂടാതെ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ സുഹൃത്തായ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ ബില്ലിൽ തോട്ടണ്ടി അയച്ചു നൽകാം എന്നും അപ്രകാരം കരാറിൽ ഉൾപ്പെടുത്തണമെന്നും അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ കേരളത്തിൽ ഉത്പാദിപ്പിച്ച പച്ച തോട്ടണ്ടി പരമാവധി 500 MT കാപ്പെക്സസിന്റെ കൊല്ലത്തുള്ള ഫാക്ടറികളിൽ 15.05.2019 ന് മുൻപ് എത്തിക്കണം എന്ന വ്യവസ്ഥയിൽ കാപ്പെക്സ് മാനേജിംഗ് ഡയറക്ടറും Mahsooq Trading Company യുടെ ഉടമയായ ശ്രീ. കെ.എ. മുഹമ്മദ് കുഞ്ഞിയും തമ്മിൽ കരാർ പത്രം ഒപ്പിട്ടുകയുണ്ടായി(അനുബന്ധം -9). കരാറിൽ ഗുണനിലവാരം, വിലനിലവാരം, പാക്കിംഗ്, അൺലോഡിംഗ് , പേയ് മെന്റ് എന്നിവയ്ക്ക് നിബന്ധനകൾ നിഷ്കർഷിച്ചിരുന്നു. കരാർ ഒപ്പിട്ട 20.04.2019 ന തന്നെ ആദ്യ ലോഡ് തോട്ടണ്ടി കാസർഗോഡു നിന്നും ലോറിയിൽ കയറ്റി വിടുകയും ആയത് 21.04.2019 ന് പെരിനാട് ഫാക്ടറിയിൽ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് 08.05.2019 വരെയുള്ള കാലയളവിൽ 449.60 MT തോട്ടണ്ടി കാപ്പെക്സിന്റെ വിവിധ ഫാക്ടറിളിൽ എത്തിക്കുകയുണ്ടായി(അനുബന്ധം - 10).

(ii) കൃഷിക്കാരിൽ നിന്നും നേരിട്ടാണോ തോട്ടണ്ടി വാങ്ങിയത് ? എങ്കിൽ കൃഷിക്കാർക്ക് എത്ര രൂപ ലഭ്യമാക്കി?

സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11.03.2019 ന് കൂടിയ കാപ്പക്സ് ബോർഡ് മീറ്റിംഗ് നം.13/18-19 – ലെ 209-ാം നമ്പർ തീരുമാന പ്രകാരം കർഷകരിൽ നിന്നും നേരിട്ട് തോട്ടണ്ടി സംഭരിക്കാൻ തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 10 ഫാക്ടറികളിലെ നോട്ടീസ് ബോർഡിലും ഗേറ്റിലും കർഷകരിൽ നിന്നോ സൊസൈറ്റികളിൽ നിന്നോ

തോട്ടണ്ടി സർക്കാർ നിശ്ചയിച്ച നിരക്കിൽ വാങ്ങുന്നതാണെന്നും ആയത് ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ പണം നൽകുന്നതാണെന്നും കാണിച്ച് നോട്ടീസ് പതിച്ച് പരമാവധി തോട്ടണ്ടി, കർഷകർക്ക് ആശ്വാസം ലഭിക്കുന്ന വിധത്തിൽ വാങ്ങുവാനും ആയതിന് കാപ്പക്സ് മാതൃകയാകണമെന്നും ബോർഡ് യോഗം തീരുമാനമെടുത്തിരുന്നു. ഇപ്രകാരം നോട്ടീസ് പതിച്ചു പരസ്യം നൽകിയെങ്കിലും വളരെ തുച്ഛമായ അളവിൽ മാത്രമേ അപ്രകാരം തോട്ടണ്ടി ലഭിച്ചിട്ടുള്ളൂ. അതേസമയം കർഷകരുടെ പ്രതിനിധി എന്ന നിലയിൽ എത്തിച്ചേർന്ന ശ്രീ. പി.നാരായണൻ ധർമ്മനും അദ്ദേഹത്തിന്റെ സുഹൃത്തും ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള മലബാർക്ക് വ്യാപാരിയും. പി. ഡബ്ളിയു കോൺട്രാക്ടറുമായ ശ്രീ. മുഹമ്മദ് കുഞ്ഞിയും ചേർന്ന് 449.60 MT തോട്ടണ്ടി കർഷകരിൽ നിന്നും സംഭരിച്ചു എന്ന നിലയിൽ കാപ്പക്സിന്റെ വിവിധ ഫാക്ടറികളിൽ എത്തിക്കുകയുണ്ടായി.

കശുവണ്ടി കർഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകിയ തായന്നൂർ വില്ലേജ് ഓഫീസിലും കോടോം ബേളൂർ കൃഷി ഓഫീസിലും പരിശോധന നടത്തുകയുണ്ടായി. തായന്നൂർ വില്ലേജ് ഓഫീസിൽ നിന്നും 10 കർഷകർക്കു വേണ്ടിയാണ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്(അനുബന്ധം -11). പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. റെജി. എം.ടി എന്നിവരുടെയും ടിയാന്റെ കുടംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും പ്രദേശവാസികളുടെയും ഏകദേശം 28 ഏക്കർ സ്ഥലത്ത് കശുവണ്ടി കൃഷി നടത്തുന്നുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. വില്ലേജ് ഓഫീസർ സാക്ഷ്യപത്രം നൽകിയ അതിൽ ചില കർഷകരുടെ കൃഷി ഭൂമി പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഇവരെല്ലാം ഇടവിളയായി മാത്രം കശുവണ്ടി കൃഷി നടത്തുന്നവരും അതിൽ നിന്നും തുച്ഛമായ അളവിൽ മാത്രം കശുവണ്ടി ലഭിക്കുന്നവരും ആണ്. കർഷകരുടെ കൂട്ടത്തിലുള്ള ശ്രീ. റെജി . എം.ടി ഒരു കശുവണ്ടി വ്യാപാരി കൂടി ആണ്.

455 Ext.-51

കോടോം ബേളൂർ കൃഷി ഭവനിൽ നിന്നും കാപ്പെക്സിനു നൽകുന്നതിനായി ചില വ്യക്തികളുടെ പേരിൽ കശുവണ്ടി കർഷകരാണെന്ന സാക്ഷ്യപത്രങ്ങൾ നൽകുകയുണ്ടായി(അനുബന്ധം -12). അതിൽ മൂന്ന് കർഷകർക്ക് 16/04/2019-നും (കാപ്പക്സിൽ തോട്ടണ്ടി ഇറക്കിയതിനു മുൻപ്) ഒരാൾക്ക് 30.04.2019 നും മറ്റ് മൂന്ന് പേർക്ക് 13.05.2019 നും (കാപ്പക്സിൽ തോട്ടണ്ടി ഇറക്കിയതിനു ശേഷം) ആണ് സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. കശുവണ്ടി കർഷകർ ആണെന്ന് ബോദ്ധ്യപ്പെട്ടിട്ടാണ് സാക്ഷ്യപത്രം നൽകിയതെന്ന് കൃഷി ഓഫീസർ അറിയിച്ചു. 16.04.2019 ന് കൃഷി ഓഫീസർ നൽകിയ സാക്ഷ്യപത്രപ്രകാരം കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ സർവ്വേ നമ്പർ593/1pt804, 593/1pt801 എന്നീ സ്ഥലങ്ങളിൽ 2.34 ഏക്കറിൽ കശുമാവ് കൃഷി ചെയ്യുന്ന കർഷകനാണ് ശ്രീ. വി. നാരായണൻ ധർമ്മൻ. 30/04/2019 ന് കൃഷി ഓഫീസർ നൽകിയ സാക്ഷ്യപത്ര പ്രകാരം ശ്രീ. നാരായണൻ ധർമ്മന്റെ ഭാര്യയായ ശ്രീമതി ഇന്ദിരയ്ക്ക് കോടോം ബേളൂർ ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 593/2 – ൽ 2.50 ഏക്കറിൽ കശുമാവ് കൃഷി ഉണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 13.05.2019 ലെ സാക്ഷ്യപത്ര പ്രകാരം ശ്രീ. നാരായണൻ ധർമ്മന്റെ മകനായ ശ്രീ. ഉണ്ണികൃഷ്ണനും കശുവണ്ടി കൃഷി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇവർക്കുടാതെ മറ്റ് നാല് കർഷകർക്കും കോടോം ബേളൂർ കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കുറ്റിക്കോൽ കൃഷിഓഫീസർ 15/05/2019 ന് ശ്രീ. എം. കുഞ്ഞാമു എന്നയാൾക്ക് 3.38 ഏക്കർ കശുമാവിൻ കൃഷി ഉണ്ടെന്നും സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അന്വേഷണത്തിൽ നിന്നും ശ്രീ. നാരായണൻ ധർമ്മൻ എന്നയാൾ പരപ്പ ടൗണിൽ പലചരക്ക്, മലഞ്ചരക്ക് കച്ചവടക്കാരനാണ്.ടിയാന് സ്വന്തമായി കശുമാവിൻ കൃഷിയുമുണ്ട്. കഴിഞ്ഞ സീസണിൽ 30 ടൺ (3 ലോഡ്) കശുവണ്ടി മാത്രമാണ് Mahsooq Trading Company എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. മുഹമ്മദ് കുഞ്ഞിയ്ക്ക്

നൽകിയിട്ടുള്ളതെന്ന് ടിയാന്റെ കടയിൽ നടത്തിയ അന്വേഷണത്തിൽ അറിയിച്ചു. ഇപ്രകാരം നൽകിയ കശുവണ്ടിയുടെ കുറച്ച് തുക ഇനിയും കിട്ടാനുണ്ടെന്നും ശ്രീ. നാരായണൻ ധർമ്മൻ അറിയിക്കുകയുണ്ടായി.

കാസർഗോഡ് ചെർക്കള എന്ന സ്ഥലത്ത് മേനത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന Mahsooq Trading Company യിൽ (അനുബന്ധം -13) നടത്തിയ വിവര ശേഖരണത്തിൽ നിന്നും മലഞ്ചരക്ക് വ്യാപാരിയും പൊതുമരാമത്ത് കോൺട്രാക്ടറുമായ ശ്രീ. കെ.എ മുഹമ്മദ് കുഞ്ഞിയാണ് ഈ സ്ഥാപനത്തിന്റെ ഉടമ എന്നും കാസർഗോഡ് ജില്ലയിലെ വിവിധ ചെറുകിട വ്യാപാരികളിൽ നിന്നും ശേഖരിച്ച കശുവണ്ടിയാണ് ഇദ്ദേഹം കാപ്പക്സിന് നൽകിയിട്ടുള്ളതെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന കശുവണ്ടിയാണ് കാപ്പക്സിന് നൽകിയിട്ടുള്ളതെന്നാണ് ശ്രീ. കെ.എ. മുഹമ്മദ് കുഞ്ഞി അറിയിച്ചത്. എന്നാൽ കശുവണ്ടി നൽകിയ വകയിൽ തുക നൽകിയതോ നൽകാനുള്ളതോ ആയ കർഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാൻ ടിയാന് സാധിച്ചില്ല. ഇതിൽ നിന്നും വ്യാപാരികളിൽ നിന്നും ശേഖരിച്ച തോട്ടണ്ടിയാണ് ടിയാൻ ലോറികളിൽ കാപ്പക്സിന്റെ ഫാക്ടറികളിൽ എത്തിച്ചതെന്നും കർഷകരിൽ നിന്നും നേരിട്ട് തോട്ടണ്ടി വാങ്ങിയിട്ടില്ലെന്നും ഉള്ള നിഗമനത്തിൽ എത്തിച്ചേരാവുന്നതാണ്.

(iii) വാങ്ങിയ തോട്ടണ്ടിയുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട വസ്തുതകൾ

കേരളത്തിൽ ഉൽപ്പാദിപ്പിച്ച പച്ച തോട്ടണ്ടി കാപ്പക്സിന്റെ ഫാക്ടറികളിൽ എത്തിക്കുന്നതിന് 20.04.2019 – ലെ കരാർ പ്രകാരം കാപ്പക്സ് എം.ഡിയും Mahsooq Trading Company യുടെ ഉടമയായ ശ്രീ. കെ.എ. മുഹമ്മദ് കുഞ്ഞിയും തമ്മിൽ ഒപ്പു വയ്ക്കുകയുണ്ടായി. പ്രസ്തുത കരാർ പ്രകാരം

2019 ഏപ്രിൽ മാസം 30 വരെ ഇറക്കുന്ന തോട്ടണ്ടിയ്ക്ക് 80 കിലോയ്ക്ക് 50 പൗണ്ട് ഔട്ടേണും മേയ് 1 മുതൽ 15 വരെ ഇറക്കുന്ന തോട്ടണ്ടിയ്ക്ക് 80 കിലോയ്ക്ക് 49 പൗണ്ട് ഔട്ടേണും ലഭിക്കണം. ഗുണനിലവാരം നിശ്ചയിക്കുന്നത് വാങ്ങുന്നവരുടെയും വിൽക്കുന്നവരുടെയും സാന്നിദ്ധ്യത്തിൽ R.B.S എന്ന സ്ഥാപനം ആയിരിക്കും എന്നും കരാറിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ കട്ടിംഗ് ടെസ്റ്റിൽ ഔട്ടേൺ യഥാക്രമം 50,49 പൗണ്ടിന് താഴെ ആണെങ്കിൽ പ്രോറേറ്റാ അടിസ്ഥാനത്തിൽ കിലോഗ്രാമിൽ തുക കുറവ് വരുത്തുന്നതാണ് എന്നും നിഷ്കർഷിച്ചിരുന്നു. അതിൻ പ്രകാരം Mahsooq Trading Company എത്തിച്ച തോട്ടണ്ടിയുടെ ഗുണനിലവാര പരിശോധന RBS Maritime Service എന്ന സ്ഥാപനം നടത്തുകയുണ്ടായി. 21.04.2019 മുതൽ 02.05.2019 വരെ എത്തിച്ച തോട്ടണ്ടിയുടെയും 03.05.2019 മുതൽ 08.05.2019 വരെ എത്തിച്ച തോട്ടണ്ടിയുടെയും ഗുണനിലവാരം രണ്ടു ഘട്ടങ്ങളിലായി പരിശോധനയ്ക്ക് വിധേയമാക്കി(അനുബന്ധം-14&15). പ്രസ്തുത പരിശോധനയിൽ 21.04.2019 മുതൽ 02.05.2019 വരെ എത്തിച്ച തോട്ടണ്ടിയുടെയും ഗുണനിലവാരം രണ്ടു ഘട്ടങ്ങളിലായി പരിശോധനയ്ക്ക് വിധേയമാക്കി. പ്രസ്തുത പരിശോധനയിൽ 21.04.2019 മുതൽ 02.05.2019 വരെ എത്തിച്ച തോട്ടണ്ടിയ്ക്ക് 51.63 പൗണ്ട് ഔട്ടേണും 03.05.2019 മുതൽ 08.05.2019 വരെ എത്തിച്ച തോട്ടണ്ടിയ്ക്ക് 51.99 പൗണ്ട് ഔട്ടേണും ഉണ്ടെന്നും തെളിയുകയുണ്ടായി. ആയതിനാൽ Mahsooq Trading Company വഴി എത്തിച്ച നാടൻ തോട്ടണ്ടിയ്ക്ക് കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള ഗുണനിലവാരം ഉണ്ടായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്.

(iv) <u>എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ തോട്ടണ്ടി വാങ്ങിയത്? എങ്കിൽ തീരുമാനം എടുത്ത തീയതി, സപ്ലൈ ഓർഡർ നൽകിയ തീയതി, കാപ്പക്കിൽ തോട്ടണ്ടി എത്തിയ തീയതി</u>

11.03.2019-ൽ കൂടിയ 13/18-19 നമ്പർ കാപ്പക്സ് ബോർഡ്

2019-ൽ 2-ാം വാരം നടന്ന മീറ്റിംഗ്

461 Ext-51

മീറ്റിംഗിലെ 209-ാം നമ്പർ തീരുമാന പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ,ആറളം ഫാം, ജയിൽ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, കൂടാതെ കർഷകർ എന്നിവരിൽ നിന്നും നേരിട്ട് ടെണ്ടർ ഇല്ലാതെ തോട്ടണ്ടി മുൻ വർഷങ്ങളിലേതു പോലെ 2019-ലും വാങ്ങാവുന്നതും ആയതിന് സർക്കാർ വില നിർണ്ണയ സമിതി നിശ്ചയിച്ച 123/- രൂപ നൽകാവുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം 10 ഫാക്ടറികളിലെ നോട്ടീസ് ബോർഡിലും ഗേറ്റിലും കർഷകരിൽ നിന്നോ സൊസൈറ്റികളിൽ നിന്നോ തോട്ടണ്ടി സർക്കാർ നിശ്ചയിച്ച മേൽപറഞ്ഞ വിലയിൽ വാങ്ങുന്നതാണെന്നും ആയത് ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ പണം നൽകുന്നതാണെന്നും കാണിച്ച് നോട്ടീസ് ഇട്ട് പരമാവധി തോട്ടണ്ടി കർഷകർക്ക് ആശ്വാസം ലഭിക്കുന്ന വിധത്തിൽ വാങ്ങുവാനും ആയതിന് കാപ്പക്സ് മാതൃകയാകണമെന്നും ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്തു തുടർന്ന് കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഒരു കൂട്ടം കർഷകർക്കു വേണ്ടി ശ്രീ. പി. നാരാണയൻ ധർമ്മൻ എന്നയാൾ 26.03.2019 – ലെ കത്തു മുഖാന്തിരം കർഷകരിൽ നിന്നും ശേഖരിച്ച് വച്ചിരിക്കുന്ന 45 മുതൽ 50 ലോഡുവരെ തോട്ടണ്ടി നൽകുവാൻകഴിയും എന്ന് മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയുണ്ടായി. മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ടി കത്തിന് 03.04.2019 ൽ നൽകിയ മറുപടിയിൽ കർഷകനാണെന്ന് തെളിയിക്കാൻ വില്ലേജ് ഓഫീസറുടെ മുദ്രപത്രത്തിലുള്ള സാക്ഷ്യപത്രം, ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ സമർപ്പിക്കാൻ ആവശ്യപ്പെട്ടകയുണ്ടായി. ടി കത്തിന് 20.04.2019 ന് ലഭിച്ച മറുപടിയിൽ കർഷകരാണെന്ന് തെളിയിക്കുന്ന കുറച്ചുപേരുടെ സർട്ടിഫിക്കറ്റുകൾ കൃഷിഓഫീസറുടെ പക്കൽ നിന്നും ലഭിച്ചു എന്നും ബാക്കിയുള്ളവരുടെ സർട്ടിഫിക്കറ്റുകൾ ഇലക്ഷൻ കഴിഞ്ഞ് ലഭ്യമാക്കാം എന്നും കൈവശം ഉള്ള സർട്ടിഫിക്കറ്റുകൾ ആധാരമാക്കി തോട്ടണ്ടി ഇറക്കാൻ ഉത്തരവ് നൽകണം എന്നും ശ്രീ. പി. നാരായണൻ ധർമ്മൻ

[A]

463 Ext-51

അറിയിക്കുകയുണ്ടായി. കൂടാതെ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ സുഹൃത്തായ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ ബില്ലിൽ തോട്ടണ്ടി അയച്ചു നൽകാം എന്നും അപ്രകാരം കരാറിൽ ഉൾപ്പെടുത്തണമെന്നും അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ കേരളത്തിൽ ഉത്പാദിപ്പിച്ച പച്ച തോട്ടണ്ടി പരമാവധി 500 MT കാപ്പെക്സസിന്റെ കൊല്ലത്തുള്ള ഫാക്ടറികളിൽ 15.05.2019 ന് മുൻപ് എത്തിക്കണം എന്ന വ്യവസ്ഥയിൽ കാപ്പെക്സ് മാനേജിംഗ് ഡയറക്ടറും Mashsooq Trading Company യുടെ ഉടമയായ ശ്രീ. കെ.എ. മുഹമ്മദ് കുഞ്ഞിയും തമ്മിൽ കരാർ പത്രം ഒപ്പിടുകയുണ്ടായി. കരാറിൽ ഗുണനിലവാരം, വിലനിലവാരം, പാക്കിംഗ്, അൺലോഡിംഗ്, പേയ് മെന്റ് എന്നിവയ്ക്ക് നിബന്ധനകൾ നിഷ്കർഷിച്ചിരുന്നു. [A] കരാർ ഒപ്പിട്ട 20.04.2019 ന തന്നെ ആദ്യ ലോഡ് തോട്ടണ്ടി കാസർഗോഡു നിന്നും ലോറിയിൽ കയറ്റി വിടുകയും ആയത് 21.04.2019 ന് പെരിനാട് ഫാക്ടറിയിൽ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് 08.05.2019 വരെയുള്ള സമയപരിധിയിൽ 449.60 MT തോട്ടണ്ടി കാപ്പെക്സിന്റെ വിവിധ ഫാക്ടറികളിൽ എത്തിക്കുകയുണ്ടായി.എന്നാൽ ഇപ്രകാരം എത്തിച്ച തോട്ടണ്ടി യഥാർത്ഥ കർഷകരിൽ നിന്നും നേരിട്ടു വാങ്ങിയ തോട്ടണ്ടി ആണോ അതോ വ്യാപാരികളിൽ നിന്നും സംഭരിച്ചതാണോ എന്നും ഇങ്ങനെ സംഭരിക്കുന്നത് കൊണ്ട് യഥാർത്ഥ കർഷകർക്ക് ഗുണം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള ആർജ്ജവം കാപ്പെക്സ് മനേജ്മെന്റ് സ്വീകരിച്ചില്ല.

(v) ധനപരവും ഭരണപരവുമായ മറ്റനുബന്ധ വിവരങ്ങൾ

2019-ൽ കേരളത്തിൽ മാത്രം വിളഞ്ഞ തോടോടുകൂടിയ പച്ച തോട്ടണ്ടി പരമാവധി 500MT അല്ലെങ്കിൽ മേയ് 15 വരെ ലഭിക്കുന്നത് വാങ്ങുന്നതിനാണ് 20.04.2019 ലെ കരാർ പത്രം പ്രകാരം സമ്മതിച്ചിരുന്നത്. [B] അതിൻ പ്രകാരം അന്നേ ദിവസം തന്നെ G.S.T ബിൽ തയ്യാറാക്കി

405 Ext - 51

ആദ്യലോഡ് 21.04.2019 ന് കാപ്പക്സിന്റെ പെരിനാട്ട് ഫാക്ടറിയിൽ എത്തിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിലും ലോറികളിൽ വിവിധ ഫാക്ടറികളിലായി തോട്ടണ്ടി എത്തിക്കുകയുണ്ടായി. 08.05.2019- വരെ വിവിധ ഫാക്ടറികളിലായി 42 ലോഡ് പച്ച തോട്ടണ്ടി എത്തിക്കുകയുണ്ടായി. R.B.S ന്റെ കണക്കു പ്രകാരം ഇപ്രകാരം എത്തിയ തോട്ടണ്ടിയുടെ ആകെ അളവ് 449.602 MT ആണ്. വിലനിർണ്ണയ സമിതി അംഗീകരിച്ച സംഭരണ വിലയ്ക്ക് പുറമേ കാപ്പക്സിൽ തോട്ടണ്ടി എത്തിക്കുന്നതിന് ഒരു കിലോയ്ക്ക് 3.50 രൂപ നിരക്കിൽ വണ്ടിക്കൂലിയും കയറ്റുകൂലിയും അനുവദിക്കുകയുണ്ടായി. അങ്ങനെ ഫലത്തിൽ ഒരു കിലോ തോട്ടണ്ടി കാപ്പക്സിൽ എത്തിക്കുന്നതിന് ആകെ 126.50 രൂപ കാപ്പക്സിന് ചിലവഴിക്കേണ്ടി വന്നു. കേരളാ കാഷ്യു ബോർഡ് വഴി ഇറക്കുമതി ചെയ്യുന്ന അസംസ്കൃത കശുവണ്ടിയുടെ വില ക്രമാതീതമായി താഴ്ന്നതിനെ തുടർന്ന് നാടൻ തോട്ടണ്ടിയുടെയും വില കുറയുന്ന ഒരു സാഹചര്യം ഉണ്ടാകുകയും തുടർന്ന് 06.05.2019 ന് കൂടിയ വിലനിർണ്ണയ സമിതി കശുവണ്ടിയുടെ സംഭരണ വില 06.05.2019 മുതൽ കിലോയ്ക്ക് 110/- രൂപയായി നിശ്ചയിക്കുകയുംചെയ്തു(അനുബന്ധം-16). പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 06.05.2019 ന് ശേഷം കാപ്പക്സിൽ എത്തിച്ച നാടൻ തോട്ടണ്ടിയ്ക്ക് കിലോയ്ക്ക് 113.50/- രൂപയാണ് അനുവദിച്ചത്. കണക്കുകൾപ്രകാരം 06.05.2019 ന് ശേഷം എത്തിച്ച തോട്ടണ്ടിയുടെ അളവ് 49645kg ആയിരുന്നു. Mahsooq Trading Company യിൽ നിന്നും എത്തിച്ച 449.602 MT തോട്ടണ്ടിയുടെ ആകെ വിലയായി കണക്കാക്കിയിരിക്കുന്നത് 590.41 ലക്ഷം രൂപയാണ്. ഇതിൽ 25.04.2019 മുതൽ 08.05.2019 വരെയുള്ള കാലയളവിലെ 6 കൈമാറ്റങ്ങളിലൂടെ 472.33 ലക്ഷം രൂപ കമ്പനിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കി 118.08 ലക്ഷം രൂപ കണക്കുകൾ പ്രകാരം നൽകാനുണ്ട്. Mahsooq Trading Company യുടെ പേരിലുള്ള ഇൻഡ്യൻ ബാങ്കിന്റെ കാസർഗോഡ് ശാഖയിൽ നടത്തിയ അന്വേഷണത്തിൽ

469 Ext-51

ലഭിച്ച Bank Statement പ്രകാരം കാപ്പക്സിൽ നിന്നും കൈമാറിയ തുകകൾ കൃത്യമായി അക്കൗണ്ടിൽ എത്തിയിട്ടുണ്ട് (അനുബന്ധം-17). അക്കൗണ്ടിൽ നിന്നും അന്നേ ദിവസങ്ങളിൽ തന്നെ ലക്ഷക്കണക്കിന് രൂപ ചെക്ക് മുഖാന്തിരം പിൻവലിച്ചിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഏതെങ്കിലും കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയതായി കണ്ടെത്താൻ സാധിച്ചില്ല. കരാർ പ്രകാരം 500MT തോട്ടണ്ടി മേയ് മാസം 15-ാം തീയതിയ്ക്കകം കാപ്പക്സിൽ എത്തിക്കണമെന്നായിരുന്നു നിഷ്കർഷിച്ചിരുന്നത്. എന്നാൽ വിലനിർണ്ണയ സമിതി സംഭരണവില കിലോയ്ക്ക് 110/- രൂപയായി നിശ്ചയിച്ചതിനുശേഷം (അതായത് 06.05.2019 മുതൽ) കമ്പനി തോട്ടണ്ടി കയറ്റി അയച്ചിട്ടില്ല. ബിൽ പ്രകാരം അവസാന ലോഡുകൾ കയറ്റി അയച്ചിരിക്കുന്നത് 05.05.2019 ന് ആണ്. സംഭരണ വില കുറച്ചതിനാൽ കരാർ പ്രകാരമുള്ള വില ലഭിക്കില്ലെന്ന് ബോധ്യമായതിനാലാകാം കമ്പനി പിൻമാറിയത് എന്ന് അനുമാനിക്കേണ്ടിരിക്കുന്നു.

(II) മുൻ മാനേജിംഗ് ഡയറക്ടറായ ശ്രീ. ആർ രാജേഷിന്റെ വിശദീകരണം.

അന്വേഷണത്തിന്റെ ഭാഗമായി ആരോപണ വിധേയനായ ശ്രീ. ആർ. രാജേഷിന്റെ വിശദീകരണം ആരാഞ്ഞിരുന്നു. സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാപ്പക്സ് ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായാണ് കർഷകരിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിക്കാൻ തീരുമാനച്ചതെന്നാണ് അദ്ദേഹം വിശദീകരിച്ചത്. പരമാവധി തോട്ടണ്ടി കർഷകരിൽ നിന്നും സംഭരിക്കാനും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ തുക കർഷകർക്ക് നൽകാനും തീരുമാനിച്ചതായി അറിയിച്ചു. ശ്രീ. നാരായണൻ ധർമ്മൻ എന്നയാൾ തോട്ടണ്ടി എത്തിക്കാമെന്ന് അറിയിച്ചപ്പോൾ കർഷകൻ എന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസിൽ

നിന്നോ കൃഷി ഓഫീസിൽ നിന്നോ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടതായും ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ലഭിക്കുന്നതിനായാണ് GST രജസ്ട്രേഷൻ നിഷ്കർഷിച്ചതെന്നും അറിയിക്കുകയുണ്ടായി. കൂടാതെ ശ്രീ. നാരായണൻ ധർമ്മൻ 45-50 ലോഡ് തോട്ടണ്ടി നൽകാമെന്ന് അറിയിച്ച വിവരം ഡയറക്ടർ ബോർഡിൽ അറിയിക്കുകയും 02.05.2019 -ൽ കൂടിയ ബോർഡ് യോഗം പ്രസ്തുത കരാർ ratify ചെയ്ത് അംഗീകരിച്ചു എം.ഡിയെ ചുമതലപ്പെടുത്തിയതായും അറിയിക്കുകയുണ്ടായി. വില്ലേജ് ഓഫീസിൽ നിന്നും കൃഷി ഓഫീസിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം തോട്ടണ്ടി ശേഖരിച്ചതിനാൽ മറ്റ് വിശദാംശങ്ങൾ ഒന്നും പരിശോധിച്ചിട്ടില്ലെന്നും കാസർഗോട്ടുള്ള കർഷകരിൽ നിന്നും 500 ടൺ തോട്ടണ്ടി ശേഖരിക്കാൻ കഴിയും എന്ന് ബോധ്യമുള്ളതായും ടിയാൻ അറിയിക്കുകയുണ്ടായി.

(III) <u>അന്വേഷണത്തിലെ നിരീക്ഷണങ്ങൾ</u>

കേരളത്തിലെ സാധാരണ കശുവണ്ടി കർഷകർക്ക് തോട്ടണ്ടിയുടെ ന്യായവിലയുടെ ഫലം ലഭിക്കണം എന്ന ഉദ്ദേശത്തിലാണ് സർക്കാർ വിലനിർണ്ണയ സമിതിയും കാപ്പക്സ് ഡയറക്ടർ ബോർഡും കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കാൻ തീരുമാനിച്ചത്. അപ്രകാരം പരസ്യം കാപ്പക്സിന്റെ ഫാക്ടറികളിൽ നൽകുകയുണ്ടായി. തുടർന്ന് കർഷകരുടെ പ്രതിനിധിയായി ശ്രീ. നാരായണൻ ധർമ്മൻ എന്നയാൾ കർഷകരിൽ നിന്നും സംഭരിച്ചു വച്ചിരുന്ന 45 മുതൽ 50 വരെ ലോഡ് തോട്ടണ്ടി നൽകാൻ കഴിയുമെന്ന് കത്തിലൂടെ അറിയിക്കുകയും പ്രസ്തുത കത്തിൽ തന്നെ കർഷകർ ആണെന്ന് തെളിയിക്കാൻ വില്ലേജ് ഓഫീസിൽ നിന്നും അഗ്രികൾച്ചർ ഓഫീസിൽ നിന്നും മുദ്രപത്രത്തിൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും GST രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട മറുപടി

കത്തയക്കാൻ മാനേജിംഗ് ഡയറക്ടർ നിദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത കത്തിന് മറുപടിയായി കൃഷി ഓഫീസറിൽ നിന്നും ലഭിച്ച കുറച്ച് കർഷകരുടെ സർട്ടിഫിക്കറ്റുകൾ എത്തിക്കാമെന്നും ബാക്കി കർഷകരുടെ സർട്ടിഫിക്കറ്റുകൾ ഇലക്ഷനു ശേഷം എത്തിയ്ക്കാമെന്നും അദ്ദേഹം അറിയിക്കുകയുണ്ടായി. കൂടാതെ തങ്ങൾക്ക് GST രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ സഹൃത്തായ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ ബില്ലിൽ ലോഡുകളായി തോട്ടണ്ടി എത്തിക്കാമെന്നും അറിയിച്ചു. 20.04.2019- ൽ ശ്രീ. പി. നാരായണൻ ധർമ്മന്റെ പ്രതിനിധിയും Mahsooq Trading Company യുടെ ഉടമയായ ശ്രീ മുഹമ്മദ് കുഞ്ഞിയും നേരിട്ട് എത്തിച്ച കത്തിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം തന്നെ തോട്ടണ്ടി എത്തിക്കാനുള്ള കരാറിൽ മാനേജിംഗ് ഡയറക്ടറും ശ്രീ. മുഹമ്മദ് കുഞ്ഞിയും ഒപ്പുവച്ചു. അന്വേഷണത്തിന്റെ ഭാഗമായി കാസർഗോഡു നടത്തിയ വിവര ശേഖരത്തിൽ നിന്നും മനസ്സിലാക്കിയത് ശ്രീ നാരായണൻ ധർമ്മൻ എന്നയാൾ പരപ്പ ടൗണിൽ പലചരക്ക് മലഞ്ചരക്ക് കച്ചവടക്കാരനാണ്. ഇദ്ദേഹം ഹാജരാക്കിയ സാക്ഷ്യപത്രത്തിലുള്ള ശ്രീമതി. ഇന്ദിര .വി, ശ്രീ. കേളു.വി, ശ്രീ ഉണ്ണികൃഷ്ണൻ എന്നിവർ അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളാണ്. ഇവരുടെയെല്ലാം ഭൂമിയിൽ ഇടവിളയായി കശുമാവ് കൃഷി നിലവിലുണ്ട്. ശ്രീ. നാരായണൻ ധർമ്മനുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ കഴിഞ്ഞ സീസണിൽ 3 ലോഡ് (30 ടൺ) കശുവണ്ടി മാത്രമാണ് Mahsooq Trading Company യ്ക്ക് നൽകിയതെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ കാപ്പക്സിൽ 45-50 ലോഡ് എത്തിക്കാമെന്നാണല്ലോ കത്തിൽ എഴുതിയിരുന്നതെന്ന് സൂചിപ്പിച്ചപ്പോൾ മകൻ ശ്രീ. ഉണ്ണികൃഷ്ണനാണ് അപ്രകാരം എഴുതിയതെന്ന് അദ്ദേഹം മറുപടി പറഞ്ഞു.

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ തായന്നൂർ വില്ലേജ് ഓഫീസിൽ നിന്നും നൽകിയ സാക്ഷ്യപത്രം പ്രകാരം ശ്രീ. റെജി. എം.ടി എന്നയാൾക്കും ടിയാന്റെ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും

പ്രദേശവാസികളുടെയും ഏകദേശം 28 ഏക്കർ സ്ഥലത്തു കശുവണ്ടി കൃഷി നടത്തുന്നുണ്ട്. നേരിട്ട് നടത്തിയ വിവര ശേഖരണത്തിൽ നിന്നും മനസ്സിലായത് ശ്രീ. റെജി. എം.ടി ചെറുകിട കശുവണ്ടി വ്യാപാരിയും ഇടവിളയായി കശുവണ്ടി കൃഷിയുള്ള ഒരു കർഷകനുമാണെന്നാണ്. മറ്റുള്ളവരെല്ലാം ഇടവിളയായി കശുവണ്ടി കൃഷിയുള്ള കർഷകരുമാണ്. ഇവരെല്ലാം കശുവണ്ടി നൽകുന്നത് ശ്രീ. റെജിയ്ക്കാണ്. ഇവരുടെയെല്ലാം കൃഷി ഭൂമിയിൽ നിന്നും ഒരു സീസണിൽ ശേഖരിക്കാൻ കഴിയുന്ന പരമാവധി കശുവണ്ടി ഒരു ടണ്ണിലും താഴെയാണ്. ശ്രീ റെജിയും സംഭരിക്കുന്ന കശുവണ്ടി നൽകുന്നത് ശ്രീ. മുഹമ്മദ് കുഞ്ഞിയ്ക്കാണ്.

കാസർഗോഡ് ചെർക്കളയിൽ പ്രവർത്തിക്കുന്ന Mahsooq Trading Company യുടെ ഉടമയായ ശ്രീ. കെ. എ. മുഹമ്മദ് കുഞ്ഞി ഒരു മലഞ്ചരക്ക് വ്യാപാരിയും പൊതുമരാമത്ത് കോൺട്രാക്ടറുമാണ്. കാസർഗോഡ് ജില്ലയിലെ ചെറുകിട വ്യാപാരികളിൽ നിന്നും ശേഖരിച്ച കശുവണ്ടിയാണ് അദ്ദേഹം കാപ്പെക്സിൽ എത്തിച്ചതെന്ന് അന്വേഷണത്തിൽ നിന്നും മനസ്സിലായി. കർഷകരിൽ നിന്നും നേരിട്ടു തോട്ടണ്ടി ശേഖരിച്ചു എന്ന് തെളിയിക്കാൻ ആവശ്യമായ ഒരു രേഖയും അദ്ദേഹത്തിന്റെ കൈവശം ലഭ്യമല്ലായിരുന്നു. കർഷകർക്ക് അദ്ദേഹം ശേഖരിച്ച കശുവണ്ടിയുടെ വില നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാകാൻ ബാങ്ക് അക്കൗണ്ട് പരിശോധിക്കുകയുണ്ടായി. എന്നാൽ ഇത്ര ആരുടേയും അക്കൗണ്ടിലേയ്ക്ക് കൈമാറിയതായി കണ്ടെത്താൻ കഴിഞ്ഞില്ല. അതേ സമയം കാപ്പെക്സിൽ നിന്നും അക്കൗണ്ടിൽ ഇത്ര എത്തിയ ദിവസം തന്നെ ലക്ഷക്കണക്കിനു രൂപ ക്യാഷായി ചെക്ക് മുഖാന്തിരം പിൻവലിച്ചിരിക്കുന്നതായും ശ്രദ്ധയിൽ പെട്ടു.

വില്ലേജ് ഓഫീസറും കൃഷി ഓഫീസർമാരും നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി കൃഷി ഉള്ള കർഷകരുടെ ഭൂമിയിൽ നിന്നും ശേഖരിക്കാൻ കഴിയുന്ന കശുവണ്ടിയുടെ അളവ് കാപ്പെക്സിൽ എത്തിച്ച കശുവണ്ടിയുടെ അളവുമായി താരതമ്യം ചെയ്താൽ വളരെ

ഉച്ചമാണെന്ന് മനസ്സിലാക്കാൻ കഴിയും. ശ്രീ. നാരായണൻ ധർമ്മൻ മൂന്ന് ലോഡ് (30 ടൺ) കശുവണ്ടി മാത്രമാണ് ശ്രീ. മുഹമ്മദ് കുഞ്ഞിയ്ക്ക് നൽകിയിരിക്കുന്നത്. ശ്രീ. റെജി. എം.ടി എത്ര അളവ് നൽകിയെന്ന് വ്യക്തമാക്കിയിട്ടില്ല. ശ്രീ. മുഹമ്മദ് കുഞ്ഞി കാപ്പക്സിൽ ആകെ 42 ലോഡ് തോട്ടണ്ടിയാണ് എത്തിച്ചിരിക്കുന്നത്. ഇതിൽ നിന്നും വേറെ വ്യാപാരികളിൽ നിന്നും അദ്ദേഹം തോട്ടണ്ടി ശേഖരിച്ച് ലോറികളിൽ കാപ്പക്സിന്റെ ഫാക്ടറികളിൽ എത്തിച്ചതായി മനസ്സിലാക്കാവുന്നതാണ്. ഇങ്ങനെ എത്തിച്ച തോട്ടണ്ടി ഉത്പാദിപ്പിച്ച കർഷകർക്ക് അതിന്റെ ന്യായവില ലഭ്യമായിട്ടില്ല. കർഷകരിൽ നിന്നും കുറഞ്ഞ വിലയ്ക്ക് കശുവണ്ടി ശേഖരിച്ച വ്യാപാരികൾക്ക് സംഭരണ വില ലഭ്യമാകാനുള്ള അവസരം ഉണ്ടാകുകയും ചെയ്യ എന്ന് അന്വേഷണത്തിലൂടെ മനസ്സിലാക്കാൻകഴിഞ്ഞു.

(IV) <u>അന്വേഷണത്തിലെ നിഗമനങ്ങൾ</u>

സാധാരണ കശുവണ്ടി കർഷകർക്ക് പരമാവധി ആശ്വാസം ലഭിക്കണം എന്ന ഉദ്ദേശത്തിലാണ് സർക്കാർ 123/- രൂപയ്ക്ക് കശുവണ്ടി സംഭരിക്കാൻ തീരുമാനിച്ചത്. അതിൻ പ്രകാരമാണ് കാപ്പക്സ് ബോർഡ് 11.03.2019- ൽ കർഷകരിൽ നിന്നും കശുവണ്ടി ശേഖരിക്കാൻ തീരുമാനിച്ചതും. എന്നാൽ കർഷകരിൽ നിന്നും 500 MT തോട്ടണ്ടി ശേഖരിക്കാൻ ബോർഡ് തീരുമാനം എടുത്തിരുന്നില്ല. കരാർ പത്രത്തിൽ 23 കർഷകർ നൽകുന്ന തോട്ടണ്ടി എത്തിക്കുന്നതിനാണ് ശ്രീ. മുഹമ്മദ് കുഞ്ഞിയുമായി മാനേജിംഗ് ഡയറക്ടർ ഒപ്പുവച്ചത്. അവരുടെ കൃഷി ഭൂമിയിൽ നിന്നും ഇത്രയും അളവിൽ തോട്ടണ്ടി ലഭ്യമാകുമോ എന്നുള്ള പരിശോധന മാനേജിംഗ് ഡയറക്ടർ നടത്തിയിട്ടില്ല. ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ മറവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച എന്ന വ്യാജേന വ്യാപാരികൾക്ക് ഗുണം ചെയ്യുന്ന വിധത്തിൽ അമിതമായ അളവിൽ തോട്ടണ്ടി സംഭരിക്കാൻ മാനേജിംഗ് ഡയറക്ടർ ശ്രീ. ആർ രാജേഷ് അവസരം

ഒരുക്കുകയാണ് ചെയ്തിരിക്കുന്നത്. ശ്രീ. ആർ. രാജേഷ് കരാർ പത്രം പ്രകാരം സ്വീകരിച്ച എല്ലാ നടപടി ക്രമങ്ങൾക്കും 02.05.2019 ൽ കൂടിയ കാപ്പക്സ് ബോർഡ് യോഗം ratify ചെയ്ത് അംഗീകരിക്കുകയുണ്ടായി.(അനുബന്ധം -18) ഇപ്രകാരം ബോർഡിന്റെ അംഗീകാരം വാങ്ങിയതിലൂടെ തന്റെ ഭാഗം സുരക്ഷിതമാക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. Mahsooq Trading Company യിൽ നിന്നും 449.60 MT തോട്ടണ്ടി വാങ്ങിയ സമയത്ത് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും 82. 54 MT ഉം ആറളം ഫാമിൽ നിന്നും 112.98 MT ഉം തോട്ടണ്ടി മാത്രമാണ് സംഭരിച്ചിരിക്കുന്നത്(അനുബന്ധം -19). 21.04.2019 ന് ആദ്യ ലോഡ് തോട്ടണ്ടി എത്തിച്ച ശ്രീ. മുഹമ്മദ് കുഞ്ഞി 24.04.2019 ന് മൂന്ന് ലോഡ് തോട്ടണ്ടി കൂടി കാപ്പക്സിൽ എത്തിച്ചു. ഈ നാലു ലോഡ് തോട്ടണ്ടിയുടെ വിലയായി Rs. 53,05,350/- രൂപ 25.04.2019 ന തന്നെ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയുണ്ടായി. 08.05.2019 വരെ എത്തിച്ച മുഴുവൻ തോട്ടണ്ടിയുടേയും 80% വിലയായ 472.33 ലക്ഷം രൂപ 08.05.2019 ന തന്നെ Mahsooq Trading Company യുടെ ബാങ്ക്അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 20% തുകയായ 118.08 ലക്ഷം രൂപ കരാർ പത്രം പ്രകാരം കട്ടിംഗ് ടെസ്റ്റിന്റെ റിസൾട്ടിനുശേഷം മാത്രമേ നൽകാൻ കഴിയുകയുള്ളൂ. തോട്ടണ്ടി നൽകിയ ഇനത്തിൽ കാഷ്യു ബോർഡിന് വൻ തുക കുടിശ്ശിക ആയി നൽകാൻ ഉള്ളപ്പോഴാണ് Mahsooq Trading Company യ്ക്ക് തുക അനുവദിക്കാൻ മാനേജിംഗ് ഡയറക്ടർ തിടുക്കം കാണിച്ചിരിക്കുന്നത്. അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ വിശകലനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് കർഷകരിൽ നിന്നും തോട്ടണ്ടി ന്യായവിലയ്ക്ക് സംഭരിയ്ക്കാൻ സർക്കാർ എടുത്ത തീരുമാനം പൂർണ്ണമായും അട്ടിമറിക്കപ്പെടുകയും കശുവണ്ടി വ്യാപാരികൾക്ക് സുഭരണവില ലഭിക്കുന്നതിന് കാപ്പക്സ് മാനേജിംഗ് ഡയറക്ടർ അവസരം ഒരുക്കുകയും ചെയ്തു എന്നതാണ്.

→

Ext-51

അടുത്ത കശുവണ്ടി സീസണിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനും കശുമാവിൻ കർഷകർക്ക് ന്യായവില ലഭിക്കുന്നത് ഉറപ്പാക്കുന്നതിനായും സഹകരണ വകുപ്പുമായി ചേർന്ന് സഹകരണ സംഘങ്ങൾ വഴി കർഷകരിൽ നിന്നും കശുവണ്ടി സംഭരിക്കാനുള്ള നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

AJITH KUMAR. A
Joint Secretary
Finance Department
Govt. Secretariat
Thiruvananthapuram

തിരുവനന്തപുരം
07.01.2020.

അനുബന്ധം – 1

481 Ext-51

"ഭരണഭാഷ-
മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - ജീവനക്കാരും - കാപ്പെക്സ് - സസ്പെൻഷനിലായ മുൻ എം.ഡി. ശ്രീ. ആർ രാജേഷിനെതിരെ ഔദ്യോഗികതല അന്വേഷണം - ഉത്തരവ് സംബന്ധിച്ച്.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.860/2019/വ്യവ. തീയതി,തിരുവനന്തപുരം, 03/09/2019.

പരാമർശം:- 1 സ.ഉ.(സാ.ധാ.)437/2019/വ്യവ തീയതി 29/05/2019.

ഉത്തരവ്

കാപ്പെക്സ് തോട്ടണ്ടി വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ കണ്ടെത്തിയെത്തിനെ തുടർന്ന് സൂചന ഒന്ന് പ്രകാരം കാപ്പെക്സ് മുൻ എം.ഡി. ശ്രീ. ആർ. രാജേഷിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. ടിയാനെതിരെ ഔദ്യോഗതല അന്വേഷണം നടത്തുന്നതിന് ധനകാര്യ (പി.യു എ & ബി) വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. എ. അജിത് കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണത്തിനു താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പരിശോധന വിധേയമാക്കേണ്ടതാണ്.

1. കാപ്പെക്സിൽ ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാകുന്ന സാഹചര്യം നിലനിൽക്കുന്നോടൻ തോട്ടണ്ടി സംഭരിക്കാൻ ഇടയായ സാഹചര്യം

2. കൃഷിക്കാരിൽ നിന്നും നേരിട്ടാണോ തോട്ടണ്ടി വാങ്ങിയത്; എങ്കിൽ കൃഷിക്കാർക്ക് എത്ര രൂപ ലഭ്യമാക്കി,

3. വാങ്ങിയ തോട്ടണ്ടിയുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട വസ്തുതകൾ

4. എല്ലാനടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ തോട്ടണ്ടി

[illegible] തീയതി, എങ്ങനെ [illegible] തിയതി, സെക്ഷൻ ഓഫീസർ നൽകിയ തിയതി, കാപ്പക്സിൽ തോട്ടണ്ടി എത്തിയ തിയതി

5. ധനപരവും ഭരണപരമായ മറ്റനുബന്ധ വിവരങ്ങൾ

അന്വേഷണ ഉദ്യോഗസ്ഥൻ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് മൂന്ന് മാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.കെ.വിനോദൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ. എ. അജിത് കുമാർ, ജോയിന്റ് സെക്രട്ടറി , ധനകാര്യ (പി.യു.- എ&സി) വകുപ്പ്

ശ്രീ. ആർ. രാജേഷ്, മുൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കാപെക്സ്, കൊല്ലം.

കശുവണ്ടി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസ്.

ഐ & പി ആർ വകുപ്പ് (സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Radhakrishnan

സെക്ഷൻ ഓഫീസർ

485 Ext-51

M.D

28/02/18

കേരള സർക്കാർ

വ്യവസായ വകുപ്പ്- സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ /ഫാമുകൾ ഒഴികെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കുമ്പവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കുന്ന തോട്ടണ്ടിയ്ക്ക് നൽകേണ്ട വില നിർണ്ണയിക്കുന്നതിന് വില നിർണ്ണയ സമിതി രൂപീകരിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ (സാധാ) നം.287/2018 /വ്യവ തിരുവനന്തപുരം, തിയതി : 17/03/2018

പരാമർശം :- 27/01/2017 ലെ സ.ഉ(കൈയ്യെഴുത്ത്) നം.7/2017/വ്യവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

പരാമർശത്തിലെ ഉത്തരവു പ്രകാരം കയർ ഡെവലപ്മെന്റും ടിക്കുജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കേരള ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ കേരള ലിമിറ്റഡ്, സിൽപാം ഇന്ത്യ ലിമിറ്റഡ്, കാഷ്യൂ ഫാം, കോട്ടപ്പാൽ, സി.പി.ഒ, ആളൂർ, ഗാളിമുഖ എന്നി ഫാമുകളിൽ നിന്നും കഴിഞ്ഞ സീസണിൽ ഉല്പാദിപ്പിച്ച തോട്ടണ്ടി കുമ്പവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാനുള്ള അനുമതി നൽകിക്കൊണ്ടും കൃഷി വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ലഭ്യമാക്കുന്ന തോട്ടണ്ടി മാർക്കറ്റ് വില നൽകി വാങ്ങുന്നതിന് കുമ്പവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ പൊതുമേഖലാ സ്ഥാപനങ്ങൾ, ഫാമുകൾ, കർഷകർ, സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും കൂടി തോട്ടണ്ടി സംഭരിക്കുന്നതാണെന്നും പ്രകാരം സംഭരിക്കുമ്പോൾ നൽകേണ്ട വില നിർണ്ണയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചും ഉത്തരവ് നൽകിയിരുന്നു. ഈ ഉത്തരവ് പ്രകാരം നടപ്പു സീസണിലെ തോട്ടണ്ടി സംഭരണമാണ് ബാധകമായിട്ടുള്ളത്.

തോട്ടണ്ടിയുടെ ലഭ്യത സർക്കാരിന്റെ കീഴിലുള്ള കുമ്പവണ്ടി വികസന കോർപ്പറേഷനും കാപെക്സും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2017 ലെ അതേ രീതിയിൽ തുടർന്നും നാടൻ തോട്ടണ്ടി സംഭരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. ഈ സാഹചര്യത്തിൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/ഫാമുകൾ കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കുമ്പവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംഭരിക്കുന്ന തോട്ടണ്ടിയ്ക്ക് നൽകേണ്ട

487

വില നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന വിലനിർണ്ണയ സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്	ചെയർമാൻ
പ്രിൻസിപ്പൽ സെക്രട്ടറി, കുരുവണ്ടി വ്യവസായ [illegible]	മെമ്പർ
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ [illegible] വകുപ്പ്	മെമ്പർ
സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്	മെമ്പർ
സെക്രട്ടറി, ധനകാര്യ വകുപ്പ്	മെമ്പർ
[illegible] ബില്ലാകളക്ടർ	മെമ്പർ
ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ [illegible] ഡയറക്ടർ	മെമ്പർ
ചെയർമാൻ, കുരുവണ്ടി വികസന കോർപ്പറേഷൻ	മെമ്പർ
മാനേജിംഗ് ഡയറക്ടർ,കാപെക്സ്	കൺവീനർ

വിലനിർണ്ണയസമിതി കർഷകർക്കായി കുടിശ്ശിക വില നിശ്ചയിക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ. സുനിൽ കുമാർ
സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി,പട്ടികവർഗ്ഗ [illegible] വകുപ്പ്
സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
മാനേജിംഗ് ഡയറക്ടർ, കുരുവണ്ടി വികസന കോർപ്പറേഷൻ, കൊല്ലം.
മാനേജിംഗ് ഡയറക്ടർ, കാപെക്സ്, [illegible]
സ്പെഷ്യൽ ഓഫീസർ, (കാഷ്യു), [illegible]
എല്ലാ ബില്ലാകളക്ടർമാർക്കും
എല്ലാ ബില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്ക്
എല്ലാ ബില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്

889

Ext-5

പ്രിൻസിപ്പൽ അഡ്മാണ്ടസ്ട്രേറ്റീവ് മാനേജർ (ഡയറക്ടർ, ...) തിരുവനന്തപുരം

അഡ്മാണ്ടസ്ട്രേറ്റീവ് മാനേജർ (ഐ & ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി.ആർ.ഡി വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറ

4559688/2020/IND(BS)

GOVERNMENT OF KERALA

No. K2-[illegible]/2018/IND Industries (K) Department

Dated, Thiruvananthapuram, 01/04/2019

From

The Principal Secretary to Government

To

Sh[illegible] Rajesh Ramakrishnan, MD, KSCDC, Kollam
Shri Rajesh R, MD, Capex, Kollam
Smt. Shiny George, AS, Planning and Economics Affairs Secretariat, Tvm
Shri V Ramachandran, Director General, Economics & Statistics
Shri Madhusoodanan Nair, Joint Secretary, Forest Department
Shri PM Ramachandran, Deputy Collector(LA), Kasargod
Shri Jacob MJ, GM(C), Plantation Corporation, Kottayam
Shri GS Rajath, Deputy Director, Economics & Statistics, Kannur
Shri Praveendran Paleri, Deputy Director Eco. & Statistics, Kasargod
Shri R Sreekumar, Marketing Officer, Aralam Farming Corporation Ltd
Shri Santhoshkumar P, Commercial Manager, Capex, Kollam
Shri Sreelakumar, GM, PCK, Kottayam
Shri Narayanan RK, Accounts Officer, Capex, Kollam

Sir,

I am Industries Department [illegible] meeting held by the RCN price fixation committee headed [illegible] Honourable Committee Chairman (Agricultural Production Com[illegible]ion & Principal Secretary, Agriculture Development and F[illegible]mers Welfare Department) at his chamber on 25/02/19 reg.

I am to invite your attention to the subject cited, and forwarding herewith a copy of the minutes of the meeting for your information and necessary action. (list of participants appended)

Yours faithfully

Riyaz. M

Under Secretary

For Principal Secretary to Government

Approved for issue

Section Officer

193 Ext-51

Minutes of the 2nd meeting held by the RCN price fixation committee headed by the Hon'ble Committee Chairman (Agricultural Production Commissioner &Principal Secretary, Agriculture Development and Farmers Welfare Department), at his chamber on 25.02.19

The meeting started at 11 am. The list of participants is attached here.

The Chairman briefed the decisions of 1st meeting to the members and enquired about the current market feedback from officials of Economics and Statistics Directorate. He has also enquired about the formula to be set up for price fixation.

The Statistics official submitted that though the market rates have gone up initially, it has come down now. At present the market rates from various markets are ranging between Rs.95/- per kg at Kollam market to Rs.120/- per kg at Kasargode district and the state average is currently about Rs.108/-. In the Malabar area, the average price is currently Rs.116/-. In reply to a query of Hon: chairman, the official of the Economics & statistics department has mentioned that price may go up to Rs.130 this year.

The PCK and Aralam Farm representatives have submitted that the current market at Iritty and Kasargode are ranging between Rs.120 to Rs.130. They both have also submitted that the yield this year is expected to be less compared to last year. Aralam farm representative mentioned that their farm is under tribal area and they should be paid in comparison with Iritty market. They expect a price ranging from Rs.125 – Rs.130. PCK has mentioned that they expect production of about 1000 MT only this year. They have to bear the collection expenses and they expect a price of Rs.150/- per kg to meet their breakeven. PCK said that their main income for the whole year is from RCN sales, also requested that the price fixing may be based on the last year's price which would be ideal.

Managing Directors of Capex and KSCDC have submitted that the RCN market is in a downward trend. In the latest concluded tender, KCB has bought 3000 mt Ghana RCN of 50 outturn quality at USD 1445 per MT and the equivalent rupee price per KG is Rs.101.15 per kg, if Rs.4/- added for extra 2 outturn for Kerala RCN, the parity price of Kerala RCN will be Rs.105.15 only. They highlighted that the Ghana RCN price has fallen from USD 1600 to USD 1445 within a week. Both MDs have submitted that cashew kernel prices have also gone down drastically. The price of main produce W 320 is around Rs.6500/- per ton and

495 Ext-51

therefore the RCN price at Rs.110/- level may breakeven for them. KSCDC MD has also brought to the notice of the committee that last year PCK and Aralam were demanding price at Rs.150 level, which was concluded at Rs.138/-. Likewise, this year Aralam is demanding at price level of Rs.130, hence the price may be concluded at Rs.113 level, and any rate beyond Rs.115 will end up in loss for these two PSUs. Both MDs of Capex and KSCDC have submitted that their active e-tenders for Kerala RCN have been extended till 11th March from 28th February, considering the recent price fall in the market. They also have submitted to fix current price at Rs.115 and provide 10% variation in price either way after reviewing. Capex MD mentioned that if government fix a higher price than Rs.115/-, then it will have an impact on the whole domestic market irrespective of area. Capex MD mentioned, the committee may fix price based on the Malabar area average instead of whole Kerala average, so that the farmers will get improved price. Kerala average price will always below since Travancore area RCN has lesser price.

The Finance Planning official has cited the necessity to get good price for farmers. She also cautioned the statistics department to implement correct data collection for the purpose.

Hon'ble Principal Secretary, Industries Dept., has opined that the RCN availability and RCN market will be at peak during the month of March. Last year only one price was fixed for whole season at Rs.138/- after evaluation. He pointed out that since RCN price is comparatively low this year, it would be ideal to fix a rate for the period up to March and review afterwards. Hon: Principal Secretary, Indstries has asked the KSCDC and Capex to increase the sales of more branded cashews to get better price. He also opined that the Economics and statistics department has to play a crucial role in the process of fixing correct price. Hence the statistics wing has to gather market feedback on weekly basis, and report the derived monthly average to KSCDC, Capex, PCK, Aralam officials with a note to Industries and Agricultural departments.

The Hon: Chairman mentioned Rs.150/- price is high when compared with the market. As mentioned in the previous meeting, the Chairman assured good price for certified organic RCN from PCK. Hon: Chairman suggested fixing a price now and giving 6% variation if the price goes up, after reviewing the market by Statistics department would be ideal. He mentioned, statistics department is the Govt agency for the purpose and has to report accurate data periodically.

MD Ext—51

The Chairman and former Chairman have conveyed to KSCDC and Capex that the RCN from PCK and Aralam farms are not having substantial quantity. So the farms may be paid a fair price without much comparison with price of imported RCN.

It is decided in the meeting to fix the price at Rs.123/- for the period till 31.03.2019 and evaluate the market on 29.03.2019 to fix the price for the period from 01.04.2019. For the purpose, the Economics and Statistics department has to collect market data weekly. Saturday to Friday is the week as per market study and hence collect price on all Friday evenings from Hosdurg, Kasargode, Thaliparamba and Thalassery markets, and derive month average from the weekly reports on 29.03.2019 Friday, and inform all the committee members with a copy to Principal Secretaries Agriculture and Industries. If the price has gone up by 6 % from Rs.123/-, then the actual hike % will be applied accordingly and if no change in price or if the price has gone down, then Rs.123 per Kg will remain or continue as such. The Economics and Statistics department has to issue a proceeding in this regard on 30th March 2019 to give effect from 01.04.2019 and circulate among committee members mentioned above. No committee meeting is required to be convened for the purpose.

The meeting concluded at 12.30 P.M.

999 Ext—51

